2017 ഒക്ടോബർ, വില ₹50

# കൂട്

53

പ്രകൃതിയുടെ സ്പന്ദനം



## നാടായ കാട്

മനുഷ്യ - വന്യജീവി സംഘർഷം

9 772348 281007 53

www.koodumagazine.com


Oushadhi
തിളങ്ങുന്ന മുഖകാന്തി
നൈസർഗ്ഗികമായി...
വരട്ടുമഞ്ഞൾ, കസ്തൂരിമഞ്ഞൾ, മല്ലി, മഞ്ചട്ടി,
രാമച്ചം, അമുക്കുരം, വയമ്പ്, ചെറുപയർ,
മുൾട്ടാനിമിട്ടി തുടങ്ങിയ ആയുർവേദ മൂലികകൾ
ഉപയോഗിച്ച് തയ്യാറാക്കുന്ന ഔഷധി ഫേസ്പാക്ക്
നിങ്ങളുടെ മുഖചർമ്മങ്ങളിലെ കറുത്ത പാടുകൾ,
മുഖക്കുരു എന്നിവ അകറ്റി ചർമ്മത്തെ കൂടുതൽ
മിനുസമാർന്നതും തിളക്കമേറിയതുമാക്കുന്നു.
ഔഷധി
ഫേസ്പാക്ക്
MRP
Rs. 96/-
only
Oushadhi
Face Pack
Nature's own way to fairness
The Pharmaceutical Corporation (IM) Kerala Ltd
Kuttanellur, Thrissur-680 014. Ph: 0487-2459377, 2353550 (Off)
Fax: 0487-2351675, 2459378. Email: marketing@oushadhi.org
An ISO 9001:2008 Certified Company
ഔഷധി
ഒരു കേരള സർക്കാർ സ്ഥാപനം
www.oushadhi.org
The largest producer of ayurvedic medicines in public sector of the country

കൂട്
പ്രകൃതിയുടെ സ്പന്ദനം
KOODU NATURE MAGAZINE

പുസ്തകം 5, ലക്കം 6, വില ₹50

പരിസ്ഥിതി, കൃഷി, ആരോഗ്യം തുടങ്ങിയ മേഖലകളിൽ സമഗ്രമായ ഇടപെടൽ

കവർസ്റ്റോറി: മനുഷ്യ-വന്യജീവി സംഘർഷം

10 **സഹവർത്തിത്വത്തിൽ നിന്നും സംഘർഷത്തിലേക്ക്**
എൻ. ബാദുഷ



38 **കുടിയിറക്കപ്പെടും കൂട്ടരേ പറയുവിൻ ഏതു രാഷ്ട്രക്കാർ നിങ്ങൾ?**
പ്രൊഫ. കുസുമം ജോസഫ്





16 **കുരുടന്മാർ കണ്ട ആനയും ചില അവിചാരിത മുഖാമുഖങ്ങളും**
ശ്രീധർ വിജയകൃഷ്ണൻ

24 **ഭയന്നു ജീവിക്കുന്നു, ഭയത്തെ വിളിച്ചു വരുത്തുന്നു**
സുരേന്ദ്ര വർമ്മ

28 **പുലിവാൽ പിടിക്കുക**
വിവേക് മേനോൻ

അഭിമുഖം
32 **മൃഗങ്ങളുടെ സൗന്ദര്യത്തെപ്പറ്റി സംസാരിക്കാം...**
ഡോ. ജോർജ്ജ് ഷാലർ/ ജെന്നിഫർ സ്കാർലറ്റ്

42 **ചിറകടികൾ**
പ്രവീൺ ജെ.





20 **ഇന്ത്യയിലെ മനുഷ്യ-വന്യജീവി സംഘർഷം ഒരു അവലോകനം**
ഡോ. എ.ജെ.ടി. ജോൺസിങ്ങ്, ഡോ. പി.ഒ. നമീർ

44 **സസ്യജാലകം**
വി.സി. ബാലകൃഷ്ണൻ

45 **ശലഭചിത്രങ്ങൾ**
ബൈജു പാലുവള്ളി

45 **കേരളത്തിലെ തുമ്പികൾ**
ഡേവിഡ് വി. രാജു/സി.ജി. കിരൺ

48 **ഉഭയജീവികൾ**
സന്ദീപ് ദാസ്

50 **പ്രശ്നോത്തരി**

# ഒരു പത്തു വർഷത്തിനുള്ളിൽ പ്ലാച്ചിമട സൃഷ്ടിപരമായ പുതിയൊരു സമരത്തിന്റെ ഉത്തമ മാതൃകയായി മാറണം

'പ്ലാച്ചിമട: കോളക്കമ്പനിയുടെ അടപ്പു തെറിപ്പിച്ച സമരം' കവർസ്റ്റോറി അസ്സലായി. 'ചരിത്രം പിന്നോട്ടെഴുതുമ്പോൾ' എന്ന തലക്കെട്ടേ വേണ്ടിയിരുന്നില്ല. 'അടപ്പു തെറിപ്പിച്ച സമര'ത്തിൽ അതെല്ലാം ഉണ്ടായിരുന്നല്ലോ.' കോളയുടെ അടപ്പു തെറിപ്പിച്ച' ആ തലക്കെട്ടു കണ്ടെത്തിയ തലക്ക് ഒരു ഭംഗിയുള്ള തൊപ്പി ഇരിക്കട്ടെ. പ്ലാച്ചിമടയിൽ നിന്ന് കന്നിയമ്മ പറഞ്ഞത് തർജ്ജമ ചെയ്യാതെ കൊടുത്തത് ശരിക്കും ഹൃദയത്തിൽ കൊണ്ടു. ഇത്തരം ലേഖനങ്ങളിൽ അങ്ങനെയാണു വേണ്ടത്. ചില ചിത്രങ്ങൾക്ക് അടിക്കുറിപ്പില്ലാതെ പോയത് വിഷമമായി. പ്രത്യേകിച്ച് പോലീസ് വണ്ടിയിൽ ചിന്താമഗ്നയായിട്ടിരിക്കുന്ന ആ സ്ത്രീ ആരാണെന്നറിയാൻ മോഹമുണ്ടായിരുന്നു. പ്ലാച്ചിമട സമരം ഇത്രയൊക്കെ ആയ സ്ഥിതിക്ക് അതിന്റെ രീതി ഒന്നു മാറ്റിയിരുന്നെങ്കിൽ എന്ന് ഞങ്ങൾ ആഗ്രഹിച്ചുപോകുന്നു. കുടിവെള്ള സ്രോതസ്സുകൾ മലിനമാവുകയും തുടർന്നു വറ്റിപ്പോവുകയും ചെയ്തിടത്തുനിന്നാണല്ലോ പ്ലാച്ചിമടസമരം ഉണ്ടാവുന്നത്. കുടിവെള്ളം ഇല്ലാതായപ്പോൾ അവിടത്തെ ജനങ്ങൾക്ക് ആത്മവീര്യം ഉണ്ടായിവരികയാണല്ലോ ചെയ്തത്. ഇല്ലാതായ കുടിവെള്ളവും കൃഷിയും ജീവിതോപാധികളും മറ്റും ഉണ്ടാക്കിയെടുക്കുവാനുള്ള ദിശയിലേക്കുകൂടി ആ ആത്മവീര്യം ഉണർന്നു പ്രവർത്തിക്കണം. സമരനേതൃത്വം ആ വഴിക്കു ചിന്തിച്ചു പ്രവർത്തിച്ചു കാണുവാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ നടന്നുവരുന്ന സമരങ്ങൾ തുടരുന്നതോടൊപ്പം അവിടത്തെ നഷ്ടപ്പെട്ട വെള്ളം, കൃഷി, മേൽമണ്ണ്, ഇന്ധനം, വീടുവയ്ക്കാനുള്ള സാധനസാമഗ്രികൾ എന്നിവയൊക്കെ പ്ലാച്ചിമടയുടെ മണ്ണിൽ നിന്നു തന്നെ മുളച്ചു പൊന്തണം. അത്തരം ഒരു ഉയർത്തെഴുന്നേല്പു സമരംകൂടി അവിടെ ഉണ്ടാകണം. അതിനുതക്ക അറിവുള്ളവർ പ്ലാച്ചിമടയ്ക്കുവേണ്ടി തയ്യാറാവണം. സന്നദ്ധപ്രവർത്തനം നടത്തണം. അതിനു നേതൃത്വം കൊടുക്കുവാൻ സമരസമിതിക്കു കഴിയണം. യാതൊരു കാരണവശാലും




സർക്കാർ ഫണ്ട് വാങ്ങരുത്. സർക്കാർ വിദഗ്ദ്ധരുടെ നേതൃത്വവും സ്വീകരിക്കരുത്. സന്നദ്ധ സംഘടനകളുടെ ഫണ്ടും അപകടം ചെയ്യും. അവരുടെ വിദഗ്ദ്ധരേയും ഒഴിവാക്കണം. തികച്ചും ജനകീയമായൊരു ഉയർത്തെഴുന്നേല്പുസമരമായിരിക്കണം അത്. മഴവെള്ള സംഭരണം, മഴക്കുഴി നിർമ്മാണം, മേൽമണ്ണു നന്നാക്കിയെടുക്കുവാനുള്ള പ്രവർത്തനങ്ങൾ, കൃഷിപ്പണികൾ, മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ (കയ്യാല കെട്ടലല്ല) ജൈവകൃഷിയിലൂടെ ആരോഗ്യമുള്ള ഭക്ഷണം എന്നിങ്ങനെ പ്ലാച്ചിമടയ്ക്കു സ്വന്തം കാലിൽ നിൽക്കുവാനുതകുന്ന എല്ലാ പ്രവർത്തനങ്ങളും അവിടെ നടക്കണം. ഒരു പത്തു വർഷത്തിനുള്ളിൽ പ്ലാച്ചിമട സൃഷ്ടിപരമായ പുതിയൊരു സമരത്തിന്റെ ഉത്തമ മാതൃകയായി മാറണം. അതിനു കഴിയുമെങ്കിൽ ഞങ്ങൾക്കാവതു ഞങ്ങളും ചെയ്യുമായിരുന്നു. 'കൂട് മാസികയ്ക്ക് ആ ദിശയിൽ വല്ലതും ചെയ്യാനാവുമോ?

*സ്നേഹപൂർവ്വം സാരംഗിൽ നിന്ന്*
***ഗോപാലകൃഷ്ണനും വിജയലക്ഷ്മിയും***

**നിങ്ങളുടെ പ്രതികരണങ്ങൾ ഞങ്ങളെ അറിയിക്കുക**

കൂട് മാസിക, അമ്മൻ കോവിൽ റോഡ്,
കോട്ടപ്പുറം, പൂത്തോൾ പി.ഒ., തൃശ്ശൂർ 680004
koodumasika@gmail.com
facebook.com/KooduMagazine

## വായിക്കേണ്ട വരികൾ

**ആഗോളവത്കരണ-ഉദാരവത്കരണ നയങ്ങളും ഐ.എം.എഫിന്റെ നിർദ്ദേശങ്ങളും ഇന്ത്യൻ കർഷകരുടെ ആത്മഹത്യക്ക് കാരണമായിട്ടുണ്ട്. 20 വർഷത്തിനിടയിൽ 3,21,248 കർഷകർ ആത്മഹത്യ ചെയ്ത രാജ്യത്ത് ഇന്നും കർഷകർ തെരുവിൽ സമരത്തിലാണ്. കർഷക ആത്മഹത്യകൾക്കു പിന്നിൽ നിരവധി ഘടകങ്ങളുണ്ട്. കാലാവസ്ഥാ മാറ്റങ്ങൾ തൊട്ട് ബഹുരാഷ്ട്ര കമ്പനികളുടെ ഇടപെടൽവരെ. പൊതുവിൽ പരിശോധിക്കുമ്പോൾ ഗവൺമെന്റുകളുടെ കാർഷികനയങ്ങളിലെ വൈകല്യങ്ങളാണ് സുപ്രധാന കാരണങ്ങളെന്ന് കണ്ടെത്താൻ സാധിക്കും.**

കെ. സഹദേവൻ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2017 ഒക്ടോബർ 1.



## കവർ ചിത്രം

ബോർണിയൻ ഒറാങ്ങുട്ടാൻ
(Bornean Orangutan)

മനുഷ്യാകാരമുള്ള ആന്ത്രപ്പോയ്ഡുകളാണ് ഒറാങ്ങുട്ടാൻ എന്ന കുരങ്ങുവർഗം. ഗൊറില്ല, ചിമ്പാൻസി, ഗിബ്ബൺ എന്നിവയാണ് ഈ കൂട്ടത്തിലെ ഇതര വർഗങ്ങൾ. രൂപത്തിൽ മാത്രമല്ല, ഘടനാപരമായും ജൈവശാസ്ത്രപരമായും ഒട്ടേറെ സാമ്യങ്ങൾ ഇവക്ക് മനുഷ്യരുമായുണ്ട്. Pongidae കുടുംബത്തിൽപ്പെട്ട ഇവ ബോർണിയൻ ദ്വീപുകളിലാണ് വസിക്കുന്നത്.

Photo/ Jayaprakash Bojan
Cover Design/Acko

# നാടായ കാട്

കാട് നാടുപോലെയായതാണ് ഇന്നിക്കാണുന്ന മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ മുഖ്യകാരണമായി പറയാവുന്നത്. കാട് കൂടുതൽ ശോഷിച്ചുകൊണ്ടിരിക്കുകയും, വനസാമീപ്യങ്ങളിലുള്ള മനുഷ്യന്റെ ഇടപെടലുകൾ അധികരിച്ചുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ ഈ സംഘർഷം സമീപഭാവിയിൽ ലഘൂകൃതമാവുമെന്ന് കരുതുക വയ്യ. നമ്മൾ നിശ്ചയിച്ചിട്ടുള്ള അതിർത്തികൾ വന്യജീവികൾക്ക് ബാധകമല്ലെന്ന യാഥാർത്ഥ്യം ആദ്യം മനസ്സിലുറപ്പിക്കണം. കൂടുതൽ ഹൃദ്യമായ ഭക്ഷണം വനസമീപത്തുള്ള മനുഷ്യവാസകേന്ദ്രങ്ങളിലുണ്ടാവുമ്പോൾ വന്യമൃഗങ്ങൾ സ്വാഭാവികമായും അതു തേടി വരികതന്നെ ചെയ്യും.

കേരളത്തിൽ വയനാടാണ് മനുഷ്യ-വന്യജീവി സംഘർഷങ്ങൾക്ക് കുപ്രസിദ്ധിയാർജ്ജിച്ച പ്രദേശം. മനുഷ്യരുടെ വികാരപരമായ സമരങ്ങളും പ്രതിഷേധങ്ങളും വന്യജീവികളെയും വനംവകുപ്പിനെയും എന്നും പ്രതിക്കൂട്ടിൽ നിർത്തുന്ന തരത്തിൽ സംവിധാനം ചെയ്തവയാണ്. സാധാരണ ജനങ്ങളേക്കാളുപരി സ്ഥാപിത താൽപര്യങ്ങളുള്ള മാഫിയകളാണ് പ്രധാനമായും ഇത്തരം സമരങ്ങൾക്കു നേതൃത്വം നൽകുന്നത്. ഇവരെ തിരിച്ചറിഞ്ഞ് ഒറ്റപ്പെടുത്തുന്നതിനു പകരം മത-രാഷ്ട്രീയ നേതൃത്വങ്ങളും ഇത്തരം സമരങ്ങൾക്ക് പിൻതുണ പ്രഖ്യാപിക്കുന്നതാണ് ഏറ്റവും ദാരുണമായ അവസ്ഥ.

> **മനുഷ്യ-വന്യജീവി സംഘർഷം ഇല്ലാതാക്കുന്നതിനായുള്ള മുൻകരുതലുകളെടുക്കുവാനും പദ്ധതികളാവിഷ്കരിക്കാനും മനുഷ്യനു മാത്രമേ സാധിക്കൂ, അത് ഒരിക്കലും വന്യജീവികൾക്ക് സാധിക്കുന്ന കാര്യമല്ല എന്ന വസ്തുത നാം എക്കാലവും ഓർത്തിരിക്കണം.**

വയനാട്ടിൽ പ്രശ്നത്തിലാകപ്പെടുന്ന കടുവകൾ മിക്കപ്പോഴും കൂട്ടത്തിൽ നിന്നു പുറത്താക്കപ്പെട്ടവരും സ്വന്തമായി ഇരയെ വേട്ടയാടാൻ ശേഷിയില്ലാത്തവരുമാണ്. മാത്രമല്ല വനത്തിനകത്ത് വെള്ളവും ഭക്ഷണവും കുറയുന്നതും ഇവയെ കാടുവിട്ടു നാട്ടിലിറങ്ങാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങളാണ്. ആനകൾ പ്രധാനമായും നെല്ല്, വാഴ, പ്ലാവ്, കരിമ്പ്, തെങ്ങ്, കവുങ്ങ് തുടങ്ങിയവ തേടിയാണ് കാടിറങ്ങുന്നത്. അവയെ അകറ്റി നിർത്താനുള്ള എല്ലാ മാർഗ്ഗങ്ങളും ചിലപ്പോഴെങ്കിലും ഫലം കാണാതിരിക്കുകയും അവ നാട്ടിലിറങ്ങുകയും ചെയ്യുന്നു. കാട്ടുപന്നി, മയിൽ, മുള്ളൻപന്നി കുരങ്ങന്മാർ എന്നിവയും മനുഷ്യരുമായി നിരന്തരം സമ്പർക്കത്തിലും സംഘർഷത്തിലും ഏർപ്പെടുന്നവയാണ്. വന്യജീവികൾക്കുനേരെ ഏറ്റവും ക്രൂരമായ ആക്രമണങ്ങളാണ് ഇപ്പോൾ കേരളത്തിൽ നടക്കുന്നത്. ജെ.സി.ബി. കൊണ്ട് ആക്രമിച്ചു വരെ ആനകളെ കൊല്ലുന്നു. കടുവയേയും പുലിയേയും വെടി വെച്ചും വിഷം വെച്ചും കൊല്ലുന്നു.

പരമ്പരാഗത സഞ്ചാരപഥങ്ങളുടെ വ്യാപകമായ നാശം വന്യജീവികളുടെ പ്രയാണത്തെ വളരെയധികം ബാധിച്ചിട്ടുണ്ട്. വനവിസ്തൃതി ഗണ്യമായി കുറയുന്നത് വന്യജീവികൾ കാടിറങ്ങാനുള്ള ഏറ്റവും പ്രധാന കാരണങ്ങളിലൊന്നാണ്. ഒരു തുണ്ടു വനഭൂമി പോലും നഷ്ടപ്പെടാനില്ലാത്ത ഈ സാഹചര്യങ്ങളിലാണ് കൊടുംകാടുകൾ നശിപ്പിച്ചുകൊണ്ടുള്ള അതിരപ്പിള്ളി വൈദ്യുതപദ്ധതിയെക്കുറിച്ചും ശബരിമല എയർപോർട്ടിനെക്കുറിച്ചും ഭരണാധികാരികൾ തലപുകക്കുന്നത്. വനഭൂമിയിലും കാടിനോടു ചേർന്ന സ്ഥലങ്ങളിലും മേയുന്ന കന്നുകാലികളെ നിയന്ത്രിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഉത്തരവാദിത്തത്തോടെയുള്ള ടൂറിസവും മനുഷ്യ-വന്യജീവി മുഖാമുഖം ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗങ്ങളിലൊന്നാണ്.

കാടിനോടു ചേർന്ന സ്ഥലങ്ങളിലും വന്യജീവികൾക്ക് പഥ്യമായ വിളകളുടെ കൃഷി പരമാവധി ഒഴിവാക്കേണ്ടതാണ്. വനപരിസരത്തുള്ള കർഷകരെക്കൂടി പങ്കാളികളാക്കിക്കൊണ്ടുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്യേണ്ടത്. വനത്തിന്റെ സമീപപ്രദേശങ്ങളിൽ താമസിക്കുന്നവരേയും കൃഷി ചെയ്യുന്നവരേയും നിരന്തരം ബോധവൽക്കരിക്കുകയും വന്യജീവി അക്രമങ്ങൾക്ക് ഇരകളാകുന്നവർക്ക് മതിയായ നഷ്ടപരിഹാരം താമസംവിനാ നൽകുകയും ചെയ്യേണ്ടത് വനം വകുപ്പിന്റെയും പ്രാദേശിക ഭരണനേതൃത്വത്തിന്റേയും ഏറ്റവും പ്രാഥമികമായ ഉത്തരവാദിത്തമാണ്. മനുഷ്യ-വന്യജീവി സംഘർഷം ഇല്ലാതാക്കുന്നതിനായുള്ള മുൻകരുതലുകളെടുക്കുവാനും പദ്ധതികളാവിഷ്കരിക്കാനും മനുഷ്യനു മാത്രമേ സാധിക്കൂ, അത് ഒരിക്കലും വന്യജീവികൾക്ക് സാധിക്കുന്ന കാര്യമല്ല എന്ന വസ്തുത നാം എക്കാലവും ഓർത്തിരിക്കണം. വന്യജീവികളെ കൊല്ലാൻ തുനിഞ്ഞിറങ്ങിയാൽ വളരെ പെട്ടെന്നു തന്നെ അവയെ കൊന്നുതീർക്കാം. പക്ഷേ, ആത്യന്തികമായി അത് ബാധിക്കുന്നത് നമ്മെത്തന്നെയാണെന്നുള്ള തിരിച്ചറിവ് മനുഷ്യർക്കെന്നു ലഭിക്കുന്നുവോ അന്നു മാത്രമേ ഈ സ്ഥിതിക്കു മാറ്റം വരാനുള്ള സാധ്യതയുള്ളൂ.

എഡിറ്റർ

എഡിറ്റർ
**മുരളീധരൻ വി.**

അസോസിയേറ്റ് എഡിറ്റർ
**സി. താജുദ്ദീൻ**

എഡിറ്റർ ഓഫ് ഫോട്ടോഗ്രാഫി
**ഡോ. ഉണ്ണികൃഷ്ണൻ പുളിക്കൽ**
**ദിലീപ് അന്തിക്കാട്**

സബ് എഡിറ്റർ
**സന്ദീപ് ദാസ്**
**വി.കെ. സുനിൽകുമാർ**

ആർട്ട് ഡയറക്ടർ
**അക്കോ**

ഡിസൈനർ
**ജോ തയ്യിൽ**

ടെക്നിക്കൽ സപ്പോർട്ട്
**അബു ബിലാൽ**
**സിവീഷ് ശിവരാമൻ**

ഉപദേശക സമിതി
**പ്രൊഫ. ഇ. കുഞ്ഞികൃഷ്ണൻ**
**ഡോ. പി.എസ്. ഈസ**
**ഡോ. പി.ഒ. നമീർ**
**ഡോ. മുഹമ്മദ് ജാഫർ പാലോട്ട്**
**പ്രവീൺ ജെ**
**സുഹാസ് കേച്ചേരി**

പ്രതിനിധികൾ
ഖത്തർ: **നൗഫൽ പതരി**
യു.എ.ഇ: **സേതുമാധവൻ**, **ഫൈസൽബാവ**
ബഹ്റൈൻ: **പ്രേംജിത്ത് നാരായണൻ**, **സുനിൽ ഓണംകുളം**

Volume 5, Issue 6
**Kootu Prakrithiyude Spandanam**
October 2017

Printed and Published by Muraleedharan V., Veluthamessery, Cheruvaloor P.O., Thrissur 680308, on behalf of Muraleedharan V., and Printed at Nirmala HiPrint, Ayyanthole, Thrissur and published at Amman Kovil Road, Kottappuram, Poothole PO, Thrissur District, Kerala 680004

**കൂട് മാസിക, അമ്മൻ കോവിൽ റോഡ്**
**കോട്ടപ്പുറം, പൂത്തോൾ പി.ഒ., തൃശ്ശൂർ 680004**
+91 9495504602
koodumasika@gmail.com
koodumasika.com

കൂടിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളുടെ ആശയങ്ങളും അഭിപ്രായങ്ങളും ലേഖകരുടേത് മാത്രം. പരസ്യങ്ങളിലെ അവകാശവാദങ്ങൾക്ക് കൂട് മാസിക ഉത്തരവാദിയായിരിക്കില്ല.

PICK OF **THE PIX**





## കളി കടുവയോടോ...?!

ഇവനോളം ഗാംഭീര്യവും സൗന്ദര്യവുമുള്ളൊരു മൃഗം വേറെയുണ്ടോ എന്നു സംശയം. മാർജ്ജാരവംശത്തിലെ ഏറ്റവും വലിയവൻ. ഇന്ത്യയിൽ കടുവകളെ സംരക്ഷിക്കുന്നതിലൂടെ കാട്ടിലെ സകല മൃഗങ്ങളെയുമാണ് സംരക്ഷിക്കുന്നത്. ആറു കിലോമീറ്റർ വരെ നീന്താനും, അഞ്ചു മീറ്റർ നീളത്തിൽ വരെ ചാടാനും, 300 കിലോയിലധികം ഭാരവുമായി രണ്ടാൾപ്പൊക്കം വരെ കയറാനും കഴിവുള്ള ഇവയെക്കുറിച്ച് വേറെന്തു വിശേഷണം വേണം?

**Photo: Clement Francis**

---

**Camera:** Nikon 4D , **Lens:** 500mm f4, **Shutter Speed:** 1/500sec,
**Aperture value:** f/8, **ISO speed:** 400, **Focal Length:** 500 mm



**കേരളത്തിലെ വന്യജീവി സങ്കേതങ്ങൾ**

| നം. | പേര് | വിസ്തീർണം ച.കി.മീ. | സ്ഥാപിതം |
|---|---|---|---|
| 1 | പെരിയാർ | 925 | 1950 |
| 2 | നെയ്യാർ | 128 | 1958 |
| 3 | പീച്ചി-വാഴാനി | 125 | 1958 |
| 4 | പറമ്പിക്കുളം | 643.66 | 1973 |
| 5 | വയനാട് | 344.44 | 1973 |
| 6 | ഇടുക്കി | 70 | 1976 |
| 7 | പേപ്പാറ | 53 | 1983 |
| 8 | തട്ടേക്കാട് പക്ഷിസങ്കേതം | 25 | 1983 |
| 9 | ശെന്തുരുണി | 171 | 1984 |
| 10 | ചിന്നാർ | 90.44 | 1984 |
| 11 | ചിമ്മിനി | 85 | 1984 |
| 12 | ആറളം | 55 | 1984 |
| 13 | മംഗളവനം | 0.0274 | 2004 |
| 14 | കുറിഞ്ഞിമല സാങ്ച്വറി | 32 | 2006 |
| 15 | ചൂലന്നൂർ മയിൽസങ്കേതം | 3.420 | 2007 |
| 16 | മലബാർ സാങ്ച്വറി | 74.215 | 2009 |
| 17 | കൊട്ടിയൂർ | 30.379 | 2011 |

# കേരളത്തിലെ ദേശീയോദ്യാനങ്ങൾ

1972-ൽ പ്രാബല്യത്തിൽ വന്ന കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിലെ മാർഗനിർദ്ദേശങ്ങളനുസരിച്ച് കേരളത്തിൽ അഞ്ച് ദേശീയോദ്യാനങ്ങളാണുള്ളത്. ഇതിൽ ആദ്യത്തേത് 1978-ൽ സ്ഥാപിതമായ ഇരവികുളം നാഷണൽ പാർക്കാണ്. ഇടുക്കി ജില്ലയിൽ 97 ച.കി.മീ. വിസ്തൃതിയിൽ സ്ഥിതി ചെയ്യുന്ന ഈ ഉദ്യാനം മൂന്നാർ വൈൽഡ്ലൈഫ് ഡിവിഷന്റെ ഭാഗമാണ്. വരയാടുകളുടെ സംരക്ഷണം മുൻനിർത്തിയാണ് ഇത് സ്ഥാപിതമായിട്ടുള്ളത്. 1984-ൽ സ്ഥാപിതമായ സൈലന്റ്‌വാലി നാഷണൽ പാർക്ക് സൈലന്റ്‌വാലി വൈൽഡ്ലൈഫ് ഡിവിഷനിലാണ് സ്ഥിതി ചെയ്യുന്നത്. 237.52 ച.കി.മീ. വിസ്തൃതിയുള്ള ഈ ദേശീയോദ്യാനം മഴക്കാടുകളുടെ സംരക്ഷണം ലക്ഷ്യമാക്കിയാണ് സ്ഥാപിതമായിട്ടുള്ളത്. അവശേഷിക്കുന്ന മൂന്ന് നാഷണൽ പാർക്കുകളും സ്ഥാപിതമായിട്ടുള്ളത് 2003-ലാണ്. 7.5 ച.കി.മീ. വിസ്തൃതിയുള്ള ആനമുടി ഷോല ദേശീയോദ്യാനം, 12.817 ച.കി.മീ. വിസ്തീർണമുള്ള മതികെട്ടാൻഷോല ദേശീയോദ്യാനം, 1.318 ച.കി.മീ. മാത്രം വിസ്തൃതിയുള്ള പാമ്പാടുംഷോല ദേശീയോദ്യാനം. ഇവ മൂന്നും മൂന്നാർ വൈൽഡ്ലൈഫ് ഡിവിഷനിലാണ് സ്ഥിതി ചെയ്യുന്നത്.

**കേരളത്തിലെ വനങ്ങൾ**

| നം. | ഇനം | വിസ്തീർണം ച.കി.മീ. | ശതമാനം |
|---|---|---|---|
| 1 | നിത്യഹരിതവനം Tropical Wet Evergreen and Semi Evergreen | 3,877.441 | 34.28 |
| 2 | നനവാർന്ന ഇലപൊഴിയും കാട് Tropical Moist Deciduous | 3,615.984 | 31.97 |
| 3 | അർദ്ധ നനവാർന്ന ഇലപൊഴിയും കാട് Tropical Dry Deciduous | 391.363 | 3.46 |
| 4 | ഷോലക്കാടുകൾ Montane sub-tropical temperate forests (Sholas) | 386.421 | 3.42 |
| 5 | വനവൃക്ഷ തോട്ടങ്ങൾ Plantations | 1,549.503 | 13.70 |
| 6 | പുൽമേടുകൾ Montane grasslands | 501.086 | 4.43 |
| 7 | മറ്റുള്ളവ | 987.675 | 8.73 |
| | ആകെ | 11,309.475 | |

അവലംബം: കേരള വനംവകുപ്പ് ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ് 2016



Dileep Anthikad

## വയനാട്ടിലെ മനുഷ്യ-വന്യജീവി സംഘർഷം:

# സഹവർത്തിത്വത്തിൽ നിന്നും സംഘർഷത്തിലേക്ക്



എൻ. ബാദുഷ


Aneesh Sankarankutty

കണ്ണൂർ അക്രമ രാഷ്ട്രീയത്തിന്റെയും, ഇടുക്കി കയ്യേറ്റ രാഷ്ട്രീയത്തിന്റേയും പേരിലാണ് വാർത്തകളിൽ ഇടംപിടിക്കാറെങ്കിൽ വയനാട് മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ പേരിലാണ് മാധ്യമങ്ങളിൽ ഇടംപിടിക്കാറ്. സ്വർഗ്ഗത്തിൽ നിന്നെവിടെ നിന്നോ പറന്നു വന്ന് തിരികെ പോകാൻ മറന്നു പോയതാണ് വയനാടെന്ന് പണ്ടാരോ പറഞ്ഞിട്ടുണ്ട്. കാടും കുളിരും നനവും മഴയും ഹരിതശാദ്വലതകളും നീരരുവികളും വയനാടിനെ സമ്പന്നമാക്കിയിരുന്ന കാലമുണ്ടായിരുന്നു. ഇന്ന് കാടൊഴിഞ്ഞ, കുളിരൊഴിഞ്ഞ, മഴയൊഴിഞ്ഞ വന്ധ്യമായ നീർച്ചാലുകളുള്ള ഒരു ഊഷരഭൂമിയാണ് വയനാട്. ആസ്സാമിലെ കാസിരംഗ നാഷണൽപാർക്ക് കഴിഞ്ഞാൽ ഇന്ത്യയിൽ ഏറ്റവുമധികം വന്യജീവി-മനുഷ്യ സംഘർഷം ഉള്ളത് ഇവിടെയാണ്.

കഴിഞ്ഞ കാൽനൂറ്റാണ്ടിനിടയിൽ മുന്നൂറോളം മനുഷ്യരെങ്കിലും വയനാട്ടിൽ മനുഷ്യ-വന്യജീവി സംഘർഷത്തിൽ മരണപ്പെട്ടിട്ടുണ്ട്. പ്രതിവർഷം അനേകം കോടി രൂപയാണ് നഷ്ടപരിഹാരമായി നൽകിവരുന്നത്. യഥാർത്ഥ നഷ്ടത്തിന്റെ വളരെ ചെറിയ ഒരംശം മാത്രമേ നൽകുന്നുള്ളൂവെന്നും നാമോർക്കണം. വന്യജീവികൾക്കുണ്ടാകുന്ന നാശം അവിശ്വസനീയമാം വിധം വലുതാണ്. വയനാട്ടിൽ കഴിഞ്ഞ 40 വർഷമായി പരിസ്ഥിതി സംരക്ഷണത്തിന് വേണ്ടി പ്രവർത്തിച്ച വ്യക്തിയെന്ന നിലയിൽ ഒട്ടും അതിശയോക്തി കൂടാതെ ഞാൻ പറയും, ആയിരത്തിലധികം കാട്ടാനകൾ ഇവിടെ കൊല്ലപ്പെട്ടിട്ടുണ്ടെന്ന്. മറ്റു വന്യജീവികളുടെ എണ്ണം നിശ്ചയിക്കുക അസാധ്യമാണ്. കഴിഞ്ഞ പന്ത്രണ്ട് മാസത്തിനിടയിൽ വൈദ്യുതാഘാതമേറ്റ് മാത്രം ചരിഞ്ഞ വയനാട്ടിലെ ആനകളുടെ എണ്ണം ഇരുപതിലധികമാണ്. പന്നികളുടേയും കുരങ്ങുകളുടേയും മാനുകളുടേയും എണ്ണം ഇതിന്റെ പതിന്മടങ്ങാണ്. വയനാട്ടിലിപ്പോൾ ആനയും പന്നിയുമായി മാത്രമല്ല മനുഷ്യനു സംഘർഷമുള്ളത്. കുരങ്ങനും, മാനും, മലയണ്ണാനും, മയിലും ഒക്കെയായി മനുഷ്യൻ സംഘർഷത്തിലാണ്. നാൾക്കുനാൾ അത് വർദ്ധിച്ചുവരികയുമാണ്. സംരക്ഷണത്തിന് ഉത്തരവാദിത്വമുള്ളവരുടെ നിസ്സംഗതയാണ് ഏറെ ഭീതിജനകം. വയനാട്ടിലിപ്പോൾ വനംവകുപ്പിലെ താഴേത്തട്ടിലുള്ള ജീവനക്കാർ മുതൽ ഉന്നത ഉദ്യോഗസ്ഥർ വരെ ആത്മാഭിമാനത്തോടെ ജോലിചെയ്യാൻ ഭയപ്പെടുന്ന കാലമാണ്. ആഴ്ചയിൽ ഒരു തവണയെങ്കിലും വനംവകുപ്പുദ്യോഗസ്ഥരെ ബന്ദികളാക്കിയതിന്റെയോ കയ്യേറ്റം ചെയ്തതിന്റേയോ വാർത്തകൾ ഇല്ലാതെ പത്രങ്ങൾ പുറത്തിറങ്ങാറില്ല. പത്രങ്ങളുടെ പ്രാദേശിക കോളങ്ങൾ 'വന്യജീവി അതിക്രമങ്ങൾ' കൊണ്ട് നിറഞ്ഞതായിരിക്കും. വനംവകുപ്പുദ്യോഗസ്ഥരെ തടഞ്ഞുവച്ച് ജനക്കൂട്ടത്തിന്റെ ഇംഗിതങ്ങൾ ബലമായി അംഗീകരി

പ്പിക്കുന്നത് നിത്യസംഭവമാണ്. അവർ നിരന്തരമായ ആക്ഷേപങ്ങൾക്കും ഇരയാവുന്നു. പരിസ്ഥിതി പ്രവർത്തകരെ ആക്ഷേപിക്കുന്നതിന് ജനക്കൂട്ടത്തിന് പ്രത്യേക മിടുക്ക് തന്നെയുണ്ട്. അവരെ മർദ്ദിക്കാൻ കിട്ടുന്ന അവസരങ്ങൾ ഒന്നും തന്നെ പാഴാക്കുകയുമില്ല.

ആനയോ കടുവയോ ആളുകളെ കൊല്ലുകയോ പരിക്കേൽപ്പിക്കുകയോ ചെയ്യുന്നതോടെ ജനക്കൂട്ടം ഇളകിയിറങ്ങുന്നു. ഇവർക്ക് നേതൃത്വം നൽകുന്നത് തക്കം പാർത്തിരിക്കുന്ന, വനവുമായി ബന്ധപ്പെട്ട കേസുകളിലെ സ്ഥിരം കുറ്റവാളികളായ ക്രിമിനലുകളാണ്. സമീപകാലത്തായി റിസോർട്ട്-ഖനന മാഫിയകളുടെ കങ്കാണികളും സജീവമായി രംഗത്തെത്തി എരിതീയിൽ എണ്ണയൊഴിച്ച് അപ്രത്യക്ഷരാകാറുണ്ട്. വിവരമറിയുന്നതോടെ രാഷ്ട്രീയ നേതാക്കൾ പാഞ്ഞെത്തുകയായി. മതനേതാക്കളും സജീവമാകും. എല്ലാവരും കൂടെ വനംവകുപ്പ് ഉദ്യോഗസ്ഥരെ ബന്ധികളാക്കും. പോലീസ് നോക്കുകുത്തികളാകും. നാഷണൽ ഹൈവേകൾ അടക്കമുള്ള റോഡുകൾ ദിവസങ്ങളോളം ഉപരോധിക്കപ്പെടും. വനം

**നൂൽപ്പുഴയിൽ, വയനാട് പ്രകൃതിസംരക്ഷണ സമിതിയുടെ രൂപീകരണത്തിൽ കലാശിച്ച കേരളത്തിലെ വനസംരക്ഷണത്തിനായുള്ള ആദ്യത്തെ ജനകീയ പ്രക്ഷോഭമില്ലായിരുന്നെങ്കിൽ വയനാടൻ കാടുകൾ ഏതാണ്ട് മുഴുവൻ മരുഭൂമിക്കു സമാനമായ ഏകവിള തോട്ടങ്ങൾ മാത്രമായി അവശേഷിക്കുമായിരുന്നു.**



വകുപ്പാഫീസുകൾ തകർക്കപ്പെടും. പരിസ്ഥിതി പ്രവർത്തകർ മർദ്ദിക്കപ്പെടും. മാധ്യമപ്രവർത്തകർ പോലും ഒഴിവാക്കപ്പെടുകയില്ല. അവസാനം ഒത്തുതീർപ്പ് സംഭാഷണമായി. അസംബന്ധജഡിലമായ ഒത്തുതീർപ്പ് വ്യവസ്ഥകളുണ്ടാക്കി സംതൃപ്തരായ ജനക്കൂട്ടം പിരിയുകയും രാഷ്ട്രീയ-മത നേതാക്കൾ വീടുപൂകുകയും ചെയ്യും. അടുത്ത ഊഴം വരെ ഒന്നും ചെയ്യാതെ മറ്റു വ്യാപാരങ്ങളിൽ മുഴുകി അവർ കാലം കഴിക്കുകയും ചെയ്തുകൊണ്ടിരിക്കും. മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ അടിസ്ഥാന പ്രശ്നങ്ങളോ അതു പരിഹരിക്കാനുള്ള മാർഗ്ഗങ്ങളോ അവരുടെ ചിന്തയിൽ ഒരിക്കലും ഇടം പിടിക്കാറില്ല. അത് അവരുടെ സ്വാസ്ഥ്യം കെടുത്താറുമില്ല. അഞ്ചു വർഷം മുൻപ് ഒരു കടുവ നാട്ടിലിറങ്ങി കന്നുകാലികളെ ആഹാരമാക്കാൻ തുടങ്ങിയതിനെ തുടർന്ന് വയനാടാകെ 'മാസ്ഹിസ്റ്റീരിയ' പിടിപെട്ട് ജ്വരബാധിതരായി ഉറഞ്ഞുതുള്ളുകയായിരുന്നു. മുഖ്യമന്ത്രിയും പാർലമെന്റു മെമ്പറും ബിഷപ്പുമൊക്കെ സ്ഥലത്തെത്തി ജനക്കൂട്ടത്തെ സന്തോഷിപ്പിച്ച് സംതൃപ്തരായി തിരിച്ചുപോയി. ബിഷപ്പുമാർ നടത്തുന്ന സ്കൂളുകളിലെ നഴ്സറി കുട്ടികളെ വരെ തെരുവിലിറക്കി കടുവക്കെതിരെ മുദ്രാവാക്യം മുഴക്കി പ്രകടനം നയിക്കുകയുണ്ടായി. വനത്തിനും വന്യജീവികൾക്കുമെതിരെ ആവോളം വിദ്വേഷപ്രസ്താവനകളിറക്കി. ഇവരാരും തന്നെ യഥാർത്ഥ രോഗമെന്തെന്നുമാത്രം ചിന്തിച്ചതേയില്ല. അവർക്കതിന് നേരവുമില്ല.

വയനാടിന്റെ ഇന്നത്തെ ദുരവസ്ഥക്ക് ആരാണ് ഉത്തരവാദികൾ? നിസ്സംശയമായും സംസ്ഥാന ഭരണകൂടം തന്നെ. 1957 മുതൽ കേരളം മാറി മാറി ഭരിച്ച മുഴുവൻ സർക്കാരുകളും അവർക്ക് നേതൃത്വം നൽകിയ രാഷ്ട്രീയ പാർട്ടികളും മാത്രമാണ് ഉത്തരവാദികൾ. വയനാട്ടിൽ മൂന്ന് ഫോറസ്റ്റ് ഡിവിഷനുകളാണുള്ളത്. വയനാട് വന്യജീവി കേന്ദ്രം, നോർത്ത് വയനാട്, സൗത്ത് വയനാട് എന്നിവയാണവ. മൊത്തം വനഭൂമിയുടെ വിസ്തൃതി ഒരു ലക്ഷം ഹെക്ടറിൽ അൽപം അധികം വരും. ഇതിൽ ഏതാണ്ട് 30,000 ഹെക്ടർ, അതായത് മൂന്നിൽ ഒന്ന് ഏകവിള തോട്ടങ്ങളാണ്. തേക്ക്, യൂക്കാലിപ്റ്റസ്, അക്വേഷ്യ, മഹാഗണി എന്നു വേണ്ട കാപ്പിയും കുരുമുളകും വരെയുണ്ട് ഇക്കൂട്ടത്തിൽ. 1973-ൽ നിലവിൽ വന്ന വയനാട് വന്യജീവിസങ്കേതത്തിൽ, 1980-ൽ നൂൽപ്പുഴയിൽ നടന്ന ക്ലിയർഫെല്ലിംഗിനെതിരെയുള്ള വൻപ്രക്ഷോഭം വരെയുള്ള എട്ടു വർഷത്തിനിടെ ആയിരക്കണക്കിനേക്കർ നിബിഡ വനങ്ങളാണ് വെട്ടിവെളുപ്പിച്ച് യൂക്കാലിപ്റ്റസും തേക്കും വച്ചുപിടിപ്പിച്ചത്. 344.44 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള വന്യജീവി സങ്കേതത്തിന്റെ 100 ച.കി.മീ. ഏകവിളത്തോട്ടങ്ങളാണ്. വന്ധ്യമായ, വരണ്ടുവിണ്ട, പുല്ലുപോലും അടിയിൽ മുളക്കാത്ത തേക്ക്-യൂക്കാലി തോട്ടങ്ങൾ. നൂൽപ്പുഴയിൽ, പിന്നീട് വയനാട് പ്രകൃതിസംരക്ഷണ സമിതിയുടെ രൂപീകരണത്തിൽ കലാശിച്ച കേരളത്തിലെ വനസംരക്ഷണത്തിനായുള്ള ആദ്യത്തെ ജനകീയ പ്രക്ഷോഭമില്ലായിരുന്നെങ്കിൽ വയനാടൻ കാടുകൾ ഏതാണ്ട് മുഴുവൻ മരുഭൂമിക്കു സമാനമായ ഏകവിള തോട്ടങ്ങൾ മാത്രമായി അവശേഷിക്കുമായിരുന്നു. ബന്ദിപ്പൂർ, മുതുമലൈ, നാഗർഹൊളെ എന്നീ വന്യജീവി കേന്ദ്രങ്ങളുമായി ഉരുമ്മിക്കിടക്കുന്ന വയനാട് വന്യജീവി കേന്ദ്രത്തിലെ ഏകവിളത്തോട്ടങ്ങൾ, അവകളുടെ 'കോർ ഏരിയ' വരെ എത്തിനിൽക്കുന്നു.

ജൈവവൈവിധ്യങ്ങളുടെ ഈറ്റില്ലമായ നിബിഡവനങ്ങൾ വെട്ടിവെളുപ്പിച്ച് വനംവകുപ്പ് വച്ചുപിടിപ്പിച്ച ഏകവിളത്തോട്ടങ്ങൾ കാടുകൾ നിർവ്വഹിക്കുന്ന പരിസ്ഥിതി ധർമ്മങ്ങൾ ഒന്നും തന്നെ നിറവേറ്റാൻ കെൽപ്പില്ലാത്ത മരുഭൂമിക്കു സമാനവും ഊഷരവുമായ വന്ധ്യഭൂമികളാണ്. ഏകവിളത്തോട്ടങ്ങൾക്കുള്ളിൽ മറ്റെല്ലാ സസ്യങ്ങളും 'കളകൾ' മാത്രമാണ്. അവയൊക്കെ നിശ്ശേഷം തുടച്ചുമാറ്റപ്പെടുന്നു. യൂപ്പിറ്റോറിയം (കമ്മ്യൂണിസ്റ്റ് പച്ച), ലന്റാന (അരിപ്പൂ) എന്നിവകൊണ്ട് മിക്ക തോട്ടങ്ങളും നിറഞ്ഞിരിക്കും. ഇപ്പോൾ ഭീതിപ്പെടുത്തുന്നവിധം മറ്റൊരു അധിനിവേശസസ്യം കൂടി എത്തിയിരിക്കുന്നു. സെന്ന സ്പെക്റ്റാബിലിസ് (*Senna spectabilis*) എന്ന മഞ്ഞക്കൊന്നയാണിത്. കേരള വനംവകുപ്പിന്റെ സാമൂഹ്യവനവൽക്കരണ വിഭാഗം എഴുന്നെള്ളിച്ച് ആദരിച്ചു കൊണ്ടുവന്ന ഈ വൃക്ഷം വയനാട് വന്യജീവി കേന്ദ്രമാകെ നിറഞ്ഞു



Aneesh Sankarankutty

കഴിഞ്ഞു. സസ്യ-ജൈവവൈവിധ്യത്തെയാകെ ഉന്മൂലനാശം വരുത്തി ഭയനകമാം വിധം അത് വ്യാപിച്ചുകൊണ്ടിരിക്കയാണ്. അവയെ നശിപ്പിക്കാൻ വഴികാണാതെ അന്തം വിട്ടുനിൽക്കുകയാണ് വനംവകുപ്പധികൃതർ. KFRI യിലെ ശാസ്ത്രജ്ഞർ നടത്തിയ പഠനത്തിൽ ഇരുപത്തിരണ്ടിലധികം അധിനിവേശ സസ്യങ്ങൾ വയനാട് വന്യജീവി കേന്ദ്രത്തിൽ കണ്ടെത്തിയതായി പറയുന്നു.

ഏകവിളത്തോട്ടങ്ങൾ ആവാസവ്യവസ്ഥയെ തകർക്കുന്നതോടൊപ്പം ജലസ്രോതസ്സുകളെയും വറ്റിച്ചുകളഞ്ഞിരിക്കുന്നു. വേനൽക്കാലത്തും ജലമൊഴുകിയിരുന്ന, കാലികൾക്ക് പുല്ലും തീറ്റയും സുലഭമായിരുന്ന വയനാടൻ ചതുപ്പുകൾ ഒന്നൊഴിയാതെ പാറപോലെ ഉറച്ചുപോയിരിക്കുന്നു. ബ്രഹ്മഗിരി മലഞ്ചെരിവുകളിൽ നിന്നും കാളിന്ദിയിലേക്കും മുത്തങ്ങക്കാടുകളിൽ നിന്നും നൂൽപ്പുഴയിലേക്കും കൊടുംവേനലിലും വെള്ളം ചുരത്തിയിരുന്ന ആയിരക്കണക്കിന് നീരുറവകൾ ഇന്ന് അപ്രത്യക്ഷമായിക്കഴിഞ്ഞിരിക്കുന്നു.

മുത്തങ്ങ ഫോറസ്റ്റ് റേയ്ഞ്ചിൽ കോഴിക്കോട്-മൈസൂർ റോഡിന് സമാന്തരമായി ഒഴുകിക്കൊണ്ടിരിക്കുന്ന നൂഗുപുഴയുടെ തെക്കേ കരയിൽ നിന്നും ഏതാണ്ട് ഒന്നര കിലോമീറ്റർ വീതിയിൽ തുടങ്ങി മുതുമല -ബന്ദിപ്പൂർ ട്രൈജംഗ്ഷൻവരെ 12 കിലോമീറ്ററോളം നീളത്തിൽ സ്ഥിതിചെയ്യുന്ന ഒന്നാന്തരമൊരു ചതുപ്പുണ്ടായിരുന്നു. വേനൽക്കാലത്ത് പരമ്പരാഗത സഞ്ചാരപഥങ്ങളിലൂടെ കൂട്ടം കൂട്ടമായെത്തിക്കൊണ്ടിരുന്ന ആനകൾ, കാട്ടുപോത്തുകൾ, മാൻകൂട്ടങ്ങൾ തുടങ്ങിയ സകല വന്യജീവികളുടേയും അഭയവും ആശ്വാസവുമായിരുന്നു ഈ ചതുപ്പ്. മാവിൻഹള്ളക്കാടുകൾ മുഴുവൻ യൂക്കാലിപ്റ്റസിന്റെ ഏകവിളത്തോട്ടമായതോടെ ഈ ചതുപ്പ് പാറപോലെ ഉറച്ചുപോയി. ഇന്ന് ഈ ചതുപ്പുകൾ അരിപ്പൂവും കമ്യൂണിസ്റ്റ് പച്ചയും കീഴടക്കിയിരിക്കുന്നു. ഈ പ്രദേശത്തുള്ള തകരപ്പാടി, പൊൻകുഴി, കുമഴി, റാംപള്ളി തുടങ്ങിയ ഒട്ടേറെ ഗ്രാമങ്ങളും വരണ്ടുപോയിരിക്കുന്നു. അവിടെ കാലാകാലമായി നെൽകൃഷി ചെയ്ത് ഉപജീവിച്ചിരുന്ന ആദിവാസികൾ കൃഷിയുപേക്ഷിച്ചിട്ട് കാൽ നൂറ്റാണ്ടായി. ഇന്നും മുറതെറ്റാതെ വേനൽക്കാലത്ത് ഈ ചതുപ്പിലേക്ക് വന്നുകൊണ്ടിരിക്കുന്ന വന്യജീവികൾ തീറ്റയും വെള്ളവും തേടി സമീപ ഗ്രാമത്തിലേക്കിറങ്ങി സംഘർഷമുണ്ടാക്കിയില്ലെങ്കിലേ അത്ഭുതപ്പെടേണ്ടതായുള്ളൂ. 1998-ൽ വയനാടാകെ വരൾച്ചയുടെ പിടിയിലമർന്നപ്പോൾ അരകുഞ്ചിയെന്ന വനമദ്ധ്യത്തിലുള്ള ഗ്രാമത്തിലെ പത്തിൽപരം കുടുംബങ്ങൾ ഉപയോഗിച്ചിരുന്ന കിണർ രാത്രികാലങ്ങളിൽ ആനക്കൂട്ടങ്ങളെത്തി കുടിച്ചു വറ്റിച്ചുതുടങ്ങി. അവസാനം ഗ്രാമീണർ കിണറിന് മുകളിൽ കാവൽമാടം കെട്ടി ചുറ്റും തീകത്തിച്ച് രാത്രി മുഴുവൻ വെള്ളത്തിനായി കാവൽ കിടക്കേണ്ട അവസ്ഥയുമുണ്ടായി. പ്രകൃതി വിഭവങ്ങൾക്കുവേണ്ടി മനുഷ്യരും വന്യജീവികളും തമ്മിലുള്ള സംഘർഷം!

20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ വയനാടിന്റെ 80 ശതമാനം നിബിഢ വനങ്ങളായിരുന്നു. ജനങ്ങളിൽ മഹാഭൂരിപക്ഷവും ആദിവാസി ഗോത്രങ്ങളും. ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി വയനാടിന്റെ തെക്ക്-പടിഞ്ഞാറ്, വടക്ക്-പടിഞ്ഞാറ് ഭാഗങ്ങളിലെ ഉയരം കൂടിയ കുന്നുകളിലെ പതിനായിരക്കണക്കിന് ഏക്കർ നിബിഢവനങ്ങൾ വെട്ടിമാറ്റി അവിടെ തേയിലത്തോട്ടങ്ങളുണ്ടാക്കി. ഇത് അതീവ ലോലവും അതിസങ്കീർണ്ണവുമായ വയനാടിന്റെ പരിസ്ഥിതിയെ മാരകമായി മുറിവേൽപ്പിച്ചു. രണ്ടാം ലോക മഹായുദ്ധത്തിൽ പങ്കെടുത്ത മലയാളികളായ പട്ടാളക്കാരെ പുനരധിവസിപ്പിക്കുന്നതിനായി ബ്രിട്ടീഷ് രാജ്ഞിയുടെ റോയൽഫണ്ടിൽ നിന്നും പണം കൊടുത്ത് നിലമ്പൂർ കോവിലകത്തിന്റെ ഒരു ലക്ഷം ഏക്കർ വനം സർക്കാർ വാങ്ങി വിമുക്തഭടന്മാർക്ക് പതിച്ചു നൽകി. ഇതാണ് വയനാട് എക്സ് സർവ്വീസ്മെൻ കോളനൈസേഷൻ സ്കീം (WECS). അതേ സമയത്തു തന്നെയാണ് പുൽപ്പള്ളി ദേവസ്വത്തിന്റെ 40,000 ഏക്കർ വനഭൂമിയും പൂതാടി ദേവസ്വത്തിന്റെ 20,000 ഏക്കർ വനവും മധ്യതിരുവിതാംകൂറിൽ നിന്നുള്ള കുടിയേറ്റക്കാർക്ക് തുറന്നുകിട്ടിയത്. സ്വാതന്ത്ര്യാനന്തര കാലത്ത് തുടങ്ങി 1970-കളുടെ അന്ത്യം വരെ തുടർന്ന

**നൈസർഗ്ഗിക വനങ്ങളിൽ സ്വച്ഛന്ദം വിഹരിച്ചിരുന്ന കാട്ടാനകളും മറ്റു വന്യജീവികളും മാത്രമല്ല ദുരന്തത്തിന്റെ ഇരകൾ, മണ്ണിന്റെ മക്കളായ ആദിമ ഗോത്രജനതകൂടിയായിരുന്നു. ഇവരൊക്കെ ആവാസസ്ഥാനങ്ങളിൽ നിന്നും ആട്ടിയോടിക്കപ്പെട്ടു.**

ഈ കുടിയേറ്റം വയനാടിന്റെ വനവിസ്തൃതി മൂന്നിലൊന്നായി കുറയാൻ കാരണമായി. ഈ കുടിയേറ്റമാണ് വയനാടിന്റെ പരിസ്ഥിതി സംതുലനത്തിന്റെ ആണിക്കല്ല് തകർത്തുകളഞ്ഞത്. ഇതോടെ വിശാലമായ നൈസർഗ്ഗികവനങ്ങൾ കൃഷിയിടങ്ങളായി. വന്യജീവി ആവാസവ്യവസ്ഥകൾ ചുരുങ്ങിച്ചുരുങ്ങി വന്നു. പിന്നെയും വയനാട്ടിൽ ഒരു ലക്ഷം ഹെക്ടർ കാട് അവശേഷിച്ചിരുന്നു. പ്രസ്തുത കാടുകളെ കേരള സംസ്ഥാന രൂപീകരണത്തോടെ അധികാരത്തിൽ വരാൻ തുടങ്ങിയ ജനകീയ സർക്കാരുകൾ വിവേകരഹിതമായി ഉന്മൂലനം ചെയ്തു. നൈസർഗ്ഗിക വനങ്ങളിൽ സ്വച്ഛന്ദം വിഹരിച്ചിരുന്ന കാട്ടാനകളും മറ്റു വന്യജീവികളും മാത്രമല്ല ദുരന്തത്തിന്റെ ഇരകൾ, മണ്ണിന്റെ മക്കളായ ആദിമ ഗോത്രജനതകൂടിയായിരുന്നു. ഇവരൊക്കെ ആവാസസ്ഥാനങ്ങളിൽ നിന്നും ആട്ടിയോടിക്കപ്പെട്ടു.

1957-ൽ അധികാരത്തിൽ വന്ന ഇ.എം.എസ്സ്. സർക്കാർ നിരവധി സൗജന്യങ്ങൾ നൽകി ക്ഷണിച്ചുകൊണ്ടുവന്ന് സ്ഥാപിച്ച ചാലിയാർ തീരത്തുള്ള മാവൂർ ഗ്വാളിയാർ റയോൺസ് ഫാക്ടറിക്ക് (ഗ്രാസ്സിം ഇൻഡസ്ട്രീസ്) അസംസ്കൃത വിഭവങ്ങൾ നൽകുന്നതിനു വേണ്ടിയാണ് കാടുകൾ വെട്ടി യൂക്കാലിപ്റ്റസ് തോട്ടങ്ങളുണ്ടാക്കിയത്. യൂക്കാലിപ്റ്റസ് മണ്ണിന്റെ ഘടനയെ


Aneesh Sankarankutty

മാറ്റി വന്ധ്യമാക്കി കളയുമെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് വനംവകുപ്പ് ഇതിന്റെ വ്യാപനം നടത്തിയത്. യൂക്കാലിപ്റ്റസ് തോട്ടങ്ങളും മറ്റ് ഏകവിളത്തോട്ടങ്ങളും ബ്രഹ്മഗിരിച്ചെരിവുകളിലും ലേഡീസ് സ്മിത്തിലും മുത്തങ്ങയിലും മറ്റും ഉണ്ടാക്കിയ സാമൂഹ്യ-പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ ഇന്നുവരെ ആരും പഠിച്ചിട്ടില്ല. 5,000-ത്തിലധികം കൈവേലക്കാരായ ആദിവാസികളുടെ തൊഴിലും അവരുടെ കുടിനീരും സംസ്കാരവും ആഹാരവുമൊക്കെയാണ് ഇതുമൂലം തുലഞ്ഞുപോയത്.

വളരെ ശോഷിച്ചതും ശുഷ്ക്കവുമായ അവശേഷിക്കുന്ന വയനാടൻ കാടുകളും ഇപ്പോൾ വീണ്ടും നാശത്തെ നേരിടുകയാണ്. വനംവകുപ്പാണ് എല്ലായിടത്തും വില്ലൻ വേഷത്തിൽ. ഇക്കോ ടൂറിസമെന്ന ഓമനപ്പേരിലറിയപ്പെടുന്ന 'ഇക്കോ ടെററിസം' വയനാട്ടിലും അതിന്റെ പ്രതിലോമപരമായ ദൗത്യം നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണ്. മുത്തങ്ങയിലേയും തോൽപ്പെട്ടിയിലേയും മനുഷ്യസാന്നിദ്ധ്യം പാടില്ലാത്ത ഉൾക്കാടുകളിലേക്ക് പ്രതിദിനം നിരവധി ജീപ്പുകൾ സഞ്ചാരികളെയും വഹിച്ച് ഇരമ്പിപ്പാഞ്ഞുകൊണ്ടിരിക്കുന്നു. അത്യപൂർവ്വ ശുദ്ധജലത്തുരുത്തുകളായ കുറുവയിലേക്കും, ചെമ്പ്ര മലമുടികളിലേക്കും സഞ്ചാരികൾ അനിയന്ത്രിതമായി കടന്നു ചെല്ലുന്നു. വനപരിസരമാകെ റിസോർട്ട് മാഫിയകൾ പിടിമുറുക്കിയിരിക്കുന്നു. പലയിടത്തും അവർ അഴിഞ്ഞാടുകയാണ്. ഇക്കഴിഞ്ഞ വേനൽക്കാലത്ത് ചെമ്പ്ര മലനിരകളിലെ പുൽപ്പരപ്പുകൾക്ക് തീയിട്ടത് സഞ്ചാരികളാണ്. ടൂറിസം സംബന്ധിച്ച് ശാസ്ത്രീയമായ പഠനങ്ങളോ, വാഹകശേഷിയോ നിർണ്ണയിക്കാതെ, കേന്ദ്രവനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ കാറ്റിൽപറത്തിയാണ് വയനാട്ടിൽ ടൂറിസം പൊടിപൊടിക്കുന്നത്. കേരളവനങ്ങൾ നേരിടുന്ന വലിയ വെല്ലുവിളികളിൽ ഒന്ന് ടൂറിസമാണ്.

പേരിയാ പീക്കിലെ, പശ്ചിമഘട്ട മലനിരകളുടെ കിഴക്കൻചെരുവിൽ ശേഷിച്ചിട്ടുള്ള ഒരു ചെറുതുണ്ടായ നിത്യഹരിതവനങ്ങൾ വെട്ടി 200 ഏക്കറിൽ വനംവകുപ്പ് മഹാഗണിയുടെ ഏകവിളത്തോട്ടമുണ്ടാക്കി. വളരെ പ്രാധാന്യമുള്ള പേരിയ-കൊട്ടിയൂർ ആനത്താരയുടെ മർമ്മകേന്ദ്രമാണീ പ്രദേശം. പശ്ചിമഘട്ട മലനിരകകളിലെ അത്യപൂർവ്വമായ ഷോലാ ഫോറസ്റ്റ് ഗ്രാസ്സ് ലാന്റ് ഇക്കോസിസ്റ്റമാണ് ബ്രഹ്മഗിരിക്കുന്നുകൾ. കർണ്ണാടകയിലെ ബ്രഹ്മഗിരി വന്യജീവി കേന്ദ്രത്തിന്റെ തുടർച്ചയാണീ പുൽപ്പരപ്പുകൾ. തെക്കേ ഇന്ത്യയിൽ ഒരിടത്തു മാത്രമേ ശരപ്പക്ഷികൾ (Indian Swiftlet) കൂടുവെക്കുന്നുള്ളൂ. അത് പക്ഷിപാതാളത്തിലാണ്. ബ്രഹ്മഗിരി-കൊട്ടിയൂർ ആനത്താരയും കൂർഗ്-ബ്രഹ്മഗിരി-നാഗർഹൊളെ ആനത്താരയെയും ബന്ധിപ്പിക്കുന്നത് ഈ പുൽപ്പരപ്പുകളാണ്. വനംവകുപ്പ് ഈ പുൽപ്പരപ്പിന് മദ്ധ്യേ അഞ്ചേക്കറോളം വൈദ്യുതി വേലിയിട്ട് തിരിച്ച് ഹട്ടുകളുണ്ടാക്കി ടൂറിസം കൊഴുപ്പിച്ചെടുത്തു. 35 വർഷം മുൻപ് സാമൂഹ്യ വനവൽക്കരണ വിഭാഗം അക്കേഷ്യ തോട്ടമുണ്ടാക്കാൻ നടത്തിയ ശ്രമം ലക്ഷക്കണക്കിന് തൈകൾ പിഴുതെറിഞ്ഞ് കേരളത്തിന്റെ പരിസ്ഥിതി സംരക്ഷണ ചരിത്രത്തിൽ ഉജ്ജ്വലമായ മറ്റൊരദ്ധ്യായം എഴുതിയ വയനാട് പ്രകൃതി സംരക്ഷണസമിതി ഗ്രീൻ ട്രിബ്യൂണലിനെ സമീപിക്കുകയും സമര പ്രക്ഷോഭങ്ങൾ നടത്തുകയും ചെയ്തതിനെ തുടർന്ന് ഇതു നിർത്തി വയ്ക്കാൻ വനംവകുപ്പ് നിർബന്ധിതമാവുകയാണ് ഉണ്ടായത്.

വയനാട് വന്യജീവി കേന്ദ്രമടക്കം വയനാടൻ കാടുകൾ എല്ലാവർഷവും കത്തിച്ചാമ്പലാകാറുണ്ട്. വേട്ടക്കാരും കന്നുകാലി മേയ്ക്കുന്നവരും ടൂറിസ്റ്റുകളും ലഘുവനവിഭവങ്ങൾ ശേഖരിക്കുന്ന ആദിവാസികളുമൊക്കെ കാടിന് തീയിടാറുണ്ട്. കബനിയുടെയും, പടിഞ്ഞാറോട്ട് ഒഴുകുന്ന നിരവധി നദികളുടെയും പ്രഭവകേന്ദ്രങ്ങൾ അനാഥമായി കത്തിത്തീരുന്നു. കഴിഞ്ഞ 35 വർഷമായി വയനാട്ടിലെ പരിസ്ഥിതി പ്രവർത്തകർ കാട്ടുതീക്കെതിരെ നടത്തുന്ന ബോധവൽക്കരണം വൻ മാറ്റങ്ങളുണ്ടാക്കിയിട്ടുണ്ടെങ്കിലും കാട്ടുതീ പൂർണ്ണമായും അവസാനിച്ചിട്ടില്ല. വയനാട് വന്യജീവി കേന്ദ്രത്തിൽ മാത്രം 25,000 കന്നുകാലികൾ മേയുന്നുണ്ട്. പ്രതിദിനം നൂറുകണക്കിന് ടൺ ബയോമാസ്സ് കാടിന് പുറത്തുവരുന്നു. മാനും കാട്ടുപോത്തും ആനയും മറ്റും തിന്നേണ്ട പച്ചപ്പാണിത്.

കഴിഞ്ഞ കാൽനൂറ്റാണ്ടായി വയനാടിന്റെ മുഖ്യമായ സാമൂഹ്യ-രാഷ്ട്രീയ-പരിസ്ഥിതി പ്രശ്നം മനുഷ്യ-വന്യജീവി സംഘർഷമാണ്. നാൾ

ക്കുനാൾ അത് കൂടിക്കൂടി വരുന്നു. അഞ്ചു വർഷം മുൻപ് വയനാട്ടിൽ കടുവകളുമായുള്ള സംഘർഷമുണ്ടായിരുന്നില്ല. ഇന്നേറ്റവും പ്രധാനം കടുവ പ്രശ്നമാണ്. എല്ലാ വർഷവും രണ്ടോ മൂന്നോ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നു. പ്രശസ്ത കടുവ വിദഗ്ദ്ധൻ ഡോ. ഉല്ലാസ് കാരന്ത് നേതൃത്വം നൽകുന്ന വൈൽഡ് ലൈഫ് കൺസർവേഷൻ സൊസൈറ്റിയിലെ വിദഗ്ദ്ധർ വയനാടൻ കടുവകളെക്കുറിച്ചും ആവാസവ്യവസ്ഥയെക്കുറിച്ചും ആഴത്തിലുള്ള പഠനം നടത്തിയിട്ടുണ്ട്. വയനാട്ടിൽ എല്ലാ വർഷവുമുള്ള കടുവകളുടെ പ്രശ്നം വരുംകാലങ്ങളിലും ഉണ്ടാകുമെന്നവർ മുന്നറിയിപ്പ് നൽകുന്നു. ബന്ദിപ്പൂർ-മുതുമലൈ-നാഗർഹൊളെ മേഖലയിൽ കടുവകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിക്കൊണ്ടിരിക്കുന്നതും ആവാസവ്യവസ്ഥയുടെ ശോഷണവും ആണിതിന് പ്രധാന കാരണമെന്ന് വിശ്വസിക്കേണ്ടിയിരിക്കുന്നു.

വയനാട്ടിലെ മഹാഭൂരിഭാഗം ജനങ്ങളും അധിവസിക്കുന്നത് വനത്തിനുള്ളിലോ വനപരിസരത്തോ ആണ്. വന്യജീവി-മനുഷ്യ സംഘർഷത്തിന് നേരെ ഇവിടുത്തെ രാഷ്ട്രീയപാർട്ടികൾ, കർഷക സംഘടനകൾ, മതനേതാക്കൾ, എം.പിയും എം.എൽ.എ. മാരുമടക്കമുള്ള ജനപ്രതിനിധികൾ എന്നിവരൊക്കെ ആവർത്തിച്ച് എടുത്തു വരുന്ന നിലപാടുകൾ അത്ഭുതകരമാണെന്ന് മാത്രം പറഞ്ഞാൽ പോരാ അപഹാസ്യവും കൂടിയാണ്. വയനാടിന്റെ രൂക്ഷതരമായ ഈ പ്രതിസന്ധിയെ അഭിമുഖീകരിക്കാൻ അവർ ഇനിയും തയ്യാറായിട്ടില്ല. ഗൗരവതരമായി അവരിതിനെ കണക്കിലെടുത്തിട്ടുമില്ല. പശ്ചിമഘട്ടത്തിന്റെ സുസ്ഥിരമായ നിലനിൽപ്പിന് ഉപകരിച്ചേക്കാമായിരുന്ന ഗാഡ്ഗിൽ ശുപാർശകൾ നടപ്പിലാക്കുന്നതിനെതിരെ മേൽപ്പറഞ്ഞ കൂട്ടർ വ്യയം ചെയ്ത ഊർജ്ജത്തിന്റെ പത്തിലൊന്നു ചെലവഴിച്ചിരുന്നെങ്കിൽ വലിയ അളവുവരെ വയനാടിന്റെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടായേനെ.

വയനാട്ടിലും മലയോരമേഖലയിലാകെയും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സംഘർഷം ലഘൂകരിക്കാൻ കുറുക്കുവഴികളില്ലെന്ന് നാം ആദ്യം തിരിച്ചറിയണം. സങ്കീർണ്ണവും ദീർഘകാലത്തേക്കുള്ളതുമായ പരിഹാരക്രിയകൾ ആവിഷ്കരിക്കണം. ഹ്രസ്വകാലത്തേക്കുള്ള നടപടികളും സമാന്തരമായി നടപ്പാക്കണം. വനപരിസരത്തുള്ള കർഷകരെ വിശ്വാസത്തിലെടുത്ത് അവരെ കൂടി പങ്കാളികളാക്കി മാത്രമേ പ്രതിരോധ നടപടികൾ നടത്താവൂ. ഏറെ തെറ്റിദ്ധരിക്കപ്പെട്ടവരും മത-രാഷ്ട്രീയ തത്പരസംഘങ്ങളാൽ സ്വാധീനിക്കപ്പെട്ടവരുമാണവരിലേറെയും. അതിശക്തമായ ബോധവൽക്കരണം അവർക്കിടയിൽ അത്യാവശ്യമാണ്. വന്യജീവി-മനുഷ്യ സംഘർഷത്തിന് പൂർണ്ണവും മാന്യവും ന്യായവും താമസം കൂടാത്തതും സുതാര്യവുമായ നഷ്ടപരിഹാരം ഉറപ്പുവരുത്തേണ്ടതാണ്. വനപരിസരഗ്രാമങ്ങളിൽ സുലഭമായ ക്രിമിനലുകളെ ഒറ്റപ്പെടുത്തുകയും അവർക്ക് കർഷകരുമായുള്ള ബന്ധം അറുത്തുകളയുകയും വേണം. വനത്തിനും വന്യജീവികൾക്കുമെതിരെയുള്ള വിദ്വേഷ പ്രചരണം നിർത്തിവയ്ക്കാൻ മതമേലധ്യക്ഷന്മാർക്കും ജനപ്രതിനിധികൾക്കും പ്രാദേശിക രാഷ്ട്രീയ നേതാക്കൾക്കും ബോധവൽക്കരണം നടത്തുകയും വേണം. കർഷകരാണ് പരിസ്ഥിതിയെയും കാടിനേയും സംരക്ഷിക്കുന്നതെന്നത് ഒരു വീൺവാക്കും മേനിപറച്ചിലും മാത്രമാണ്. എന്നാൽ അവരെ അത്തരമൊരു ബോധനിലവാരത്തിലേക്ക് ഉയർത്തേണ്ടത് അത്യന്താപേക്ഷിതമാണ്. വന്യജീവി പ്രശ്നപരിഹാരത്തിനുള്ള വയർ ഫെൻസിംഗ്, ആനക്കിടങ്ങുകൾ തുടങ്ങിയവയൊക്കെ വനംവകുപ്പിന്റെ കെടുകാര്യസ്ഥതയുടേയും അഴിമതിയുടെയും ഏറ്റവും നല്ല മാതൃകകളാണ്. അതവസാനിപ്പിക്കാനുള്ള ഇച്ഛാശക്തി നമ്മുടെ ഭരണകർത്താക്കൾക്ക് സമീപകാലത്തെങ്ങാനും ഉണ്ടാകുമെന്ന് വിശ്വസിക്കുന്നത് തികഞ്ഞ മൗഢ്യമായിരിക്കും.

**വയനാട്ടിൽ പത്തു ശതമാനത്തിൽ താഴെയാണ് പരിസ്ഥിതി ധർമ്മങ്ങൾ നിർവ്വഹിക്കാൻ കെൽപ്പുള്ള യഥാർത്ഥ വനം. ഏകവിളത്തോട്ടങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ ക്രമേണയെങ്കിലും സ്വാഭാവിക വനങ്ങളായി പുനഃപരിവർത്തിപ്പിക്കണം.**

ആവാസസ്ഥാനങ്ങളുടെ പുനരുജ്ജീവമാണ് ഏറ്റവും പ്രധാനം. കേരളത്തിലെ വനഭൂമിയിൽ വളരെക്കുറച്ചേ യഥാർത്ഥ വനമുള്ളൂ. മഹാഭൂരിഭാഗവും ഏകവിളത്തോട്ടങ്ങളോ പാഴ്ഭൂമികളോ ആണ്. വയനാടും വ്യത്യസ്തമല്ല. വയനാട്ടിൽ പത്തു ശതമാനത്തിൽ താഴെയാണ് പരിസ്ഥിതി ധർമ്മങ്ങൾ നിർവ്വഹിക്കാൻ കെൽപ്പുള്ള യഥാർത്ഥ വനം. ഏകവിളത്തോട്ടങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ ക്രമേണയെങ്കിലും സ്വാഭാവിക വനങ്ങളായി പുനഃപരിവർത്തിപ്പിക്കണം. അത്തരം കാടിനുള്ളിൽ ജൈവവൈവിധ്യവും ജലസുഭിക്ഷതയും തീറ്റയും തണലുമൊക്കെയുണ്ടാകും. കാടിനെ നക്കിത്തുടച്ചുകൊണ്ടിരിക്കുന്ന തീയ്ക്കെതിരെ ശക്തമായ പ്രതിരോധം സംഘടിപ്പിക്കണം. ഇന്നവലംബിക്കുന്ന പ്രാകൃതമായ തീ പ്രതിരോധമുറകൾ അവസാനിപ്പിച്ച് വനസംരക്ഷണ സേനയെ ആധുനീകരിക്കണം. വനത്തിനുള്ളിലെ ടൂറിസം കർക്കശമായി നിയന്ത്രിച്ചാൽ മാത്രം പോരാ, പൂർണ്ണമായും നിരോധിക്കുകതന്നെ വേണം. കഠിനവും തീക്ഷ്ണവുമായതും ഭാവനാപൂർണ്ണവുമായ പ്രവർത്തനം നാം ഉടനടി ആരംഭിക്കുന്നില്ലെങ്കിൽ വയനാട് പോലെയുള്ള പ്രദേശങ്ങൾ വന്യജീവികളുടേയും മനുഷ്യരുടെയും കുരുതിക്കളമായി തുടർന്ന് അവസാനിക്കും. ഒന്നുമാത്രമാണെന്നെ വിഹ്വലനാക്കുന്നത്. വിഭവങ്ങൾക്ക് വേണ്ടിയുള്ള യുദ്ധത്തിൽ എന്നും ശക്തനാണ് വിജയിച്ചിട്ടുള്ളത്. വന്യജീവികളേക്കാൾ ശക്തൻ മനുഷ്യനാണല്ലോ? ●

*പിൻകുറിപ്പ്:*

ഈ കുറിപ്പെഴുതുന്നത് 2017 സെപ്റ്റംബർ 16 നാണ്. ഇന്ന് വയനാട്ടിൽ ഹർത്താലാണ്. കടുവക്കെതിരെയുള്ള ഹർത്താൽ. സുൽത്താൻ ബത്തേരി കടുത്ത ചീരാൽ പ്രദേശത്ത് കഴിഞ്ഞ രണ്ട് മാസമായി ജനവാസകേന്ദ്രത്തിൽ കടുവയുടെ സാന്നിദ്ധ്യം കണ്ടതിനെ തുടർന്ന് വനംവകുപ്പ് ജാഗ്രതയിലാണ്. ചീരാലിന് കുറച്ചകലെ വാകേരിയിലും കണ്ടതായി പറയുന്നു. രണ്ടിടത്തും കടുവ ജനങ്ങളെ ഉപദ്രവിച്ചിട്ടില്ല. മൂന്ന് ദിവസം മുമ്പ് ചീരാലിൽ കടുവ ഒരു പോത്തിനെ ആഹരിച്ചു. ജനങ്ങൾ ഇളകി. പോത്തിന്റെ അവശിഷ്ട ജഡവുമായി പാഴൂർ ഫോറസ്റ്റ് സ്റ്റേഷൻ ഉപരോധിച്ചു. ബത്തേരി-ഊട്ടി സംസ്ഥാനാന്തരപാത രണ്ടുദിവസം സ്തംഭിപ്പിച്ചു. പോലീസ് പതിവുപോലെ നോക്കുകുത്തിയായി. വനംവകുപ്പ് കെണിയൊരുക്കിയും മയക്കുവെടി വച്ചും കടുവയെ പിടികൂടാൻ ശ്രമിക്കുന്നു. ഹർത്താൽ പൂർണ്ണം. വളരെവേഗം ഇതിനിടെ സ്ഥലം വിട്ടിട്ടുണ്ടായേക്കാവുന്ന കടുവ പിടികൂടപ്പെടുന്നില്ലെങ്കിൽ വയനാട്ടിൽ നിന്നും കലാപത്തിന്റെ വാർത്തകൾ നിങ്ങൾക്കിനിയും കേൾക്കാം!

*പരിസ്ഥിതി പ്രവർത്തകനും വയനാട് പ്രകൃതി സംരക്ഷണ സമിതിയുടെ പ്രസിഡന്റുമാണ് ലേഖകൻ*

📷 Praveen P Mohandas



# കുരുടന്മാർ 'കണ്ട' ആനയും ചില അവിചാരിത മുഖാമുഖങ്ങളും



Aneesh Sankarankutty

ശ്രീധർ വിജയകൃഷ്ണൻ

നേരം ഇരുട്ടിത്തുടങ്ങി. അന്ധതയുടെ ഇരുട്ട് മൂടിയ കൃഷ്ണന്റെ കണ്ണുകൾക്ക് രാപ്പകലുകൾ എന്ന വേർതിരിവില്ലായിരുന്നു. കണ്ണില്ലാഞ്ഞിട്ടും തന്റെ കൂട്ടുകാർക്കൊപ്പം അന്നൽപം വേഗത്തിൽ വടക്ക് ദിശയിലേക്ക് വലിഞ്ഞുനടക്കുകയായിരുന്നു കൃഷ്ണൻ. തോറ്റ് പിന്മാറാൻ അയാൾ ഒരുക്കമല്ലായിരുന്നു. ആനയെ തൊട്ട് മനസ്സിലാക്കി ആന എങ്ങനെ ഇരിക്കുമെന്ന് മനസ്സിലാക്കാനാണത്രെ അന്ധരായ കൂട്ടുകാർക്കൊപ്പമുള്ള കൃഷ്ണന്റെ ആ യാത്ര. ആറുപേരും ആനയെ തൊട്ടിട്ടുണ്ട്, വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. പക്ഷേ, ഉയർന്നത് ആറഭിപ്രായം! തൂണായും ചൂലായും മുറമായും നീണ്ടു വിവരണങ്ങൾ.

ഒരു പക്ഷേ, നമുക്കൊക്കെ ഏറെ പരിചിതമായ ഈ കഥപോലെ തന്നെയാണ് ഇന്ന് ആഗോളതലത്തിൽതന്നെ ചർച്ചാവിഷയമായ മനുഷ്യനും വന്യജീവികളും, പ്രത്യേകിച്ച് ആനയും മനുഷ്യനും തമ്മിലുള്ള സംഘർഷങ്ങളുടെയും പ്രശ്നപരിഹാര സാധ്യതകളുടെയും അവസ്ഥ. ബഹുവിധാഭിപ്രായങ്ങൾ നീളുന്നുവെങ്കിലും സമഗ്രമായി ആന എന്നാൽ ഇതുപോലെ പലതും കൂടിച്ചേർന്ന, അതിവിചിത്രവും സങ്കീർണവും വിശാലവുമായ ഒന്നെന്ന് മനസ്സിലാക്കുന്നതിൽ വന്ന പാകപ്പിഴവ് എല്ലായിടത്തും തെളിഞ്ഞുനിൽക്കുന്നു.

ആന മൂലമുണ്ടാവുന്ന കൃഷിനാശവും ജീവഹാനിയും ആയിരത്തി തൊള്ളായിരത്തി തൊണ്ണൂറുകളുടെ ആദ്യ പാദത്തോടെ മാത്രം ശ്രദ്ധയിൽപെട്ടുതുടങ്ങിയ ഒന്നെന്ന് പലരും വിലയിരുത്തിയത് വിശ്വസിച്ചു തുടങ്ങിയ



പ്പോഴാണ് 'പാലകാപ്യം' എന്നൊരു പ്രാചീന ഗ്രന്ഥം വായിക്കാൻ ഇടയായത്. അംഗരാജ്യത്തെ പ്രജകൾ ആനകൾ ഉണ്ടാക്കിയ കൃഷിനാശത്തെ കുറിച്ച് രോമപാദ മഹാരാജാവിനോട് സങ്കടം പറഞ്ഞപ്പോൾ ഗൗതമനാരദാദി മുനിമാരുടെ വരപ്രകാരം ഗജഗ്രഹണം നടത്തി പ്രശ്നപരിഹാരം കണ്ടുവെന്ന് ആ പുരാണം പറയുന്നു. കാലങ്ങൾക്കിപ്പുറം ശാസ്ത്രസാങ്കേതിക മികവോടു കൂടി കാര്യനിർവഹണം നടത്തേണ്ട സംഗതികളൊക്കെ ഉണ്ടായിട്ടും ഇന്നും പക്ഷേ, പരിഹാരം ആനപിടുത്തവും നാടുകടത്തലും തന്നെ! കാലാനുസൃതമായി സാങ്കേതിക തികവുകളൊന്നും ആനയും മനുഷ്യനും തമ്മിലുള്ള സംഘർഷത്തിന്റെ രൂക്ഷത കുറച്ചിട്ടില്ല! എന്തായാലും ആ പ്രശ്നത്തിന്റെ ഒരു താത്വികാവലോകനമാണ് ഇവിടെ നടത്താൻ ആഗ്രഹിക്കുന്നത്. ഒപ്പം പ്രശ്നപരിഹാരസാധ്യതകളിലേക്ക് ഒരെത്തിനോട്ടവും. അത് ബുദ്ധന്റെയും ജോൺ സാക്സെയുടെയും ആനയെ കാണാൻ പോയ അന്ധന്മാരുടെയും വീക്ഷണകോണിലൂടെ ആവാം!

കഥയിലെ ഒന്നാമൻ പറയുന്നു: ആവാസ വ്യവസ്ഥയുടെ നാശവും, തുണ്ടുവൽക്കരണം (fragmentation) മൂലം ഇടതൂർന്ന കാടുകൾ ശകലങ്ങളായി വെട്ടിച്ചുരുങ്ങുന്നതുമാണ് കാരണം.

കാര്യം ഒരു വലിയ പരിധി വരെ ശരിയാണ്. സ്മിത്സോണിയൻ ഗവേഷണ കേന്ദ്രത്തിലെ ഡോക്ടർ പീറ്റർ ലീംഗ്രബർ കണ്ടെത്തിയിട്ടുള്ളത് കഴിഞ്ഞ ചില ദശാബ്ദങ്ങളിൽ ആനകൾക്ക് നഷ്ടപ്പെട്ടിരിക്കുന്നത് 50 ശതമാനത്തിൽ കൂടുതൽ ആവാസകേന്ദ്രങ്ങളാണെന്നാണ്. തന്മൂലം തുണ്ടുകളായി വിഭജിക്കപ്പെട്ട വനശകലങ്ങളിൽ ചെറിയ സംഖ്യയിൽ ഇന്ന് ആനകളെ കണ്ടുവരുന്നു. എന്നാൽ സഹ്യനിരകളിലെ നീലഗിരിയും ആനമലയും ഇതിൽ നിന്നും അല്പം വ്യത്യസ്തമായി 12,600 ചതുരശ്ര കിലോമീറ്ററായും 6,500 ചതുരശ്ര കിലോമീറ്ററായും തുടർച്ചയായ വനമേഖലയായി ആനകൾക്ക് കിലോമീറ്ററുകളോളം സഞ്ചരിക്കാൻ ഉതകുന്ന രീതിയിൽ വ്യാപിച്ച് കിടക്കുന്നു. ബിലിഗിരിരംഗസ്വാമി മല മുതൽ സൈലന്റ്വാലിയുമായി തൊട്ട് കിടക്കുന്ന കോയമ്പത്തൂർ വനമേഖല വരെ നീണ്ടു കിടക്കുന്ന നീലഗിരി പക്ഷേ, ഊട്ടിയുടെ വിനോദസഞ്ചാരമേഖലാ വളർച്ചയുടെ കയ്പ് നുകർന്നുകൊണ്ടിരിക്കുകയാണ്. കൂനൂർ, കോത്തഗിരി, ഗൂഡലൂർ, വയനാട് എന്നിവിടങ്ങളിലെ കാടുകൾ തോട്ടങ്ങൾക്കായി വെട്ടിത്തെളിച്ച് ജനവാസകേന്ദ്രങ്ങളാക്കിയപ്പോൾ ആനകളോട് പറയാനും അനുവാദം വാങ്ങാനും സർവരും മറന്നതിനാലാവണം അവ തീറ്റയും വെള്ളവും തേടി ഇന്നും ഈയിടങ്ങൾ വീണ്ടും വീണ്ടും സന്ദർശിച്ചുകൊണ്ടിരിക്കുന്നത്. ആദ്യമായി കണ്ണാടിയിൽ തന്റെ പ്രതിബിംബം കണ്ട ബുൾബുൾ പക്ഷിയെ പോലെ അമ്പരപ്പായിരുന്നുവത്രേ ആനകളെ വീട്ടുമുറ്റത്ത് കണ്ട വരത്തന്മാരായ തോട്ടക്കാർക്ക്. അവയെ അകറ്റിനിർത്താൻ അവർ പയറ്റിയ സകല തന്ത്രങ്ങളും തങ്ങളുടെ വന്യബുദ്ധി ഉപയോഗിച്ച് കിഴക്കോട്ടൊഴുകുന്ന ഭവാനിയാറ്റിൽ ഒഴുക്കിക്കളഞ്ഞ ആനകൾ പക്ഷേ, മനുഷ്യന്റെ ക്രൂരമായ പത്തൊമ്പതാമത്തെ അടവിൽ തോറ്റുതുടങ്ങി. തോക്കിൻകുഴലുകളിലും വൈദ്യുതക്കമ്പികളിലും ഇന്ന് അവ തങ്ങളുടെ അന്ത്യം നേരിടുന്നു; മിച്ചമുള്ളവ അഭയാർഥികളായി തീരുന്നു. Elephant Refugees എന്നു വരെ വിശേഷണങ്ങൾ വീണു തുടങ്ങിയത് അങ്ങനെയാണത്രെ. സ്വന്തം കാട്ടിൽനിന്ന് ആട്ടിയോടിക്കപ്പെടുന്ന ആനകൾ അങ്ങനെ ആന അഭയാർത്ഥികളായി മാറിത്തുടങ്ങി.

അപ്പോഴാണ് നമ്മുടെ രണ്ടാമന് ഒരു ചോദ്യം: ആവാസവ്യവസ്ഥയുടെ നാശമാണ് കാരണമെങ്കിൽ കർണാടകത്തിലെ ഹാസൻ പോലൊരിടത്ത് ആനകൾ ജീവിക്കുന്നതെങ്ങനെ?

കുറഞ്ഞ അളവിൽ മാത്രം വനമവശേഷിക്കുന്ന ആളൂർ, ആർസിക്കെരെ, സകലേഷ്പൂർ എന്നീ ഇടങ്ങളിൽ നാല്പതോളം ആനകൾ കാപ്പിത്തോട്ടങ്ങളിലും വനശകലങ്ങളിലും വർഷങ്ങൾ തള്ളിനീക്കുന്നത് ശ്രദ്ധയിൽ പെട്ട രണ്ടാമൻ വീണ്ടും പറഞ്ഞു, ആനകളുടെ വംശവർദ്ധനവാണ് കാരണമെന്ന്. കാടു വിട്ട് (പ്രയോഗം രസം; പക്ഷേ, കാടു വിട്ടതോ, കാടു നിന്നിടം തേടി തിരിച്ചുവന്നതോ? ഇന്നവിടെ കാടില്ലാതാക്കിയത് ആനകളല്ലെന്ന് എല്ലാവർക്കുമറിയാം, കേട്ടു നിന്ന മൂന്നാമൻ ആത്മഗതമുണർത്തി) പുറത്തിറങ്ങുന്ന ആനകളെ മുഴുവൻ പിടികൂടണം. എത്ര ആനകളാണ് മനുഷ്യവാസസ്ഥലങ്ങൾക്കരികെ കഴിയുന്നതെന്ന് നോക്കി, കണക്കെടുത്ത് അവയെ പൂർണമായി തുടച്ച് നീക്കി, പ്രശ്നത്തിന് വിരാമമിടാം. അല്ലെങ്കിൽ അവയെ വിരട്ടിയോടിച്ച് സമാധാനിക്കാം. വേണമെങ്കിൽ ആനപ്പോലീസായ താപ്പാനശ്രേഷ്ഠന്മാരുടെ സേവനം അഭ്യർത്ഥിക്കാം.

**ഏറെ ആനകളെ പ്രശ്നബാധിതമേഖലകളിൽ നിന്നും നാടുകടത്തി വിട്ട് അവ ദിവസങ്ങൾക്കുള്ളിൽ തിരിച്ചു വന്ന കഥകൾ ഹാസൻ-കുടക് കാടുകൾക്കു തന്നെ പറയാനുണ്ടാവും. ഇനിയിപ്പോ ഒരിക്കലും തിരിച്ചു വരില്ലെന്ന് ഉറപ്പുള്ള സ്ഥലത്തേക്കാണെങ്കിൽ പ്രശ്നം മറ്റൊരു രീതിയിലാവും.**

ഇതെല്ലാം കേട്ടിരുന്ന മൂന്നാമൻ ഒരു ചോദ്യശരമെറിയാൻ തീരുമാനിച്ചു. ഇരുപത് വർഷക്കാലയളവിൽ അൻപതോളം ആനകളെ പ്രശ്നപരിഹാരമെന്നോണം പിടിച്ച് കൂട്ടിലടച്ചിട്ടും ഹാസനിൽ നാല്പതോളം ആനകളെങ്ങനെ വന്നു? അപ്പൊ പ്രശ്നം എണ്ണത്തിൽ അല്ല; സ്പിൽഓവർ പ്രഭാവമല്ലെന്ന് ഉറപ്പ് വരുത്തിയ സംതൃപ്തി മൂന്നാമന്റെ മുഖത്ത്. മാത്രമല്ല ഓടിച്ച് വിട്ടാലോ നാടുകടത്തി വിട്ടാലോ അവ തിരികെ വരും, പൂച്ചക്കുഞ്ഞല്ല, ഘടാഘടിയൻ ആനകളാണേയ്! അല്ല, അനുഭവം ഉണ്ട്. ഏറെ ആനകളെ പ്രശ്നബാധിത മേഖലകളിൽ നിന്നും നാടുകടത്തി വിട്ട് അവ ദിവസങ്ങൾക്കുള്ളിൽ തിരിച്ചു വന്ന കഥകൾ ഹാസൻ-കുടക് കാടുകൾക്കു തന്നെ പറയാനുണ്ടാവും. ഇനിയിപ്പോ ഒരിക്കലും തിരിച്ചു വരില്ലെന്ന് ഉറപ്പുള്ള സ്ഥലത്തേക്കാണെങ്കിൽ പ്രശ്നം മറ്റൊരു രീതിയിലാവും. വലത്തേ കാലിലെ മന്ത് ഇടത്തോട്ട് മാറ്റിക്കിട്ടിയ സാക്ഷാൽ നാറാണത്തിന്റെ അവസ്ഥ. പുതിയ മേഖലയിലേക്ക് 'സ്ഥലംമാറ്റം' കിട്ടി വന്ന ആനക്കേമന്മാരിൽ ഒരുവൻ കടലിൽ ചാടിയതും നോട്ടിക്കൽ മൈലുകളോളം നീന്തിയതും നാവികസേന അവനെ തിരികെ വലിച്ച് കൊണ്ട് വന്നതും, കര കേറ്റി വിട്ട് ഏതാനും ദിവസങ്ങൾക്കകം അവൻ ഒരു കിണറ്റിൽ വീണ് അവസാനിച്ചതും ഇന്നലെ കഴിഞ്ഞ കഥ പോലെ ഓർക്കുന്നു ലങ്കൻ ദ്വീപ്

നിവാസികൾ.

എണ്ണത്തിൽ അല്ലെങ്കിൽ പിന്നെ എവിടെയാ പ്രശ്നഹേതു? ആനകൾക്ക് പഥ്യമായ ഭക്ഷണപദാർത്ഥങ്ങൾ വളർത്തുന്നതാണ് കാരണം. വാഴയും കരിമ്പും വെച്ചാൽ ആനകൾ തേടി വരില്ലേ? പിന്നെ വരാതിരിക്കുമോ? കാര്യം ശരി തന്നെ. വർഷങ്ങളോളം പരുത്തി വളർന്നിരുന്ന കൊങ്കുനാടൻ മണ്ണുകൾ കുഴൽകിണറുകളാൽ ഫലഭൂയിഷ്ഠമായപ്പോൾ പരുത്തിക്കാടുകൾ വാഴയ്ക്കും തെങ്ങിനും കരിമ്പിനും ചോളത്തിനും വഴി മാറി. ഇവ വനയോരങ്ങൾ വരെ നീണ്ടപ്പോൾ അക്കേഷ്യൻ മുൾക്കാടുകളിലെ പട്ടയും പുല്ലുമാണോ തിന്നേണ്ടത് അതോ അതിനരികിൽ മാദകഗന്ധം പടർത്തി നിൽക്കുന്ന കാർഷിക വിളകളാണോ എന്ന് ആനകൾക്ക് ഒരു പക്ഷേ, അധികം ചിന്തിക്കേണ്ടി വന്നിട്ടുണ്ടാവില്ല. അല്പം അപായസാധ്യതകളെ തരണം ചെയ്താൽ ആനുകൂല്യങ്ങൾ പതിന്മടങ്ങാണ് ആനകൾക്ക്. ഭീരുക്കളല്ല അവർ.

**എന്ത് പദ്ധതികൾ ആസൂത്രണം ചെയ്താലും അത് സർക്കാരിന്റെയും ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെയും ചുമതലയും കടമയുമാണെന്ന് കരുതി യാതൊരു ഉത്തരവാദിത്തവും കാണിക്കാൻ ആ മേഖലയിലെ ജനങ്ങൾ തയ്യാറാവാത്തിടത്തോളം കാലം അവ പരാജയപ്പെട്ടുകൊണ്ടിരിക്കും.**



പെരുവയർ നിറക്കാൻ പാടുപെടുന്നവർക്ക് ഇത്തിരിപ്പോന്ന മനുഷ്യരുടെ ചെറുത്തുനിൽപ്പുകളെ, അവരുടെ ദുർബലമായ കരങ്ങൾ കൊണ്ടുള്ള പടക്കമേറുകളെ ഏറെക്കാലം ഭയന്ന് പിന്മാറാനുമാകില്ല!

'ഹിപ്പോക്കാമ്പസും സെറിബെല്ലവും ഇതര മസ്തിഷ്കഘടനകളും മനുഷ്യരുടേതിന് സമമായ ആനകളുടെ ദൈനംദിന കാര്യങ്ങൾ തീരുമാനിക്കുന്നത് ഇത്തരം സിദ്ധാന്തം മാത്രമാവില്ല.' ഉയർന്നു കേട്ട ഈ ശബ്ദം പാതി മയക്കം വിട്ടുണർന്ന നാലാമന്റേതായിരുന്നു. ആത്യന്തികമായി സാമൂഹ്യ ജീവിയായ ആനകളിൽ തലമുറകളിലേക്ക് അറിവ് പകർന്ന് കൊടുക്കുന്ന ശീലമുള്ളതിനാൽ മുൻകാലങ്ങളിൽ ആ സ്ഥലത്ത് കൂടെ സഞ്ചരിച്ച ഓർമയുടെ പുറത്താണ് ഇന്ന് നഗരങ്ങളായി മാറിയ പലയിടത്തും കാട്ടാനകളെ കണ്ടുവരുന്നതത്രെ. ജോയ്സ് പൂളും സിന്തിയ മോസും ഡഗ്ലസ് ഹാമിൽട്ടണും മൈക്ക് ചേസും ഇത്തരത്തിൽ ആനകൾ അറിവ് തലമുറകളിലേക്ക് പകരുന്നതിനെക്കുറിച്ചും അവയുടെ ദീർഘദൂര സഞ്ചാരത്തെക്കുറിച്ചും അവയുടെ സ്ഥിര വാസമേഖലയോടുള്ള വിശ്വാസ്യത അഥവാ fideltiy-യെ കുറിച്ചും മനോഹര ലേഖനങ്ങൾ കഴിഞ്ഞ മൂന്നര പതിറ്റാണ്ടിനിടയ്ക്ക് എഴുതിയിട്ടുണ്ട്. 'കർണാടകത്തിലെ തുംകൂറിലെ വയലുകളിലും വയനാട് പനമരത്തെ കാപ്പിത്തോട്ടങ്ങളിലും തെക്കൻ ശ്രീലങ്കയിലെ തിസ്സമഹാരമയിലെ മാലിന്യക്കൂമ്പാരങ്ങൾക്കിടയിലും ആനകളെ കണ്ടുവരുന്നത് അത് മൂലമാവണം. കയ്യിലുള്ള പത്രം നാലായി മടക്കി ഒന്നാം പേജിലെ ചിത്രം കാണിച്ച്, നാലാമന്റെ തുണക്കാരനൊരാൾ. എന്താണതിൽ? കിലോമീറ്ററുകൾ സഞ്ചരിച്ച്, കവിഭാവനകളിൽ ഉൾപുളകമുണർത്തുന്ന കാഴ്ചയൊരുക്കി നിളാനദിയിൽ നീരാടുകയായിരുന്ന മൂന്ന് കരിവീരശ്രേഷ്ഠന്മാരുടെ ചിത്രം. പറയെടുപ്പിന് വന്ന ആനകളെന്ന് കരുതി അവയെ അരിയും പൂവുമെറിഞ്ഞ് ഫലങ്ങൾ നൽകി സ്വീകരിച്ചവർ വരെയുണ്ടത്രേ, വള്ളുവനാടൻ ഗ്രാമങ്ങളിൽ! അല്പം തമാശ കൂട്ടിച്ചേർത്തു നമ്മുടെ ഉത്സാഹഭരിതനായ തുണക്കാരൻ.

ഈ അഭിപ്രായങ്ങളോടൊന്നും യോജിക്കാത്ത കണക്കെ നിന്ന അഞ്ചാമൻ പക്ഷേ, ഉരിയാടിയപ്പോൾ അവൻ പറഞ്ഞത് ശരിയാണെന്ന് തോന്നി മറ്റുള്ളവർക്കെല്ലാം. 'അതാത് സ്ഥലങ്ങളിൽ ആ പ്രദേശത്തിന്റെ പ്രശ്നം മനസ്സിലാക്കി സംഘർഷ സാഹചര്യങ്ങൾ, വിശേഷാൽ മനുഷ്യ ജീവഹാനി ഏത് രീതിയിൽ സംഭവിക്കാൻ സാധ്യതയുണ്ടോ എന്നു മനസ്സിലാക്കി അത് ഏതെങ്കിലും രീതിയിൽ തടയാൻ ഒരുപാധി ഏർപ്പെടുത്തിയാൽ പ്രശ്നപരിഹാരം ഒരളവുവരെ സാധ്യമാവും. പക്ഷേ, യഥാർത്ഥ പ്രശ്നം അതല്ല. എന്ത് പദ്ധതികൾ ആസൂത്രണം ചെയ്താലും അത് സർക്കാരിന്റെയും ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെയും ചുമതലയും കടമയുമാണെന്ന് കരുതി യാതൊരു ഉത്തരവാദിത്തവും കാണിക്കാൻ ആ മേഖലയിലെ ജനങ്ങൾ തയ്യാറാവാത്തിടത്തോളം കാലം അവ പരാജയപ്പെട്ടുകൊണ്ടിരിക്കും. 'കൂട്ടായ പരിശ്രമം കൊണ്ട് മാത്രമേ ഈ വിഷയത്തിന് ഒരു പരിഹാരം സാധിക്കുകയുള്ളൂ', നമ്മുടെ അഞ്ചാമന്റെ ശബ്ദത്തിൽ അനുഭവസമ്പത്ത് പകർന്നു നൽകിയ ആത്മവിശ്വാസം നിഴലിക്കുന്നുണ്ടായിരുന്നു.

പറഞ്ഞ കാര്യങ്ങൾ വളരെ ശരിയാണ് - ഇത്തരത്തിൽ പ്രശ്നങ്ങൾ മനസ്സിലാക്കിയതു മൂലം പശ്ചിമഘട്ടത്തിലെ ആനമലക്കാടുകളുടെ മധ്യഭാഗത്തായി സ്ഥിതി ചെയ്യുന്ന വാൽപ്പാറയിലെ തോട്ടം മേഖലയിൽ കഴിഞ്ഞ ചില വർഷങ്ങളായി സംഘർഷബാധിത പ്രദേശങ്ങളുടെ എണ്ണവും ആനകൾ മൂലം വീടുകൾക്കും മറ്റുമുണ്ടാവുന്ന നാശനഷ്ടങ്ങളും കുറയുന്നതായി കണ്ടുതുടങ്ങിയിരിക്കുന്നു. ആനകളുടെ നീക്കങ്ങളെക്കുറിച്ചുള്ള 'മുന്നറിയിപ്പ് സം



Aneesh Sankarankutty

വിധാനം' എന്ന പേരിൽ അറിയപ്പെടുന്ന ഒരു പറ്റം സാങ്കേതിക ഉപാധികൾ പ്രശ്നപരിഹാരത്തിന് വലിയ രീതിയിൽ ഉതകുന്നുണ്ടെങ്കിലും പരിശ്രമങ്ങളുടെ വിജയകാരണം പക്ഷേ, അതല്ല! വർഷങ്ങളെടുത്ത് അവിടുത്തെ സാഹചര്യങ്ങളെ ആഴത്തിൽ, ശാസ്ത്രീയമായി മനസ്സിലാക്കിയ പഠനങ്ങളാണ് യഥാർത്ഥത്തിൽ വിജയിച്ചുകൊണ്ടിരിക്കുന്നത്. ആ പഠനങ്ങൾക്കായി ജീവൻ പണയം വെച്ച് മുന്നിട്ടിറങ്ങിയ ശാസ്ത്രജ്ഞരുടെ ഉദ്യമങ്ങളാണ് ജനങ്ങളെയും ആനകളെയും പരസ്പരം കൊന്നൊടുക്കാതെ ജീവിക്കാൻ ഇന്ന് പ്രേരിപ്പിക്കുന്നത്!

സമാനരീതിയിൽ ശ്രീലങ്കയുടെ വടക്കൻ മേഖലകളിൽ ഗാൽഗാമുവാ, വാസ്ഗാമുവ തുടങ്ങിയ സ്ഥലങ്ങളിൽ ഗജശാസ്ത്രജ്ഞൻ ഡോക്ടർ പൃഥ്വിരാജ് ഫെർണാണ്ടോയുടെ പ്രകൃതി സംരക്ഷണ ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ പ്രാദേശിക സമിതികൾ രൂപീകരിച്ച് സംഘർഷങ്ങൾ ലഘൂകരിക്കുകയുണ്ടായി. ഇവിടെ പക്ഷേ, വൈദ്യുത വേലികൾ സ്ഥാപിച്ചാണ് കാര്യങ്ങൾ നിയന്ത്രണത്തിലാക്കിയത്. വൈദ്യുത വേലികളുടെ പരിപാലനം പൂർണമായും മേൽപ്പറഞ്ഞ പ്രാദേശിക സമിതികളുടെ മേൽനോട്ടത്തിലായതിനാൽ നോട്ടക്കുറവോ പിഴവോ വരുന്നില്ലെന്ന് മാത്രമല്ല, ഈ ഉദ്യമം പതുക്കെ സുസ്ഥിരമാകുവാനും തുടങ്ങി. വൈദ്യുത വേലികൾകൊണ്ട് അനുകൂലഫലം കാണുകയില്ല എന്ന മുൻധാരണ കൊണ്ടുനടക്കുന്നവർ അവിടെ വരെ പോയി അത് കാണണം. വേലിയുടെ അടുത്തു വരെ നീളുന്ന ആനകളുടെ കാൽപ്പാടുകൾ അവിടെ നിന്നും വഴി മാറി തിരിച്ച് പോന്നിരിക്കുന്നതായി കാണാം.

അല്പം വൈകിയെത്തിയതു കാരണം ചർച്ചയിൽ, അഥവാ സംവാദത്തിൽ പങ്കെടുക്കാതെ അല്പമകലെ മാറി നിന്ന് എല്ലാം കേൾക്കുകയായിരുന്നു ആറാമനായ കൃഷ്ണൻ. അതു നന്നായെന്ന് തോന്നി - ഒട്ടും വൈകിക്കാതെ തിരിച്ച് നടത്തം തുടങ്ങി. വന്ന വേഗതയില്ല പക്ഷേ; മനസ്സ് നിറയെ ചിന്തകൾ നിറഞ്ഞിരിക്കുന്നു ഇപ്പോൾ. ആനയെന്നാൽ നാല് തൂണ് പോലുള്ള കാലുകളും ചൂല് കണക്കെ വാലും മുറം പോലുള്ള ചെവികളും തുമ്പിക്കൈയും എല്ലാംകൂടി സമ്മിശ്രമായ ഒരു ആജാനുബാഹുവായ, ഗാംഭീര്യത്തികവാർന്ന, സർവ്വോപരി സങ്കീർണതകൾ നിറഞ്ഞ ഒരു മഹാത്ഭുതമാണെന്ന് മനസ്സിലാക്കാൻ ഏതായാലും കൃഷ്ണന് പിന്നെ വലിയ ബുദ്ധിമുട്ടുണ്ടായില്ല. ഈ വീക്ഷണങ്ങൾ, കൃഷ്ണനിൽ അന്ധനാണെങ്കിലും പുതിയ ചിന്തകളും വെളിപാടുകളുമുണർത്തി. കൃതയുഗത്തിൽ ഭദ്രനായും ത്രേതായുഗത്തിൽ മന്ദനായും ദ്വാപരയുഗത്തിൽ മൃഗമായും കലിയുഗത്തിൽ ഭദ്രമന്ദമൃഗ ജാതികളുടെ സമ്മിശ്രമായ ആനകളായും ജന്മമെടുത്ത, ഏതു തരത്തിലുള്ള സാഹചര്യവുമായും എളുപ്പം പൊരുത്തപ്പെടാൻ പോന്ന, highly adaptable എന്ന് തീർത്തും വിശേഷിപ്പിക്കാവുന്ന ആനകളെ കൂടുതലായി ജനവാസകേന്ദ്രങ്ങളിൽ നിന്നകലെയല്ലാതെ കാണാൻ സാധിക്കും, കാടും നാടും തമ്മിലുള്ള അന്തരം കുറഞ്ഞുവരുമ്പോൾ ആനകൾ നാട് കാടായും മനുഷ്യൻ കാട് നാടായും കണ്ടുതുടങ്ങും.

**കാടും നാടും തമ്മിലുള്ള അന്തരം കുറഞ്ഞുവരുമ്പോൾ ആനകൾ നാട് കാടായും മനുഷ്യൻ കാട് നാടായും കണ്ടുതുടങ്ങും. മനുഷ്യനും തമ്മിലുള്ള നിരന്തരമായ കൂടിക്കാഴ്ചകളിൽ അപകടമില്ലാതിരിക്കാൻ തയ്യാറെടുക്കുക എന്നതാണ് പ്രധാനം. ആനകളെക്കാൾ അക്കാര്യത്തിൽ ഏറെ ചെയ്യാൻ സാധിക്കുക മനുഷ്യനാണ്.**

വരും നാളുകളിൽ ഏറെയുണ്ടാകാൻ സാധ്യതയുള്ള അത്തരം സന്ദർഭങ്ങളിൽ, കാട്ടാനയും മനുഷ്യനും തമ്മിലുള്ള നിരന്തരമായ കൂടിക്കാഴ്ചകളിൽ അപകടമില്ലാതിരിക്കാൻ തയ്യാറെടുക്കുക എന്നതാണ് പ്രധാനം. ആനകളെക്കാൾ അക്കാര്യത്തിൽ ഏറെ ചെയ്യാൻ സാധിക്കുക മനുഷ്യനാണ്. ഇനി നേരിടാൻ പോകുന്ന അപ്രതീക്ഷിതമായ മുഖാമുഖങ്ങളിൽ ആസൂത്രിത നീക്കങ്ങളും തയാറെടുപ്പുകളും ഇരുഭാഗത്തെയും മാനസിക, ശാരീരികാഘാതങ്ങളെ ചെറുക്കാൻ സഹായിച്ചേക്കും. സംഘർഷം എന്ന് ജനസഹസ്രങ്ങളും മാധ്യമങ്ങളും ഉദ്ഘോഷിക്കുന്ന ആ 'വന്യസന്ദർശനങ്ങളെ' ഒരു സൗഹൃദ സന്ദർശനമായി കണക്കാക്കി വിരുന്നുകാരെ മനസ്സു വിഷമിപ്പിക്കാതെയും ശരീരത്തിന് പരിക്കേൽക്കാതെയും തിരിച്ചയക്കാനുള്ള പക്വത നേടാൻ മനുഷ്യരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യം നിറവേറ്റാനായിരിക്കണം ഇനി അധികാരിവർഗ്ഗത്തിന്റെ ആത്മാർത്ഥമായ ശ്രമങ്ങളത്രയും.

ഏറെക്കാലത്തെ പരിശ്രമം കൊണ്ടു നേടിയ അറിവുകളിൽ നിന്നും, അനുഭവങ്ങൾ നൽകിയ ബാലപാഠങ്ങളിൽ നിന്നും അടർത്തിയെടുത്ത ഏടുകൾ മനസ്സിൽ ഒന്നൊന്നായി മറിയവേ, തെല്ലകലെയല്ലാത്ത സഹവർത്തിത്വ നാളുകൾ സ്വപ്നം കണ്ട് കൃഷ്ണൻ നടന്നകന്നു. ●

*പരിഭാഷ: അശ്വതി ചന്ദ്രൻ യു.ബി.*



# ഇന്ത്യയിലെ മനുഷ്യ - വന്യജീവി സംഘർഷം ഒരു അവലോകനം

ഡോ. എ.ജെ.ടി. ജോൺസിങ്ങ്,
ഡോ. പി.ഒ. നമീർ

ഇന്ത്യയിൽ 130 കോടി ജനസംഖ്യ ഉണ്ടായിട്ടും, 24.1 ശതമാനം പ്രദേശം വനമേഖലയിലും അതിൽത്തന്നെ 4.93 ശതമാനം സംരക്ഷിത വനപ്രദേശങ്ങളിലുമാണെങ്കിലും ഒട്ടനവധി തരം വന്യജീവികൾ മനുഷ്യരുമായുള്ള സംഘർഷത്തിന്റെ ഭാഗമാകുന്നുണ്ട്. 'വന്യജീവി' എന്നതുകൊണ്ട് കൃഷിചെയ്യാത്തതും പരിപാലിച്ചു വളർത്താത്തതുമായ ചെടികളേയോ മൃഗങ്ങളേയോ ആണ് ഉദ്ദേശിക്കുന്നത്. ചെടികളെക്കുറിച്ചു പരിശോധിച്ചാൽ, വിദേശത്തുനിന്നും വന്നിട്ടുള്ള പല ചെടികളും മനുഷ്യന്റേയും വന്യജീവികളുടെയും സുഗമമായ നിലനിൽപ്പിന് ദോഷകരമായി ബാധിക്കുന്നുണ്ട്. അതിൽ തന്നെ മികച്ച ഒരു ഉദാഹരണം, ശുദ്ധജലാശയങ്ങളിലെ മത്സ്യസമ്പത്തിനേയും ഒട്ടുമിക്ക ജലപക്ഷികളുടെ ആവാസവ്യവസ്ഥയേയും നശിപ്പിച്ചുകൊണ്ട് കടന്നുവന്ന ഇപ്പോമെ കോർണെ (Ipomoea carnea) എന്ന മധ്യ അമേരിക്കൻ വാസിയായ ഒരു ജലസസ്യമാണ്. നിരവധി തരം കൊതുകുകളും (eg: *Aedes aegypti, A. albopictus*) മാരകമായ അസുഖങ്ങൾ പടർത്തി മനുഷ്യനുമായി സംഘർഷത്തിലാണ്. അതുപോലെ തന്നെ ടിലാപിയ (Tilapia), ആഫ്രിക്കൻ മുഷി പോലുള്ള പുറമെ നിന്നുള്ള മത്സ്യങ്ങളെ ഇവിടേക്ക് എത്തിക്കുന്നതുവഴി വിലപിടിപ്പുള്ള നമ്മുടെ തനത് മത്സ്യങ്ങളുടെ നല്ലൊരു പങ്കും നശിക്കുകയും ചെയ്യുന്നു. ഇതും ഒരു മനുഷ്യ-വന്യജീവി സംഘർഷമായി കണക്കാക്കപ്പെടുന്നു. ആയിരത്തോളം ജനങ്ങൾ നമ്മുടെ സാധാരണ വിഷപ്പാമ്പുകളായ വെള്ളിക്കെട്ടനും (common krait), മൂർഖനും (common cobra), അണലിയും (Russel's viper) ഒക്കെ കാരണം മരിക്കുന്നുണ്ട്. ഒറീസ്സയിലെ ഭിത്താർകനിക വന്യജീവി സങ്കേതം പോലുള്ള സ്ഥലങ്ങളിൽ കായൽ മുതലകൾ (Salt-water Crocodiles) ഇടക്കിടെ മീൻപിടുത്തക്കാരായ മനുഷ്യരെ കൊല്ലുന്നു. എരണ്ടകൾ, തത്തകൾ, മയിലുകൾ തുടങ്ങി ചില പക്ഷികളും വിളകൾക്ക് നാശമുണ്ടാക്കി കർഷകരെ ബാധിക്കുന്നു.

ഈ ലേഖനത്തിൽ ഞങ്ങൾ മനുഷ്യനുമായി സംഘർഷമുണ്ടാക്കുന്ന സസ്തനികളെപ്പറ്റിയും ഇവയുണ്ടാക്കുന്ന പ്രശ്നങ്ങൾക്ക് ചില പരിഹാരങ്ങളെപ്പറ്റിയും മാത്രമാണ് പറയുന്നത്. ഇന്ത്യയിൽ 425 തരം സസ്തനികൾ 13 ഓഡറുകളിലായി ഉണ്ടെങ്കിലും, മനുഷ്യനുമായി സംഘർഷത്തിലേർപ്പെടുന്നവ വവ്വാലുകൾ (Chiroptera), കുരങ്ങന്മാർ (Primates), മാംസഭുക്കുകൾ (Carnivora), അയവിറക്കുന്ന സസ്യഭുക്കുകൾ (Artiodactyla), എലി വർഗ്ഗങ്ങൾ (Rodentia), ആനകൾ (Proboscidea) എന്നീ ഓഡറുകളിലാണ് കൂടുതലായി ഉള്ളത്.

ഇതിൽതന്നെ വവ്വാലുകളുടെ കൂട്ടത്തിൽ കാര്യമായ നാശങ്ങൾ ഉണ്ടാകാൻ കഴിയുന്നത് സാധാരണയായി കാണുന്ന കടവാവലിനാണ് (Indian Flying Fox). അവ മാവ്, പേര, ലിച്ചി, സപ്പോട്ട മുതലായ ഫലവിളകളെ കൂടുതലായി ഭക്ഷിച്ച് നഷ്ടമുണ്ടാക്കുന്നു. പക്ഷെ സങ്കടകരം എന്നു പറയട്ടെ വഴിയോരങ്ങളിലും, ഹൈവേകളുടെ ഓരങ്ങളിലും കണ്ടുവരുന്ന മരങ്ങളായ ഞാവൽ, ആൽമരങ്ങൾ, വേപ്പുമരങ്ങൾ, ഇലുപ്പായി (Iluppai) തുടങ്ങിയ മരങ്ങളിലെ പഴങ്ങളെ ആശ്രയിച്ചായിരുന്നു ഇവയുടെ നിലനിൽപ്പ്. വളരാനും പാകമാകാനും കാലങ്ങൾ എടുക്കുന്ന ഇത്തരം മരങ്ങളെ റോഡ് വികസനത്തിന്റെ ഭാഗമായി മുറിച്ച് മാറ്റുന്നതിനാൽ കടവാവലുകളുടെ എണ്ണവും കുറയുന്നു. പൊതുവായി പറഞ്ഞാൽ ഇത്രയും പഴക്കവും മൂല്യവുമുള്ള ഈ മരങ്ങൾക്ക് തികഞ്ഞ അവഗണനയാണ് രാജ്യം നൽകുന്നത്.

കുരങ്ങന്മാരിൽ റീസസ്സ് മക്കാക്ക് (Rhesus macaque) എന്ന കുരങ്ങു വർഗമാണ് കൂടുതലായി നാശങ്ങൾ ഉണ്ടാക്കുന്നത്. മനുഷ്യർക്ക് മാത്രമല്ല പല ഇവ പക്ഷികൾക്കും നാശമുണ്ടാക്കുന്നു. കൂടാതെ ഇപ്പോൾ മനസ്സിലാക്കാൻ കഴിയുന്നത് ഇവ അവയുടെ അടുത്ത ബന്ധുവായ നാടൻ കുരങ്ങുകളെ (Bonnet macaque) അവയുടെ വാസസ്ഥലമായ തെക്കേ ഇന്ത്യയിൽ നിന്നും പടിപടിയായി ഉന്മൂലനം ചെയ്ത് മുന്നേറുകയാണ്. ഏറ്റവും പുതിയ കണക്കുകൾ പ്രകാരം റീസസ് മാക്കാക്കിന്റെ എണ്ണം 50 ലക്ഷം കഴിയുകയും അവ അവയുടെ ആവാസവ്യവസ്ഥ വളരെ വേഗത്തിൽ വിപുലീകരിക്കുകയും ചെയ്യുന്നു. അങ്ങനെ തെക്കേ ഇന്ത്യയിൽ മാത്രം കാണപ്പെടുന്ന നാടൻ കുരങ്ങിന് ഈ അക്രമകാരിയായ നുഴഞ്ഞുകയറ്റക്കാരുടെ ശ്രമഫലമായി 28,000 ചതുരശ്ര കിലോമീറ്ററോളം വരുന്ന അവയുടെ ആവാസവ്യവസ്ഥ നഷ്ടമായി. രാജ്യത്തെ മുൻപന്തിയിലുള്ള പ്രൈമറ്റോളജിസ്റ്റുകളായ (കുരങ്ങന്മാരെ പറ്റി പഠിക്കുന്ന ശാസ്ത്രജ്ഞർ) ഡോ. മേവ സിങ്ങും, ഡോ. അനിന്ദിയ സിൻഹയുമാണ് ഈ വിവരങ്ങൾ കണ്ടുപിടിച്ചത്.

റീസസ് മാക്കാക്കിന്റെ സാന്നിദ്ധ്യമുള്ള സ്ഥലങ്ങളിൽ അവ ഉണ്ടാക്കുന്ന വിളനാശങ്ങൾ വളരെ ഗൗരവമേറിയ വിഷയമായി മാറിക്കൊണ്ടിരിക്കുന്നു. കൂടാതെ ഭക്ഷണസാധനങ്ങൾ കൊണ്ടുപോകുന്ന മനുഷ്യരെ, പ്രത്യേകിച്ചും സ്ത്രീകളേയും കുട്ടികളേയും ആക്രമിക്കാനും അവയ്ക്ക് മടിയില്ല. ഹിമാലയത്തിനടുത്തുള്ള ജനങ്ങൾ നായകളേയും കവണയും മറ്റും ഉപയോഗിച്ച് കുരങ്ങന്മാരെ നിയന്ത്രിക്കുന്നതിൽ ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട്. പക്ഷികളുടെ മുട്ടയും, കുഞ്ഞുങ്ങളേയും, അവസരം കിട്ടിയാൽ പക്ഷികളേയും ഭക്ഷിച്ച്, കൂടുകൾ നശിപ്പിക്കുകയും ചെയ്ത് പക്ഷികൾക്കിടയിൽ ഇവ ഉണ്ടാക്കുന്ന നാശം



Praveen P Mohandas

വളരെ വലുതാണ്. ഡെറാഡൂണിൽ ഒരു ശാസ്ത്രജ്ഞൻ ഒരു റീസസ്സ് കുരങ്ങൻ ഒരു നാടൻ മൈനയെ പിടിച്ച് തിന്നുന്നത് കാണുകയുണ്ടായി. ഇവയെ കൊല്ലുന്നത് മൗലികവാദികളിൽ രോഷമുണ്ടാക്കുന്നതു കൊണ്ടും ഇവയുടെ വന്ധ്യംകരണ പ്രക്രിയ അത്രകണ്ട് വിജയം കാണാത്തതിനാലും ഈ കുരങ്ങുകൾ രാജ്യത്തെ ജനങ്ങൾക്കും പക്ഷികൾക്കും വളരെയധികം പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

പലയിനം മാംസഭുക്കുകളും മനുഷ്യനുമായുള്ള സംഘർഷത്തിലേർപ്പെടുന്നുണ്ട്. കീരി, കാട്ടുപൂച്ച, ചെന്നായ, കുറുനരി, കരടി, കരിങ്കരടി, തവിട്ടുകരടി, പുള്ളിപ്പുലി, സിംഹം, കടുവ എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു.

ആദ്യം പറഞ്ഞ രണ്ട് ജീവികളും ജോൺസിങ്ങിന്റെ വീട്ടിലെ കോഴിക്കൂട്ടിൽ നിന്നും കോഴികളെ പിടിക്കുന്നതും കൊല്ലുന്നതും കുഞ്ഞായിരുന്നപ്പോൾ കണ്ടിട്ടുണ്ട്. ചെന്നായ്ക്കൾ ചെമ്മരിയാടുകളെ കൊല്ലുന്നത് കണ്ടിട്ടുണ്ട്. കൂടാതെ തണ്ണിമത്തൻ, നിലക്കടല, ചിലപ്പോൾ കരിമ്പ് പോലുള്ള വിളകൾ വരെ അവ ഭക്ഷിക്കാറുണ്ടെന്നും റിപ്പോർട്ടുകളുണ്ട്. വളരെ അപൂർവ്വമായി ചിലപ്പോൾ ചെന്നായ്ക്കൾ മനുഷ്യരെ ഉപദ്രവിക്കാറുണ്ട്, 2017 സെപ്റ്റംബറിൽ



Praveen P Mohandas

**ഇന്ത്യൻ ഉപദ്വീപിലും, ഹിമാലയത്തിലുമൊക്കെ ചെന്നായ്ക്കൾ ചെമ്മരിയാടുകളേയും, ആടുകളേയും ആക്രമിക്കാറുണ്ട്. ഉൾനാടൻ ഗ്രാമങ്ങളിൽ വീടിന് പുറത്ത് കിടന്നുറങ്ങുന്ന കുഞ്ഞുങ്ങളെ കഴുതപ്പുലികൾ പിടിച്ചുകൊണ്ട് പോകുന്നതായും റിപ്പോർട്ടുകളുണ്ട്.**

ചെന്നൈയിൽ സംഭവിച്ചതുപോലെ. ഇന്ത്യൻ ഉപദ്വീപിലും, ഹിമാലയത്തിലുമൊക്കെ ചെന്നായ്ക്കൾ ചെമ്മരിയാടുകളേയും, ആടുകളേയും ആക്രമിക്കാറുണ്ട്. ഉൾനാടൻ ഗ്രാമങ്ങളിൽ വീടിന് പുറത്ത് കിടന്നുറങ്ങുന്ന കുഞ്ഞുങ്ങളെ കഴുതപ്പുലികൾ പിടിച്ചുകൊണ്ട് പോകുന്നതായും റിപ്പോർട്ടുകളുണ്ട്.

വനപ്രദേശങ്ങൾക്കടുത്തുള്ള ഗ്രാമങ്ങളിലെ തേൻകൂടുകൾ, ചക്ക, മാങ്ങ, നിലക്കടല തുടങ്ങി നിരവധി സാധനങ്ങൾ കരടികൾ അപഹരിക്കാറുണ്ട്. കൂടാതെ കാട്ടിൽ പോകുന്ന ആളുകളെ അവ ആക്രമിച്ച റിപ്പോർട്ടുകളുണ്ട്. കരിങ്കരടികൾ ചോളം, ആപ്പിൾ പോലുള്ള വിളകൾ നശിപ്പിക്കുകയും നിരവധി ആളുകളെ ഉപദ്രവിക്കുകയും ചെയ്യാറുണ്ട്. മതിയായ സംരക്ഷണം നൽകാതെ നിർത്തുന്ന ചെമ്മരിയാടുകളെ തരംകിട്ടുമ്പോൾ ചെങ്കരടികളും ആക്രമിക്കാറുണ്ട്. അവസരം കിട്ടുമ്പോൾ ഹിമപ്പുലികൾ ചെമ്മരിയാടുകളേയും ആടുകളേയും കൂട്ടിൽക്കയറി കൊന്നൊടുക്കുന്ന പ്രവണത കണ്ടുവരാറുണ്ട്. മലമുകളിലും മറ്റും വളർത്തു നായ്ക്കളും ആളുകളും സംരക്ഷണത്തിനുള്ളതിനാൽ മേഞ്ഞു നടക്കുന്ന ഇവയെ പിടിക്കുന്നത് അത്ര എളുപ്പമല്ല.

പൊരി ഗാർവാൾ (Pauri Garhwal) പോലുള്ള സ്ഥലങ്ങളിൽ നരഭോജികളായ പുള്ളിപ്പുലികൾ ഒരു പ്രശ്നമാണ്. ഇതിന് കാരണക്കാർ അവിടുത്തെ മനുഷ്യർതന്നെയാണ്. കാരണം വേട്ടയാടലും, വനനശീകരണവും മൂലം അവിടുത്തെ പുലികളുടെ ഭക്ഷണമായ ഗോറാലുകളേയും (Goral) കേഴമാനുകളേയും (Barking deer) മിക്കവാറും തുടച്ചു നീക്കിയിരിക്കുന്നു. പുള്ളിപ്പുലികൾക്ക് മലമടക്കുകളിൽ മറഞ്ഞിരിക്കാൻ സാധിക്കുകയും, അവയ്ക്ക് സ്വാഭാവികമായ ഇര കിട്ടാതാകുമ്പോൾ രാത്രികാലങ്ങളിൽ അടുത്തുള്ള ഗ്രാമങ്ങളിൽ ഇരതേടി അവയെത്തുമ്പോൾ, ഇരുട്ടിന്റെ മറവിൽ വീടുകൾക്കിടയിൽ അലഞ്ഞു നടക്കുന്ന കുഞ്ഞുങ്ങളോ, രാത്രികാലങ്ങളിൽ പൊന്തക്കാടുകളിൽ വിസർജ്ജിക്കാൻ പോകുന്ന സ്ത്രീകളോ കൊല്ലപ്പെടുന്നു. പ്രശസ്തനായ ജിം കോർബറ്റ് പറഞ്ഞതുപോലെ, ഒരു പുലി നരഭോജിയായി മാറിയാലും മനുഷ്യനോടുള്ള അവന്റെ പേടി മാറുന്നില്ല. അതുകൊണ്ടാണ് അവൻ അക്രമിക്കാൻ ഇരുട്ടിന്റെ മറതേടുന്നത്.

നരഭോജികളായ കടുവകൾ ഹിമാലയൻ താഴ്വരകളിലും, സുന്ദർബൻസ്, മധ്യ ഇന്ത്യയിലെ ബണ്ഡ്ഗാവ് ഗാർഹ് (Bandavgarh) പോലുള്ള വനങ്ങളിലും കാണപ്പെടുന്നു. പരമാവധി 30 ആളുകളാണ് ഇന്ത്യയിൽ കടുവകളാൽ കൊല്ലപ്പെടുന്നത്. പുള്ളിപ്പുലികളിൽ നിന്ന് നേരെ വിപരീതമായി ഒരിക്കൽ മനുഷ്യനെ നേരിട്ടു കഴിയുമ്പോൾ കടുവകൾ കൂടുതൽ ധൈര്യശാലികളാകുന്നു. അവയ്ക്ക് മനുഷ്യനെ ഭയമില്ലാതാകുന്നു. കാട്ടിൽകൂടി നടന്നുപോകുന്ന ഒരു ആൾക്കൂട്ടത്തിൽ നിന്നു വരെ ഒരു മനുഷ്യനെ തട്ടിയെടുത്ത് കൊല്ലാൻ മാത്രമുള്ള ധൈര്യം അതിനുണ്ടാകുന്നുവെന്നാണ് ജിം കോർബറ്റ് പറയുന്നത്. മധ്യ ഇന്ത്യയിലും, വടക്കേ ഇന്ത്യയിലും കടുവകൾ വളർത്തുമൃഗങ്ങളേയും കന്നുകാലികളേയും കൊല്ലുന്നത് വളരെ സാധാരണമാണ്. കൂടാതെ അത്തരത്തിൽ കന്നുകാലികൾ ഇവയുടെ ഭക്ഷണക്രമത്തിൽ ഉൾപ്പെടുമ്പോൾ അത് വളരെ നിർണ്ണായകമാകുന്നു. ഗിർ വനത്തിലെ സിംഹങ്ങളുടെ പ്രധാനഭക്ഷണം ഗിർ സംരക്ഷണ മേഖലക്ക് പുറത്തുള്ള കന്നുകാലികളാണ്. കാരണം സസ്യാഹാരികളുടെ സം

Praveen P Mohandas





Praveen P Mohandas

സ്ഥാനമായ ഗുജറാത്തിൽ കന്നുകാലികളുടെ എണ്ണം വളരെ കൂടുതലാണ്. അങ്ങനെ അവ സിംഹങ്ങളുടെ ഭക്ഷണമായി വളരെ നിർണ്ണായക പങ്കുവഹിക്കുന്നു. അതുകൊണ്ടു തന്നെ ഗിർ വനങ്ങളിൽ സിംഹങ്ങൾ മനുഷ്യരെ കൊല്ലുന്നത് വളരെ അപൂർവ്വമാണ്.

ചിന്താകർഷകമായ മറ്റൊരു കാര്യം, മാംസഭുക്കുകളിൽ തന്നെ മനുഷ്യർക്കും, വന്യജീവികൾക്കും ഏറ്റവും കൂടുതൽ പ്രശ്നം ഉണ്ടാകുന്നത് വളർത്തു നായ്ക്കളാണ്. ഇന്ത്യയിൽ തെരുവിൽ അലയുന്ന പട്ടികളുടെ എണ്ണം ഏകദേശം 300 ലക്ഷത്തിന് അടുത്തുണ്ടെന്ന് കണക്കാക്കപ്പെടുന്നു. കൂടാതെ ഏകദേശം 25,000ത്തോളം ആളുകൾ പേവിഷബാധയേറ്റ് ഒരു വർഷത്തിൽ മരിക്കുന്നുണ്ട്. തെരുവിൽ അലയുന്ന നായ്ക്കൾ പുള്ളിമാൻ, മ്ലാവ്, നീലക്കാള, ചിങ്കാരമാൻ തുടങ്ങി നിരവധി വന്യജീവികളെ കൊല്ലാറുള്ളതായി റിപ്പോർട്ടുകളുണ്ട്. പുള്ളിപ്പുലികൾ ഒറ്റക്ക് നടക്കുന്ന നായ്ക്കളെ കൊന്ന് ഭക്ഷിക്കാറുണ്ട്. പക്ഷേ, നായ്ക്കൾ കൂട്ടമായി കാണപ്പെടുന്ന മലകളിലെ മാലിന്യ കൂമ്പാരങ്ങൾ പോലുള്ള സ്ഥലങ്ങളിൽ പുലികൾ അവയെ ഒഴിവാക്കി പോകാറുണ്ട്. പുലിയെക്കാളും ഭീരുവായ മൃഗമായ ഹിമപ്പുലികളെ നായ്ക്കൾ കൂട്ടമായി ഓടിക്കുന്ന ചിത്രങ്ങളുണ്ട്.

**പുലികളുടെ ഇരകളായ ഗോറാലുകളേയും കേഴമാനുകളേയും വേട്ടയാടുന്നതിൽ ശക്തമായ നിയന്ത്രണം ഏർപ്പെടുത്തണം, അങ്ങനെ പുലികൾ ഇരതേടി ഗ്രാമങ്ങളിലേക്ക് കടക്കുന്നത് കുറയ്ക്കാനാകും. പുലികളുടെ ആവാസകേന്ദ്രങ്ങളായ സ്ഥലങ്ങളിൽ കുഞ്ഞുങ്ങളെ അലഞ്ഞുതിരിയാൻ അനുവദിക്കരുത്.**

മനുഷ്യരും ആനകളുമായുള്ള സംഘർഷങ്ങൾ ഇന്ത്യയിൽ വളരെ രൂക്ഷമായ ഒരു പ്രശ്നമാണ്. വിളകളും, ഉപ്പ്, അരി, മദ്യം തുടങ്ങിയവ സൂക്ഷിക്കുന്ന വീടുകളും ആനകൾ നശിപ്പിക്കുകയും വർഷത്തിൽ ഏകദേശം 500 മനുഷ്യരെ വരെ കൊല്ലുകയും ചെയ്യുന്നു. ഇത്തരത്തിൽ ആക്രമിക്കപ്പെടുന്ന മിക്കവരും ദരിദ്രരാണ്. 25,000 വരുന്ന ആനകളുടെ സംഖ്യയും, അവയ്ക്ക് മതിയായ ഭക്ഷണമില്ലാത്തതും നശിച്ചുകൊണ്ടിരിക്കുന്ന ആവാസവ്യവസ്ഥയും പല ഭക്ഷ്യ ഇനങ്ങളുടെയും മതിയായ പുനരുജ്ജീവനം ഇല്ലാത്തതും മനുഷ്യരും ആനകളുമായുള്ള സംഘർഷങ്ങൾക്ക് കാരണമാകുന്നു.

കുളമ്പുള്ള സസ്തനികളിൽ കാട്ടുപന്നി, നീലക്കാള, കൂടാതെ ഒരു പരിധിവരെ കൃഷ്ണമൃഗം എന്നിവയാണ് പ്രശ്നങ്ങൾ ഉണ്ടാക്കുന്നതിലും, വിളകൾ നശിപ്പിക്കുന്നതിലും മുന്നിൽ നിൽക്കുന്നത്. യഥാർത്ഥത്തിൽ ആനകളേക്കാൾ കൂടുതൽ കാട്ടുപന്നികളാണ് വിളകൾ നശിപ്പിക്കുന്നത്. ഓരോ വർഷവും എലികൾ ഇന്ത്യയിൽ പലവിധത്തിലുള്ള വസ്തുക്കൾക്കും വിളകൾക്കും വളരെയധികം നാശമുണ്ടാക്കുന്നു. അവ ഭക്ഷണം കഴിക്കുന്നതിന് പുറമെ അവയുടെ മൂത്രത്താലും വിസർജ്ജ്യത്താലും അതിനെ മലിനമാക്കുന്നു.

മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കാൻ ചില നിർദ്ദേശങ്ങൾ ഞങ്ങൾ മുന്നോട്ടു വെക്കുന്നു. കടവാവലുകൾ കൂട്ടമായി കഴിയുന്ന പ്രദേശങ്ങളിൽ വനംവകുപ്പും, പ്രദേശവാസികളും, വിദ്യാർത്ഥികളും ചേർന്ന് അവിടുത്തെ തനത് ഫലവൃക്ഷങ്ങളായ അരയാൽ, ഇലുപ്പായി (Iluppai), ഞാവൽ, പേരാൽ, ആര്യവേപ്പ്, അഹുവ (*Madhuca longifolia*) തുടങ്ങിയ വൃക്ഷങ്ങൾ നട്ടുവളർത്തുന്നതുവഴി പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാനാകും. കാലക്രമേണ ഇത് ആ പ്രദേശത്തെ വവ്വാലുകളുടെ കൂട്ടത്തിന് സഹായമായി മാറും. മറ്റു ധാരാളം പക്ഷികൾക്കും ഇതിന്റെ ഗുണം ലഭിക്കുന്നു. റീസസ്സ് കുരങ്ങുകളേയും, തെരുവിൽ അലയുന്ന നായ്ക്കളേയും നിയന്ത്രിക്കുന്നതിൽ കർശനമായ പരിശ്രമങ്ങൾ വന്നേ മതിയാകൂ. സഹതാപവും, ജാതി-മത ചിന്തകളും ഇത്തരത്തിലുള്ള പരിപാടികളിൽ ഇടപെടരുത്.

Spiti, Ladakh എന്നിവിടങ്ങളിൽ തദ്ദേശവാസികളുടെ സഹായത്തോടെ Nature Conservation Foundation, Mysore നടപ്പിലാക്കിയ കന്നുകാലികൾക്ക് നൽകുന്ന നഷ്ടപരിഹാര പരിപാടി ഹിമപ്പുലികൾ കാരണം കന്നുകാലികൾക്കുണ്ടാകുന്ന പ്രശ്നത്തിന് വളരെ മഹത്തായ ഒരു പരിഹാര മാതൃകയാണ്. സംരക്ഷണ പ്രവർത്തനങ്ങൾ ചെയ്യുന്ന സമൂഹത്തിന്റെ കൂട്ടായതും തുടർച്ചയായതുമായ സഹായം ഇതിനാവശ്യമാണ്. കടുവയും സിംഹവും കാരണം ഉണ്ടാകുന്ന കന്നുകാലികളുടെ പ്രശ്നത്തിന് നഷ്ടപരിഹാരം തുടർന്നും നൽകുകയും, കൂടാതെ നരഭോജികളെ (പുലി, കടുവ, സിംഹം) കാലതാമസം കൂടാതെ ഒഴിവാക്കുകയും ചെയ്യണം. കൂടാതെ പുലികളുടെ ഇരകളായ ഗോറാലുകളേയും കേഴമാനുകളേയും വേട്ടയാടുന്നതിൽ ശക്തമായ നിയന്ത്രണം ഏർപ്പെടുത്തണം, അങ്ങനെ പുലികൾ ഇരതേടി ഗ്രാമങ്ങളിലേക്ക് കടക്കുന്നത് കുറയ്ക്കാനാകും. പുലികളുടെ ആവാസകേന്ദ്രങ്ങളായ സ്ഥലങ്ങളിൽ കുഞ്ഞുങ്ങളെ അലഞ്ഞുതിരിയാൻ അനുവദിക്കരുത്. കൂടാതെ വീടുകളിൽ നിർബന്ധമായും ശൗചാലയങ്ങളും മറ്റു സൗകര്യങ്ങളും വേണം. അങ്ങനെ ജനങ്ങൾ രാത്രി പുറത്ത് ഇറങ്ങുന്നത് ഒഴിവാക്കാനാകും. നരഭോജികളായ പുലികളുള്ള സ്ഥലങ്ങളിൽ പ്രായപൂർത്തിയായ പുരുഷന്മാർ പോലും രാത്രി കാലങ്ങളിൽ വീടിന് പുറത്തുകിടന്നുറങ്ങുന്നത് പ്രോത്സാഹിപ്പിക്കാവുന്ന പ്രവർത്തിയല്ല. പതിയിരിക്കാനും നിശ്ശബ്ദമായി മനുഷ്യനെ കൊല്ലാനുമുള്ള നരഭോജികളായ പുലികളുടെ കഴിവ് കുപ്രസിദ്ധമാണ്.

ഇന്ത്യയിൽ ചില സ്ഥലങ്ങളിൽ കൂടുതൽ ആനകളും, അവയ്ക്ക് കഴിയാൻ മതിയാകാത്ത നശിച്ചുകൊണ്ടിരിക്കുന്ന ആവാസവ്യവസ്ഥകളിലുമാണ് മനുഷ്യനും ആനകളുമായുള്ള സംഘർഷം കൂടുതലായി കണ്ടുവരുന്നത്. ഉദാ: കോയമ്പത്തൂർ ഫോറസ്റ്റ് ഡിവിഷൻ, കൂർഗ്, ഹസ്സൻ, വടക്ക് ബംഗാൾ, സോണിത്പൂർ, ആസ്സാം. ഇവിടെയെല്ലാം തന്നെ ആഫ്രിക്ക പോലുള്ള സ്ഥലങ്ങളിൽ പരീക്ഷിച്ച് വിജയിച്ച വന്ധ്യംകരണ പ്രക്രിയകൾ പരീക്ഷിക്കാവുന്നതാണ്. കാട്ടുപന്നികൾ, നീലക്കാള, കൃഷ്ണമൃഗങ്ങൾ ഇവ കാരണം വിളനാശം രൂക്ഷമായ സ്ഥലങ്ങളിൽ ഇവയുടെ സംഖ്യ നിയന്ത്രിക്കുവാൻ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിൽ രാജ്യം ഒരിക്കലും മടിച്ചു നിൽക്കാൻ പാടില്ല. തദ്ദേശവാസികൾക്കുണ്ടായ നഷ്ടം നികത്താൻ അവരെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിപാടികളാകണം അവയൊക്കെ. കൊതുക് നിവാരണ പരിപാടികൾക്കൊപ്പം എലികളെ നിയന്ത്രിക്കുന്ന പരിപാടികൾക്കും തുടക്കം കുറിക്കണം. രാജ്യത്തിൽ ഇവയ്ക്കെല്ലാം ദൃഢമായ ഒരു വീക്ഷണമാണ് വേണ്ടത്. അതിന് രാഷ്ട്രീയവും, സാമൂഹികവുമായ പിന്തുണ കിട്ടിയാൽ മാത്രമേ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ സാധിക്കൂ. ●

*പരിഭാഷ: അശ്വതി ചന്ദ്രൻ യുബി.*

# ഭയന്നു ജീവിക്കുന്നു, ഭയത്തെ വിളിച്ചു വരുത്തുന്നു

**സുരേന്ദ്ര വർമ്മ**

'നിങ്ങളുടെ കിടക്കയിൽ ഒരു പാമ്പ് ഉണ്ടായിരുന്നു'. മനുഷ്യ-വന്യജീവി സംഘർഷത്തെക്കുറിച്ച് നഗര പശ്ചാത്തലത്തിൽ നിന്നുമുള്ള ഒരു കൂട്ടം കോളേജ് വിദ്യാർത്ഥികൾക്ക് ഞാൻ എടുക്കുന്ന ക്ലാസ്സിന്റെ ഭാഗമായി ആദ്യം കാണിച്ച സ്ളൈഡ് ആയിരുന്നു ഇത്. 'നിങ്ങൾ ഉറങ്ങാൻ പോകുമ്പോൾ നിങ്ങളുടെ കിടക്കയിൽ ഒരു പാമ്പിനെ കാണുന്നു. ഈ അവസരത്തിലും നിങ്ങൾ പാമ്പുകളെ ഇഷ്ടപ്പെടുന്നുണ്ടോ?' ഞാൻ അവരോട് ചോദിച്ചു. 'അതെ' എന്നായിരുന്നു അവരുടെ മറുപടി. ഞാൻ തുടർന്നു. 'ആ പാമ്പിൽ നിന്ന് രക്ഷപ്പെടാൻ നിങ്ങൾ ഓടി കുളിമുറിയിലേക്ക് കേറുന്നു, അപ്പോൾ അവിടെ ഒരു പുലിയ കാണുന്നു, അപ്പോഴും നിങ്ങൾ പുലികളെ ഇഷ്ടപ്പെടുമോ?' ആ ചോദ്യത്തിന് 'അതെ' എന്നായിരുന്നു അവരുടെ ഉത്തരം. 'ആ പുലിയിൽ നിന്നും രക്ഷപ്പെടാനായി നിങ്ങൾ വീടിന് പുറത്തേക്കോടുന്നു, നേരെ ചെല്ലുന്നത് ഒരു കാട്ടാനയുടെ മുന്നിലേക്കാണ് ഇപ്പോഴും നിങ്ങൾ കാട്ടാനകളെ ഇഷ്ടപ്പെടുന്നോ?' 'അതെ' എന്നായിരുന്നു വീണ്ടും മറുപടി.

വിദ്യാർത്ഥികളെ സംബന്ധിച്ച് പരിസ്ഥി



തി സംരക്ഷണത്തിന് അവർ മുൻഗണന നൽകുന്നു. അവർ വന്യജീവികളുമായോ, അവയെ പേടിച്ച് ജീവിച്ചോ യാതൊരു മുൻപരിചയവും ഇല്ലാത്തവരാണ്. നേരെ മറിച്ച് ഒരു സാധാരണ ഗ്രാമവാസിയാണ് മേൽപ്പറഞ്ഞ പോലെ ഒരു പാമ്പ്, ഒരു പുലി, ഒരു കാട്ടാന എന്നിവയെ ഒരുമിച്ച് ഒരു ദിവസം കാണുന്നതെങ്കിൽ, അയാളുടെ മനസ്സും മനോഭാവവും തികച്ചും വ്യത്യസ്തമായിരിക്കും. പാമ്പുകളും, പുലികളും, കാട്ടാനകളും മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ ഇന്ത്യയിലേയും മറ്റെല്ലായിടത്തേയും ഇപ്പോഴത്തെ അവസ്ഥയെ വരച്ചുകാട്ടുന്നു.

ഈ മൂന്ന് ഇനം ജീവികളുടെ സ്വഭാവവും, തനതായി അവ കാണപ്പെടേണ്ട സ്ഥലങ്ങളിൽ നിന്നു മാറി അവ കാണപ്പെടുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെയും, ഇത് പരിഹരിക്കാൻ വേണ്ട മാർഗ്ഗങ്ങളെയും പറ്റിയുള്ള അറിവ് നമുക്ക് ലഭ്യമാക്കുന്നു. ഈ മൂന്നിനം ജീവികളും പൊതുവായി പങ്കുവയ്ക്കുന്നതെന്താണ്? അവ മൂന്നും വളരെ വ്യത്യസ്തവും, വ്യത്യസ്തങ്ങളായ ആവാസവ്യവസ്ഥകളിൽ കാണപ്പെടുന്നവയുമാണ്. ഒന്ന് മിശ്രഭുക്കും, ഒന്ന് മാംസഭുക്കും, മൂന്നാമത്തേത് സസ്യഭുക്കുമാണ്. ഈ മൂന്ന് ജീവികൾക്കും മനുഷ്യവാസ പ്രദേശങ്ങളിൽ അവ ഇടയ്ക്കിടെ കാണപ്പെടുന്നതുകൊണ്ടും, മനുഷ്യനുമായുള്ള പ്രശ്നങ്ങൾ കാരണവും ഇടയ്ക്കിടെ മാധ്യമങ്ങളിൽ ചർച്ചാവിഷയങ്ങൾ ആകാറുമുണ്ട്.

Jainy Kuriakose



മനുഷ്യ-വന്യജീവി സംഘർഷത്തിനു പിന്നിൽ ഒട്ടനവധി കാരണങ്ങളുണ്ട്. ഇപ്പോൾ തന്നെ പുലികൾ എന്തുകൊണ്ട് മനുഷ്യവാസസ്ഥലങ്ങളിൽ എത്തിപ്പെടുന്നു എന്ന് പരിശോധിച്ചാൽ വളരെയധികം താൽപര്യജനകമായ കാര്യങ്ങൾ നമുക്ക് കണ്ടെത്താൻ സാധിക്കും. ഏറ്റവും പ്രധാന കാരണമാകുന്നത്, അവയ്ക്ക് തനത് ആവാസവ്യവസ്ഥ നഷ്ടമാകുന്നതാണ്. തന്മൂലം അവ വളർത്തു മൃഗങ്ങളെ തേടിയെത്തുന്നു. അറിയുന്നതും അറിയാത്തതുമായി ഒട്ടനവധി മറ്റു കാരണങ്ങളും ഉണ്ടാവാം. ചിലപ്പോൾ അവ അവയെപ്പോലെതന്നെ ഇര തേടുന്ന മറ്റു മൃഗങ്ങളോട് മത്സരിച്ച് തോറ്റ് തനത് ആവാസവ്യവസ്ഥയുടെ അതിരുകളിൽ എത്തുന്നതാകാം. മനുഷ്യർ വളർത്തുന്ന മൃഗങ്ങളെ പിടിക്കാൻ വളരെ എളുപ്പമാണെങ്കിലും ഇതിന് അനുകൂലസാഹചര്യം ഒരുക്കുന്നത് മറ്റൊരു ഘടകമാണ്. ക്യാമറ ട്രാപ്പ് ഉപയോഗിച്ച് വലിയ സസ്തനികൾ തിങ്ങി നിറഞ്ഞു കാണപ്പെടുന്ന ഒരു സ്ഥലത്ത് ഞങ്ങൾ നടത്തിയ പഠനത്തിൽ 45,000 ഫോട്ടോകൾ ഞങ്ങൾക്ക് ലഭിച്ചു. അത് 300 തവണ കടുവകളുടെ ഫോട്ടോ എടുത്തിട്ടുണ്ട്. പക്ഷേ, ഒരു തവണ മാത്രമാണ് പുലിയുടെ ഫോട്ടോ പെട്ടിട്ടുള്ളത്. കടുവകൾ പുലികളെ ആവാസവ്യവസ്ഥയുടെ അതിരുകളിലേക്ക് തള്ളി വിടുന്നുണ്ടോ എന്നതാണ് അപ്പോൾ ഉയർന്നു വന്ന ചോദ്യം.

**ശല്യമില്ലാത്ത ഒളിത്താവളങ്ങളും, ഇരയുടെ ലഭ്യതയുമാണ് മിക്ക വന്യജീവികളുടേയും വരവിന് കാരണമാകുന്ന ഘടകങ്ങൾ. മനുഷ്യവാസസ്ഥലങ്ങളുടെ അതിരുകളിൽ ഉള്ള കരിമ്പിൻ തോട്ടങ്ങൾ പുലികളും, കടുവകളും സ്ഥിരമായി ഉപയോഗിക്കാറുണ്ട്.**

പുലികൾ മനുഷ്യവാസ സ്ഥലങ്ങൾക്ക് അടുത്തെത്തുമ്പോൾ മനുഷ്യ-വന്യജീവി സംഘർഷത്തിന് അതൊരു പ്രേരകമാകുന്നു. ഉപയോഗിക്കാത്തതും, പകുതി പണിതതുമായ കെട്ടിടങ്ങൾ, ഉപയോഗിക്കാത്ത നിർമ്മാണ മേഖലകൾ, പാകമാകാൻ സമയം ആവശ്യമായ വിളകൾ, വളർത്തുനായ്ക്കളും അവയുടെ എണ്ണം നിയന്ത്രണ വിധേയവുമാകാത്ത മനുഷ്യവാസം, തെരുവുനായ്ക്കൾക്ക് കാരണമാകുന്ന സംസ്കരിക്കപ്പെടാത്ത മാലിന്യകൂമ്പാരങ്ങൾ തുടങ്ങിയവയാണ് ഇത്തരത്തിലുള്ള മനുഷ്യ-വന്യജീവി സംഘർഷങ്ങൾക്ക് പ്രേരണയാകുന്ന ചില കാരണങ്ങൾ. ഇത്തരത്തിൽ ഉപയോഗിക്കാത്ത കെട്ടിടങ്ങളിലും, വിളകൾക്കിടയിലും പുലികൾ ഒളിച്ചിരുന്ന് വളർത്തുമൃഗങ്ങളെ ഇരയാക്കുന്നു. ഇതിനൊക്കെ പുറമെ രാത്രിയിൽ വൈദ്യുതി വെളിച്ചം ഇല്ലാത്തിടങ്ങളും ഇവയ്ക്ക് ഒളിച്ചിരിക്കാൻ മതിയായ സ്ഥലങ്ങളാണ്.

എന്റെ സംസാരം തുടരവെ, ഇത്തരത്തിലുള്ള സ്ഥലങ്ങളിൽ പുലികൾ എങ്ങനെയായിരിക്കും അതിജീവിക്കുക എന്നതിനെ പ്പറ്റി ചിന്തിക്കാൻ ഞാൻ വിദ്യാർത്ഥികളോട് പറഞ്ഞു.

1. ഇരയ്ക്ക് അടുത്തുതന്നെയായി ഒളിസങ്കേതം കണ്ടെത്തുക എന്നത് വളരെ പ്രധാനമാണ്.
2. മനുഷ്യരുമായി നേരിട്ട് സംഘർഷത്തിൽ പെടാതെ സൂക്ഷിക്കും.
3. മനുഷ്യർ ആരും പുറത്തില്ലാത്ത, ഒളിക്കാൻ മതിയായ ഇരുട്ടുള്ള രാത്രി സമയങ്ങളിലായിരിക്കും ഇവ ഇരയെ പിടിക്കുന്നത്.

മാലിന്യങ്ങളും, ഒളിച്ചിരിക്കാൻ പറ്റുന്ന സ്ഥലങ്ങളും, നായ്ക്കളേയും ശരിയായ രീതിയിൽ നിയന്ത്രിച്ചാൽ, പുലികളുടെ വരവും ഇല്ലാതാക്കാം. തുറസ്സായ സ്ഥലങ്ങളിൽ കണ്ടുവരുന്ന മാലിന്യകൂമ്പാരങ്ങൾ എലികളുടെ വരവിനും കാരണമാകുന്നു. എലികളാണ് പാമ്പുകളുടെ പ്രധാന ഇര. അതുപോലെ ആനകളും ഇത്തരത്തിലുള്ള മാലിന്യകൂമ്പാരങ്ങളെ ഭക്ഷണത്തിനായി ആശ്രയിക്കാറുണ്ട്. ജീവനും, സ്വത്തിനും ഭീഷണിയുണ്ടാകുന്ന ഈ മൂന്ന് ജീവികളും ഇത്തരത്തിൽ സംസ്കരിക്കപ്പെടാതെ കിടക്കുന്ന മാലിന്യകൂമ്പാരങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ശരിയായ മാലിന്യ സംസ്ക്കരണത്തിന്റെ അഭാവം മനുഷ്യന്റെ ആരോഗ്യത്തെയും ബാധിക്കുന്നു. കൂടാതെ കൂടുതൽ പാമ്പുകളെയും, പാറ്റകളെയും, പന്നികളെയും, പുലികളെയും, എലികളെയും, കൊതുകുകളെയും വിളിച്ചുവരുത്തുകയും ഇവയെല്ലാം തന്നെ നമ്മുടെ ജീവനും, ആരോഗ്യത്തിനും പ്രശ്നങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. പരിഹാരങ്ങൾക്കായി ദൈവത്തോട് പ്രാർത്ഥിക്കാം. എല്ലാ സംഭവങ്ങളിലും സാധാരണയായി കണ്ടുവരുന്ന രീതികൾ:

1. വന്യമൃഗങ്ങളെ ആകർഷിക്കുന്ന വസ്തുക്കൾ
2. ഇവയൊക്കെ തന്നെ മനപ്പൂർവ്വമല്ലാതെ മനുഷ്യനാൽ സൃഷ്ടിക്കപ്പെടുന്നവ.
3. ശല്യങ്ങൾ ഇല്ലാത്ത താവളങ്ങൾ.

ശല്യമില്ലാത്ത ഒളിത്താവളങ്ങളും, ഇരയുടെ ലഭ്യതയുമാണ് മിക്ക വന്യജീവികളുടേയും വരവിന് കാരണമാകുന്ന ഘടകങ്ങൾ. മനുഷ്യവാസസ്ഥലങ്ങളുടെ അതിരുകളിൽ ഉള്ള കരിമ്പിൻ തോട്ടങ്ങൾ പുലികളും, കടുവകളും സ്ഥിരമായി ഉപയോഗിക്കാറുണ്ട്. നേരെ മറിച്ച് ഇരയുടെ ലഭ്യത ഉണ്ടെങ്കിലും, ഒളിഞ്ഞിരിക്കാൻ സ്ഥലമില്ലാത്തയിടങ്ങളിൽ ഇവയുടെ സാന്നിദ്ധ്യം വളരെ കുറവാണ്.

മനുഷ്യ-വന്യജീവി സംഘർഷം കൂടാൻ കാരണമാണെന്ന് കരുതപ്പെടുന്ന മറ്റൊന്ന് കാട്ടിനുള്ളിൽ വെള്ളത്തിന്റെയും ഭക്ഷണത്തിന്റെയും ലഭ്യതക്കുറവാണ്.

ഈ സാഹചര്യം മൃഗങ്ങളെ മനുഷ്യ വാസ കേന്ദ്രങ്ങളിലേക്ക് തള്ളി വിടുന്നു. എന്നിരുന്നാലും, കാട്ടിൽ ആവശ്യത്തിന് വെള്ളവും ഭക്ഷണവും ഉള്ള സാഹചര്യങ്ങളിലും നാട്ടിൽ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഉണ്ടാകുന്നു. ആനകളും, പാമ്പുകളും, പുലികളും മാത്രമല്ല ഏതൊരു ജീവിയും മനുഷ്യൻ പോലും അവന്റെ താൽപര്യങ്ങൾ തേടിപ്പോകുന്നു. മറ്റൊരുതരത്തിൽ പറയുകയാണെങ്കിൽ സംഘർഷങ്ങൾ ഇത്തരത്തിലുള്ള താൽപര്യങ്ങളിൽ നിന്ന് ഉണ്ടാകുന്നു എന്ന് പറയാം.

എല്ലാ മൃഗങ്ങളും അവരുടെ ശരിക്കുള്ള ആവാസവ്യവസ്ഥയിൽ നിന്നു മാറി അവയ്ക്ക് താൽപര്യമുള്ള ഭക്ഷണത്തിന് വേണ്ടി മനുഷ്യവാസസ്ഥലങ്ങളിൽ എത്തിയിട്ടുണ്ടെന്ന് നാം ഓർക്കേണ്ടിയിരിക്കുന്നു. കരടികൾ മഹുവ പൂക്കൾ ഇഷ്ടപ്പെടുന്നു. കൃഷ്ണ മൃഗങ്ങൾ കൃഷി നിലങ്ങളിൽ മേയുന്നു, പ്രാണികളെ ഭക്ഷിക്കുന്ന ഇഴജന്തുക്കൾ അവയെ തേടി വീടുകളിൽ എത്തുന്നു. ധാന്യം ഭക്ഷിക്കുന്ന കിളികൾ വിത്ത് പാകമായ വിളകളെ നശിപ്പിക്കുന്നു. ഇത്തരത്തിലുള്ള താൽപര്യങ്ങൾ സംഘർഷങ്ങളിലേക്ക്

**ഇന്ത്യയിൽ 27,000 ആനകൾ ഉണ്ടെന്ന് കണ്ടെത്തി. പക്ഷേ, ഇതിൽ മൊത്തത്തിൽ ഒരു 1,000 ആനകൾ മാത്രമാണ് മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ ഭാഗമാകുന്നതായും ഒറ്റപ്പെട്ട മുറിഞ്ഞ പ്രദേശങ്ങളിൽ കാണപ്പെടുന്നതായും അറിവുള്ളൂ.**

എത്തിക്കുന്നു. ഇത് മൊത്തം ജീവികളെയും പരിസ്ഥിതിയുടെ ആരോഗ്യത്തെയും ബാധിക്കുന്നു. ഞാൻ ഒരിക്കൽ വനത്തിന്റെ അതിർത്തിയിലൂടെ നടക്കുകയായിരുന്നു, വനത്തിൽ നിന്ന് അവയുടെ തനത് ചെടികളല്ലാത്തവയിലേക്ക് പറക്കുന്ന പൂമ്പാറ്റകൾ എന്റെ ശ്രദ്ധയിൽപ്പെട്ടു. ഈ ചിത്രശലഭങ്ങൾ, പുറത്തുള്ള അലങ്കാരച്ചെടികളിൽ നിന്ന് തേനും പൂമ്പൊടിയും വഹിച്ചുകൊണ്ട് കാടിന് ഉള്ളിലേക്ക് പോകുന്നു. അങ്ങനെ കടന്നുകയറ്റ സ്വഭാവമുള്ള ഇത്തരം ചെടികളെ കാടിനുള്ളിൽ എത്തിക്കുന്നു. തുടർന്ന് തനതായ ചെടികൾക്ക് അവിടെ നിലനിൽക്കാൻ പറ്റാതെ വരികയും ഇത്തരത്തിലുള്ള ചിത്രശലഭങ്ങളുടെ നിലനിൽപ്പിന് ഭീഷണിയാകുകയും ചെയ്യുന്നു. ഒരിക്കൽ ഞാൻ ഒരു കൂട്ടം ആനകൾ കാട്ടിൽ നിന്ന് നാട്ടിലേക്ക് പോകുകയും, തുടർന്ന് അവിടുത്തെ വിളകൾ കഴിക്കുകയും അവിടുത്തെ തടാകത്തിൽ നിന്നും വെള്ളം കുടിക്കുകയും ചെയ്യുന്നതു കണ്ടു. ഇവ തിരിച്ച് കേറുമ്പോൾ ആ തടാകം നിറയെ ആനപിണ്ഡം ആയിരുന്നു. അവയ്ക്ക് പുറകെ കാടിനുള്ളിൽ നിന്ന് ഒരു വാലുകുലുക്കിക്കിളി വരികയും ആനപിണ്ഡത്തിൽ ഇരുന്ന് പ്രാണികളെ ഭക്ഷിക്കാനും തുടങ്ങി. ഇതുപോലെ ആനപിണ്ഡത്തിൽ വന്നിരുന്ന് ഭക്ഷിക്കുന്ന പൂമ്പാറ്റകളെയും ഞാൻ കണ്ടിട്ടുണ്ട്. ആയതിനാൽ ഒരു വലിയ സസ്തനി പോകുമ്പോൾ ചെറിയ ജീവികൾ അവയെ പിൻതുടരുന്നു. പുറമെ കിട്ടുന്ന ഭക്ഷണത്തിൽ എല്ലാ ജീവികളും ആകൃഷ്ടരാകാറുണ്ടെങ്കിലും അവയിൽ എല്ലാവരും അങ്ങനെ ആകാറില്ല. അടുത്തിടെ ഞങ്ങളുടെ പഠനം ഇന്ത്യയിൽ 27,000 ആനകൾ ഉണ്ടെന്ന് കണ്ടെത്തി. പക്ഷേ, ഇതിൽ മൊത്തത്തിൽ ഒരു 1,000 ആനകൾ മാത്രമാണ് മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ ഭാഗമാകുന്നതായും ഒറ്റപ്പെട്ട മുറിഞ്ഞ പ്രദേശങ്ങളിൽ കാണപ്പെടുന്നതായും അറിവുള്ളൂ. മനുഷ്യരുമായി സംഘർഷ


Aneesh Sankarankutty

ത്തിൽ ഉൾപ്പെടുന്ന മൃഗങ്ങൾ അറിഞ്ഞോ, അറിയാതെയോ മാലിന്യങ്ങളിലോ അല്ലെങ്കിൽ വിളഞ്ഞു നിൽക്കുന്ന വിളകളിലോ ആകൃഷ്ടരായാണ് വരാറുള്ളത്. ഇവയിൽ ചില മൃഗങ്ങൾ മനുഷ്യവാസപ്രദേശങ്ങളെ പേടിക്കുന്നു. എന്നാൽ മറ്റു ചില മൃഗങ്ങൾ ഇത്തരത്തിൽ ലഭിക്കുന്ന ഭക്ഷണം ശീലമാക്കുകയും ഇതിന് വേണ്ടി വെല്ലുവിളി നേരിടാനും തയ്യാറാകുകയും ചെയ്യുന്നു.

ഇത്തരത്തിൽ ആനകൾ മനുഷ്യവാസസ്ഥാനങ്ങളുമായി താദാത്മ്യം പ്രാപിച്ച ചില സംഭവങ്ങൾ ഈ അവസരത്തിൽ കുറിക്കുന്നു. 1989 ഒക്ടോബറിൽ മുതുമലൈ കടുവ സങ്കേതത്തിന് സമീപം ഞാൻ ഒരു കൊമ്പനെ കണ്ടു. അവനെ പകർത്താനായി ഞാൻ എന്റെ ക്യാമറ എടുത്തപ്പോൾ അതിന് പുറകിലായി ഒരു ഗ്രാമം കണ്ടു. കേവലം ഒരു കിലോമീറ്റർ ദൂരത്താണ് ആ ഗ്രാമം. തൊട്ടടുത്ത ആഴ്ചയിൽ അതേ കൊമ്പനെ ആ ഗ്രാമത്തിന് വളരെ അടുത്തായി കാണുകയും അതേ മൃഗത്തെ അവിടുത്തെ വിളവെടുപ്പ് കഴിയും വരെ പിൻതുടരാനും സാധിച്ചു. വനത്തിന്റെയും ഗ്രാമത്തിന്റെയും 500 മീറ്റർ ചുറ്റളവിലായിരുന്നു അവൻ സഞ്ചരിച്ചിരുന്നത്. 21 വർഷങ്ങൾക്ക് ശേഷം (2011 ഒക്ടോബറിൽ), ഞാൻ ഉത്തരാഖണ്ഡിൽ ആയിരുന്നപ്പോൾ ഒരു കൊമ്പന്റെ അടുത്തേക്ക് ഞങ്ങൾ പോകുമ്പോൾ വിറക് ശേഖരിക്കാൻ വന്ന ഒരു ഗ്രാമവാസി ഞങ്ങൾക്ക് മുന്നറിയിപ്പ് നൽകി, കഴിഞ്ഞ രണ്ടാഴ്ചകളായി അതിനെ ഇവിടെ കാണുന്നുണ്ടെന്നും സൂക്ഷിക്കണമെന്നും അയാൾ ഞങ്ങളോട് പറഞ്ഞു.

മനുഷ്യനും വന്യജീവികൾക്കും ഒരുമിച്ച് കഴിയാൻ സാധിക്കുമോ എന്നതാണ് അടുത്ത ചോദ്യം. മനുഷ്യജീവന് ആപത്താണെങ്കിൽ സഹവർത്തിത്വം എന്ന ആശയം വിവേകപരമായ ഒന്നല്ല. അപകടകരമാണ് എന്നതു മാത്രമല്ല, മനുഷ്യന്റെ ആരോഗ്യത്തിന് പലതരം രോഗങ്ങളിലൂടെയും അംഗപരിമിതികൾ ഉണ്ടാകുന്നതുമൂലം മനുഷ്യന്റെ ജീവിത നിലവാരത്തിനും സ്വത്തിനും ഭീഷണിയാകുകയും ചെയ്യുന്നു. മൃഗങ്ങളുടെ നന്മയെക്കുറിച്ച് ആലോചിക്കുകയാണെങ്കിൽ, മനുഷ്യവാസകേന്ദ്രങ്ങളിൽ വരുന്നതുകാരണം അവയുടെ ഭക്ഷണത്തിന്റെ വൈവിധ്യം നഷ്ടപ്പെടുന്നു. മനുഷ്യന്റെ സാന്നിധ്യത്തിൽ ഭക്ഷണത്തിനായി ഒരു അവസരം കാത്ത് അവ നിൽക്കേണ്ടി വരുന്നു. മനുഷ്യന്റെ സാന്നിധ്യത്തോട് താദാത്മ്യം പ്രാപിക്കുക എന്നത് മൃഗങ്ങൾക്കും നല്ലതല്ല. അവയുടെ സ്വാഭാവിക ശീലങ്ങൾക്കു മാറ്റം വരുകയും, ഒരു ജീവി എന്ന നിലക്കുള്ള അടയാളം അവയ്ക്ക് നഷ്ടമാകുകയും ചെയ്യുന്നു. ഉദാഹരണത്തിന് കാട്ടിനുള്ളിൽ പെണ്ണാനകൾ അവരുടെ പുതുതായി പിറന്ന കുഞ്ഞുങ്ങളെ വളരെയധികം സംരക്ഷിക്കുന്നു. ആ മൊത്തം കുടുംബവും ആ കുഞ്ഞിന്റെ സംരക്ഷണത്തിനായി ശ്രദ്ധ കാണിക്കുന്നു. നേരെമറിച്ച് നാട്ടിൽ ഒരു ആന പ്രസവിക്കുമ്പോൾ ഇത്തരത്തിലുള്ള സ്വഭാവങ്ങൾ കാണിക്കാറില്ല. മനുഷ്യർ ഓടിക്കുമ്പോൾ കുഞ്ഞിനെ ഉപേക്ഷിച്ചു പോകുന്ന സംഭവങ്ങളും ഉണ്ടാകാറുണ്ട്.

മനുഷ്യനാൽ മാറ്റപ്പെട്ട സ്ഥലങ്ങളിലേക്ക് വന്യമൃഗങ്ങൾ ആകൃഷ്ടരാകുമ്പോൾ വിരളവും കിട്ടാൻ പ്രയാസകരവുമായ വിഭവങ്ങൾക്ക് വേണ്ടി അവയ്ക്കിടയിൽ സംഘർഷങ്ങൾ കൂടുതലായി വരുന്നു. അവയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സ്വാഭാവികമായി കാണാത്ത രീതിയിലുള്ള കൂട്ടായ്മകൾ ഉണ്ടാകുന്നു. ഉദാഹരണത്തിന് സാധാരണയായി കൊമ്പനാനകൾ ഭക്ഷണത്തിനും ഇണയെത്തിരഞ്ഞും ഒറ്റക്കാണ് നടക്കാറുള്ളത്. പക്ഷേ, ഇത്തരത്തിൽ ആവശ്യങ്ങൾ നേടുന്നതിനായി അസ്വാഭാവികമായി കൊമ്പനാനകൾ കൂട്ടമായി കണ്ടുവരുന്നുണ്ട്. ആളുകൾ ഓടിക്കുമ്പോൾ തിരിച്ച് ആക്രമിച്ച് പിടിച്ചുനിൽക്കാനാകാം ഈ കൂട്ടായ്മ. അല്ലെങ്കിൽ ഒറ്റക്ക് മേയാൻ പറ്റുന്നതിലും കൂടുതൽ കൂട്ടമായാൽ സാധിക്കും എന്നതുമാകാം.

സംഘർഷം നേരിടുന്ന ആളുകളുടെ സാമ്പത്തിക ചുറ്റുപാടുകളും, ഇവ നിയന്ത്രിക്കുന്ന രീതികളിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കർഷകരാണ് ഇത്തരത്തിൽ

**മനുഷ്യന്റെ സാന്നിധ്യത്തോട് താദാത്മ്യം പ്രാപിക്കുക എന്നത് മൃഗങ്ങൾക്കും നല്ലതല്ല. അവയുടെ സ്വാഭാവിക ശീലങ്ങൾക്കു മാറ്റം വരുകയും, ഒരു ജീവി എന്ന നിലക്കുള്ള അടയാളം അവയ്ക്ക് നഷ്ടമാകുകയും ചെയ്യുന്നു. ഉദാഹരണത്തിന് കാട്ടിനുള്ളിൽ പെണ്ണാനകൾ അവരുടെ പുതുതായി പിറന്ന കുഞ്ഞുങ്ങളെ വളരെയധികം സംരക്ഷിക്കുന്നു.**

സംഘർഷങ്ങൾ നേരിടുന്നതിൽ കൂടുതലും. അവർ തന്നെയാണ് എണ്ണത്തിലും കൂടുതൽ. ഉയർന്ന വരുമാന മാർഗ്ഗമുള്ള ആളുകൾക്ക് ഇത്തരത്തിലുള്ള മനുഷ്യ-വന്യജീവി സംഘർഷങ്ങളെ അതിജീവിക്കാൻ സാധിക്കുന്നു. ഇത്തരത്തിലുള്ള ഒരു ആക്രമണം പാവപ്പെട്ട കർഷകകുടുംബത്തിന് അവരുടെ ബാധ്യതകൾ കൂട്ടുന്നതിനു കാരണമാകുന്നുണ്ട്. വന്യജീവികളുടെ അടിസ്ഥാന സ്വഭാവത്തെപ്പറ്റി ഒന്നുമറിയാത്ത ചില ആളുകളുമുണ്ട്. ഉദാഹരണത്തിന് ഒരു സ്ത്രീ വെള്ളമെടുത്ത് തിരിച്ചു വരുമ്പോൾ കാട്ടാനകൾ കൊലപ്പെടുത്തുകയുണ്ടായി. പ്രകൃതിയുടെ വിളികൾക്കായി മനുഷ്യൻ പോകുമ്പോൾ, വന്യമൃഗങ്ങളുടെ സഞ്ചാരം മനസ്സിലാക്കി അതിനുസരിച്ചാകാൻ ശ്രദ്ധിക്കണം. ഒരു പരിഹാരം: ശൗചാലയങ്ങൾ നിർമ്മിക്കുക എന്നതാണ്. എന്നിരുന്നാലും ഒരു സംഭവം ശ്രദ്ധയിൽപ്പെട്ടത്, ഇത്തരത്തിൽ പണിത ശൗചാലയത്തിൽ കന്നുകാലികളെ സംരക്ഷിക്കുകയും, വന്യമൃഗങ്ങൾക്ക് തങ്ങളെ തന്നെ കാഴ്ചവച്ച് തുറസ്സായ സ്ഥലങ്ങളിൽ മല-മൂത്ര വിസർജ്ജനത്തിനായി പോകുന്ന മനുഷ്യരുമാണ്.

കാടിനോട് ചേർന്ന് ജീവിക്കുന്ന സാമ്പത്തികവും സ്വാധീനപരവുമായി വ്യത്യാസങ്ങളുള്ള ജനങ്ങളും മനുഷ്യ-വന്യജീവി സംഘർഷത്തിന് പരിഹാരമേകുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇത്തരത്തിൽ സംഘർഷമേഖലയിൽ താമസിക്കുന്നതും, എന്നാൽ സ്വന്തം കൃഷിയിടങ്ങളിൽ ജോലിക്കാരുള്ളതിനാൽ ഇങ്ങനെയുള്ള അനുഭവങ്ങൾ നേരിടാത്തതുമായ ആളുകളുണ്ട്. സാംസ്കാരികമായും, വിദ്യാഭ്യാസപരമായും മുന്നിൽ നിൽക്കുന്നവർ. ഇത്തരത്തിലുള്ളവരുടെ വാക്കുകൾക്കായിരിക്കും ഉദ്യോഗസ്ഥർ ചെവികൊടുക്കുന്നത്. അടുത്തത് സംഘർഷം നേരിടേണ്ടി വന്നവരാണ്. വന്യമൃഗങ്ങളുടെ പോക്കും വരവും എണ്ണവുമെല്ലാം അറിയുന്ന ആളുകൾ. പക്ഷേ, ഇത്തരത്തിലുള്ള ആളുകളിൽ നിന്നും വിവരം ശേഖരിക്കുമ്പോൾ എന്തുകൊണ്ട് ആനകൾ ഇവിടെ എത്തുന്നു എന്ന് തുടങ്ങുന്ന ചോദ്യങ്ങളുമായി അവരുടെ അഭിപ്രായങ്ങളെ അപ്രസക്തമാക്കുന്നു. കൂടാതെ ഇത്തരത്തിൽ അനുഭവസ്ഥരായ ആളുകൾ ഉദ്യോഗസ്ഥരോട് ഇതൊന്നും പറയാനും ശബ്ദമുയർത്താനും ധൈര്യപ്പെടുന്നില്ല. ആനകൾ ആകൃഷ്ടരാകുന്ന വിളകൾ കൃഷി ചെയ്യുന്ന പ്രദേശങ്ങളിൽ നിന്നും ആ കൃഷികൾ ഒഴിവാക്കുന്നത് ഒരു പരിഹാരമാണ്. ദിവസവും ആവശ്യം വരുന്ന ചില വിളകൾ കൃഷി ചെയ്യാതിരിക്കാൻ കർഷകരും തയ്യാറാകില്ല. അവരുടെ കൃഷി ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനായി ചന്തകളിൽ കെട്ടിടങ്ങൾ ഇല്ലാത്തതും പ്രശ്നമാണ്. ഇതിനൊക്കെ പുറമേ, പകരം കൃഷി ചെയ്യേണ്ട വിളകൾ വാങ്ങാൻ ആളുകൾ ഇല്ലാത്തതും അവ മതിയായ വരുമാനം നൽകാത്തതും ഒരു പോരായ്മയാകുന്നു.

മറ്റൊരു മാർഗ്ഗം ആനകളെ കാടിനു പുറത്തേക്കെത്താൻ അനുവദിക്കാതിരിക്കുക എന്നതാണ്. തടസ്സങ്ങൾ നിർമ്മിച്ച് ഇത് നടപ്പിലാക്കാം. ഇത്തരത്തിലുള്ള തടസ്സങ്ങൾ ഒട്ടുമിക്ക വന്യമൃഗങ്ങളെയും പുറത്തേക്ക് കടക്കുന്നതിൽ നിന്ന് തടയുന്നു. പ്രകൃതിദത്തമായ ജലസംഭരണികൾ, പാറക്കെട്ടുകൾ തുടങ്ങിയവ കൂടി ഉൾപ്പെടുന്നവയാകണം ഇത്തരം തടസ്സങ്ങൾ. പരിഹാരമാർഗ്ഗങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ ആ മൃഗത്തിന്റെ ബുദ്ധിയേയും, ശക്തിയേയും പറ്റിയുള്ള അറിവ് വളരെ സഹായകരമായിരിക്കും. മനുഷ്യ-വന്യജീവി സംഘർഷത്തെ അഭിമുഖീകരിക്കാൻ ദൃഢമായ സമീപനവും, കർമ്മരേഖയും നിലനിൽക്കുന്ന പദ്ധതിയും അത്യാവശ്യമാണ്. അക്രമകാരികളും, പ്രശ്നക്കാരുമായ മൃഗങ്ങളെ പിടിച്ച് സംരക്ഷണത്തിൽ വയ്ക്കുക എന്നത് തീർച്ചയായും പരാജയപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു പദ്ധതിയാണ്. പഞ്ചസാര കൂനയിൽ ആകൃഷ്ടരായി വരുന്ന ഉറുമ്പുകളെ നമ്മൾ പിടിച്ച് സംരക്ഷണത്തിൽ വയ്ക്കാറുണ്ടോ? അല്ലെങ്കിൽ ഒന്നൊന്നായി അവയെ കൊല്ലാറുണ്ടോ? അതോ ആ പഞ്ചസാര ഒരു പാത്രത്തിലാക്കി വെള്ളമുള്ള ഒരു പാത്രത്തിൽ സൂക്ഷിച്ച് ഉറുമ്പുകൾ വരുന്നത് തടയാനാണോ നോക്കേണ്ടത്? ●

*പരിഭാഷ: അശ്വതി ചന്ദ്രൻ യുബി.*





📷 Clement Francis



വന്യജീവി സംരക്ഷണ അനുഭവങ്ങൾ

# പുലിവാൽ പിടിക്കുക

വിവേക് മേനോൻ

മൂന്ന് ദശാബ്ദങ്ങൾക്ക് മുമ്പ് സംരക്ഷണത്തിന്റെ ലോകത്തേക്ക് ഞാൻ ചുവടുവയ്ക്കുമ്പോൾ, കടുവകളേയും ആനകളേയും വേട്ടക്കാരിൽ നിന്ന് സംരക്ഷിക്കണം എന്നായിരുന്നു എന്റെ ആഗ്രഹം. എന്നാൽ ഇന്ന്, മൃഗവൈദ്യരും, ജീവിശാസ്ത്രജ്ഞരും, സാമൂഹ്യശാസ്ത്രജ്ഞരും അടങ്ങുന്ന എന്റെ സംഘം പ്രകോപിതരായ ഗ്രാമവാസികൾ അരുംകൊല ചെയ്യാതിരിക്കാനായി കടുവകളെയും, പുലികളെയും, ആനകളെയും, കരടികളെയും പിടിക്കേണ്ടിവരുന്നു. ഇത്തരത്തിലുള്ള വലിയ മൃഗങ്ങളുടെ ഇപ്പോഴത്തെ ഏറ്റവും വലിയ ഭീഷണി സാധാരണക്കാരായ ജനങ്ങളാണ്. ഒരിക്കൽ നമ്മുടെ പൈതൃകത്തിന്റെ ഭാഗവും പ്രകൃതി ആരാധനയിൽ ഉൾപ്പെടുത്തിയിരുന്നതുമായ ഈ വലിയ ജീവികൾക്കു നേരെ നമ്മുടെ രാജ്യം മുഖം തിരിക്കുന്നു, താൽപര്യമില്ലായ്മ കാണിക്കുന്നു. മനുഷ്യൻ തീർത്ത, അവന് മാത്രമേ പ്രവേശനമുള്ളൂ എന്ന് സ്വയം പ്രഖ്യാപിച്ച അതിർ വരമ്പുകൾക്കുള്ളിൽ അവ പ്രവേശിക്കുമ്പോൾ അവയ്ക്കു നേരെ കൈകൾ ഉയർത്തുന്നു. ഇതിനാൽ തന്നെ ഞാൻ നേതൃത്വം വഹിക്കുന്ന വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ എന്ന സംഘടനക്ക് അതിന്റെ ഭൂരിഭാഗവും (ധനശേഷിയും, മനുഷ്യവിഭവശേഷിയും) ഇത്തരത്തിലുള്ള മൃഗങ്ങളെ സാധാരണ ജനങ്ങളിൽ നിന്നും രക്ഷിക്കുന്നതിലേക്കായി ഉപയോഗിക്കേണ്ടിവരുന്നു. ഈ അവസരത്തിൽ, ഉദാഹരണത്തിന് കടുവയെക്കുറിച്ചു തന്നെ പറയാം, രാജ്യത്തുടനീളം നമ്മുടെ ദേശീയമൃഗത്തിന് എന്തു സംഭവിക്കുന്നെന്ന് നോക്കാം. അതിനെപ്പറ്റി പറയുമ്പോൾ ഞാനുകിടക്കുന്ന ഒരു വാലുകാണാം. ദുരിതത്തിന്റെ വാല് എന്ന് പറയുന്നതാകും കൂടുതൽ ഉചിതം. ചെറുപ്പക്കാരായ മൂന്ന് മൃഗവൈദ്യന്മാരുടേയും ഒരു വരയൻ പൂച്ചയുടെയും മൂന്ന് വ്യത്യസ്തങ്ങളായ കഥകൾ ഇവിടെ പറയുന്നു:

ബ്രഹ്മപുത്രയുടെ താഴ്വാരങ്ങളിൽ നിന്നു തുടങ്ങാം. നിത്യഹരിത വനങ്ങളും എക്കൽ മണ്ണുള്ള പുൽമേടുകളും അടങ്ങുന്ന മത്തുപിടിപ്പിക്കുന്ന ജൈവവൈവിധ്യമുള്ള സുന്ദരമായ പ്രകൃതി ദൃശ്യം. കാസിരംഗയാണ് രാജ്യത്ത് കടുവകളുടെ ഏറ്റവും കൂടുതൽ സാന്ദ്രതയുള്ളതും ലോകത്തിൽ വെച്ചു തന്നെ ഒറ്റക്കൊമ്പുള്ള കണ്ടാമൃഗങ്ങൾ ഏറ്റവും കൂടുതൽ എണ്ണമുള്ളതും. കൂടാതെ പക്ഷിനിരീക്ഷകരുടെ പറുദീസയുമാണ് അവിടം. പൊതുവേ കരുതുന്ന പോലെ ഗ്രാമവാസികൾക്ക് പ്രശ്നമുണ്ടാകുന്നത് തത്തകൾ കാരണമല്ല. പലപ്പോഴും കടുവകൾ ഉദ്യാനത്തിന് പുറത്ത് കടക്കാറുണ്ട്. എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും, പ്രായപൂർത്തിയാകുന്ന ആൺകടുവകൾ തങ്ങളുടെ ഈറ്റില്ലങ്ങളിൽ നിന്നും പുറത്തുപോകുന്നതുമാണ് ഇതിന് കാരണം. പ്രശാന്ത ബോറോ വളർത്തുമൃഗങ്ങൾ അടങ്ങുന്ന തന്റെ മുൻകാല മൃഗവൈദ്യ മേഖലയിൽ നിന്ന് വന്യജീവികളുടെ മൃഗവൈദ്യനായി വഴി തിരിഞ്ഞെത്തി Centre for Wildlife Reaserch and Conservation എന്ന ട്രസ്റ്റിന്റെ കീഴിൽ ജോലി നോക്കുന്ന ഒരു യുവ മൃഗഡോക്ടറാണ്. കിണറ്റിൽ വീണ കടുവകളേയും, മനുഷ്യവാസസ്ഥലങ്ങളിൽ എത്തിപ്പെട്ട പുലികളെയും രക്ഷിക്കാൻ ഉള്ള വിളികൾ സാധാരണയായി വരാറുണ്ടെങ്കിലും ഒരു ദിവസം ഇത്തരത്തിൽ Jakhlabanda എന്ന സ്ഥലത്തിന് അടുത്ത് അകപ്പെട്ട ഒരു കടുവയെ രക്ഷിക്കുന്നതിലേക്കായി ഒരു വിളി വന്നു. മാത്രമല്ല, ആ കടുവ ഒരു മനുഷ്യജീവൻ എടുത്തിട്ടുമുണ്ട്. വനംവകുപ്പ് ഉദ്യോഗസ്ഥർ അയാളെ ആകാംക്ഷാഭരിതരായ ഒരു കൂട്ടം ഗ്രാമവാസികൾക്കി

ടയിലൂടെ ആ കടുവ താവളമാക്കിയ ഒരു വനപ്രദേശത്തേക്ക് നയിച്ചു. കീഴ്‌വഴക്കമനുസരിച്ച് ബോറോ കാടിനകത്തേക്ക് കടക്കുന്നതിനായി മെരുക്കിയ ഒരു നാട്ടാനയെ ആവശ്യപ്പെട്ടു. എന്നാൽ അവിടെയെത്തിയ സാധാരണ പോലീസുകാർ അയാളെ കാടിനുള്ളിലേക്ക് നടന്നു കയറാൻ നിർബന്ധിച്ചു. അങ്ങനെ തന്റെ സഹപ്രവർത്തകനായ മൃഗഡോക്ടറെയും കൂട്ടി ആ കുറ്റിക്കാട്ടിലേക്ക് പ്രവേശിച്ചു. അവർക്ക് വളരെക്കുറച്ചു മാത്രമേ നടക്കേണ്ടി വന്നുള്ളൂ. അവർ ആ പൊന്തക്കാട്ടിലേക്ക് പ്രവേശിച്ചതും അവർക്കു മുന്നിലുണ്ടായിരുന്ന ഒരു പോലീസുകാരന്റെ നേരെ ആ കടുവ ചാടി വീണു. ബോറോ വേഗത്തിൽ തന്റെ കൈകൾ ഉയർത്തുകയും മയക്കു വെടി വയ്ക്കുന്നതിനായി തയ്യാറാകുകയും ചെയ്തു. അപ്പോഴേക്കും കടുവയുടെ ആക്രമണത്താൽ പിന്നിലേക്ക് വീണ പോലീസുകാരൻ പൊടുന്നനെ തന്റെ തോക്കിൽ നിന്നും വെടിയുതിർത്തു. വെടിയുണ്ടകൾ തറച്ച ഉടൻ തന്നെ ആ കടുവ ബോധരഹിതനായി. ബോറോയ്ക്ക് അദ്ദേഹത്തിന്റെ വലത്തെ കയ്യിൽ പൊള്ളുന്ന ഒരു ചൂട് അനുഭവപ്പെട്ടു. അയാൾ തന്റെ അരികിലായി വാർന്ന രക്തം പരിശോധിക്കാനായി താഴേക്ക് നോക്കി. 'എനിക്ക് വെടികൊണ്ടിരിക്കുന്നു' അയാൾ അലറി. യാദൃശ്ചികമായി സംഭവിച്ച നഷ്ടം. അപ്പോഴേക്കും കടുവ ചത്തിരുന്നു. ബോറോയ്ക്ക് അദ്ദേഹത്തിന്റെ കയ്യിലെ ധമനിയിലും ഞരമ്പുകളിലും വെടി കൊണ്ടിരുന്നു. കൂടെ ഉണ്ടായിരുന്ന അഭിജിത് എന്ന യുവ മൃഗഡോക്ടർ പരിഭ്രാന്തനായി ബോറോയെ വേഗത്തിൽ വാഹനത്തിൽ കയറ്റുകയും ഗുവാഹട്ടിയിലേക്ക് കൊണ്ടുപോകുകയും ചെയ്തു. മൂന്നു മണിക്കൂർ നേരം രക്തം വാർന്ന് ബോറോ മരണപ്പെടാൻ സാധ്യതയുണ്ടായിരുന്നു. ഒരു കൂട്ടം ഫോൺ വിളികൾക്കു ശേഷം അവിടെ ലഭ്യമായ മുഴുവൻ സംഘവും പ്രവർത്തനനിരതരായി. ഒരു ആശുപത്രിയിലെ അവധിയിലായിരുന്ന വാസ്കുലാർ സർജനെ വിളിച്ചു വരുത്തി. അടിയന്തിര ശസ്ത്രക്രിയകളും വളരെ നീണ്ട കാലത്തെ വിശ്രമവും വേണ്ടിവന്നു. ബോറോ ജീവനോടെ തിരിച്ചു വന്നെങ്കിലും അദ്ദേഹത്തിന്റെ വലതുകൈ എന്നെന്നേക്കുമായി ചലനമറ്റതായി മാറി. ഒരു പേന പിടിക്കാനോ അല്ലെങ്കിൽ സ്വന്തമായി വാഹനമോടിക്കാനോ അദ്ദേഹത്തിന് ആ ജീവതകാലം സാധിക്കാതായി.

**അഭിജിത് എന്ന യുവ മൃഗഡോക്ടർ പരിഭ്രാന്തനായി ബോറോയെ വേഗത്തിൽ വാഹനത്തിൽ കയറ്റുകയും ഗുവാഹട്ടിയിലേക്ക് കൊണ്ടുപോകുകയും ചെയ്തു. മൂന്നു മണിക്കൂർ നേരം രക്തം വാർന്ന് ബോറോ മരണപ്പെടാൻ സാധ്യതയുണ്ടായിരുന്നു.**



TNA Perumal

മറ്റൊരു യുവ മൃഗവൈദ്യനായ ശന്തനു കടമ്പി, ബന്ദിപൂർ കടുവ സങ്കേതത്തിൽ അദ്ദേഹത്തിന്റെ ആദ്യത്തെ മയക്കുവെടിവെക്കൽ അഭിമുഖീകരിക്കുകയായിരുന്നു. ആ കടുവ അപ്പോഴേക്കും നിരവധി കന്നുകാലികളെ കൊന്നിരുന്നു. ശന്തനുവും അദ്ദേഹത്തെ അനുഗമിച്ച വനംവകുപ്പ് ഉദ്യോഗസ്ഥരും നിരവധി നേരത്തെ വിഫല ശ്രമത്തിനു ശേഷം തിങ്ങിവളർന്ന പൂച്ചെടികളുടെ ഇടയിലൂടെ വീണ്ടും ആ മാർജാരനെ മയക്കാൻ ഉന്നം വെക്കുകയായിരുന്നു. അവസാനം, ഉണങ്ങിയ പൂച്ചെടികൾക്കിടയിലൂടെ അദ്ദേഹത്തിന് കടുവയുടെ ഒരു കാല് കാണാൻ സാധിച്ചു. അദ്ദേഹം വെടിവെയ്ക്കുവാൻ ഉന്നം പിടിച്ചതും ചെറുപ്പക്കാരനായ ഒരു ഗ്രാമവാസി ആ കടുവയുടെ നേർക്ക് കത്തിച്ച ഒരു പടക്കം എറിഞ്ഞതും ഒരുമിച്ചായിരുന്നു. ആ കടുവ അലറിക്കൊണ്ട് ചാടിവീണു.

മുൻകരുതലുകൾ ഒന്നും തന്നെ ഇല്ലാതിരുന്നതിനാൽ ശന്തനു സ്വയം രക്ഷയ്ക്കായി കടുവയിൽ നിന്ന് മാറിപ്പോകാം എന്ന പ്രതീക്ഷയോടെ അടുത്തുകണ്ട ഒരു കയറ്റത്തിലേക്ക് ഓടിക്കയറി. തന്റെ തൊട്ടുപിന്നിൽ അലറുന്ന ശബ്ദം അയാൾക്ക് കേൾക്കാമായിരുന്നു. കിതപ്പോടെ ആ കുന്ന് വലിഞ്ഞു കയറുമ്പോൾ തനിക്കു അബദ്ധം പറ്റി എന്ന് അദ്ദേഹത്തിന് മനസ്സിലായി. ആ കടുവ

അദ്ദേഹത്തിന്റെ പിന്നാലെ ഇല്ലായിരുന്നു. മറിച്ച് ആ കുന്നിലേക്കുള്ള വഴിയരികെയുള്ള ജലാശയത്തിനരികെ പതുങ്ങി നടക്കുകയായിരുന്നു. അയാൾക്ക് മുൻപേ ആ കടുവ കുന്നിന്റെ മുകളിൽ എത്തിയിട്ടുണ്ടായിരുന്നു. പെട്ടെന്ന് ശന്തനു അയാളുടെ കൈകൾ ഉയർത്തി രണ്ടാമത്തെ പരിശ്രമത്തിന് മുതിർന്നു. മയക്കുമരുന്ന് കടുവയുടെ ശരീരത്തിൽ തുളച്ചുകയറി. അതും വളരെ ചെറിയ ദൂരം മാത്രം വ്യത്യാസത്തിൽ. അദ്ദേഹത്തിന്റെ വാക്കുകളിൽ പറയുകയാണെങ്കിൽ, 'ഞാൻ അവിടെ നിന്ന് ശ്വാസമില്ലാതെ അതും മയക്കുവെടിക്കുള്ള ഒരേയൊരു തിരയുമായി (ബാക്കിയുള്ളവ സ്വയരക്ഷക്കായുള്ള എന്റെ പാച്ചിലിൽ എന്റെ കയ്യിൽ നിന്നും താഴെ പോയിരുന്നു) ഗാർഡോ വെടിവയ്ക്കാൻ ആളോ ഇല്ലാതെ, ആ കുന്നിന്റെ മുകളിൽ ഞാൻ ഏതു കടുവയിൽ നിന്നും ഓടി അകലാൻ ശ്രമിച്ചോ അതിനെത്തന്നെ അഭിമുഖീകരിച്ചു. അതിലും തമാശ പിന്നീടാണ് ഉണ്ടായത്. മറുവശത്തു നിന്ന ഉദ്യോഗസ്ഥരും മാധ്യമപ്രവർത്തകരും ഞാൻ തോക്കും പിടിച്ച് കുന്നിന്റെ മുകളിലേക്ക് ഓടി കയറുന്നതും ഏതാനും നിമിഷങ്ങൾക്കകം കടുവയെ വെടി വയ്ക്കുന്നതും കണ്ടുനിൽക്കുകയായിരുന്നു. അവർ വിചാരിച്ചു ഞാൻ അതിനെ വെടി വയ്ക്കാൻ വേണ്ടി അതിനു പിന്നാലെ ഓടിയതാണെന്ന്. അതിന്റെ പേരിൽ കുറച്ച് ആഴ്ചകൾക്കു ശേഷം എന്നെ പ്രശംസിക്കുകയും ചെയ്തു. പക്ഷേ, അവർ തെറ്റിദ്ധരിച്ചിരിക്കുകയാണെന്നു പറയാനും അത് തിരുത്താനുമുള്ള മനസ്സ് എനിക്കുണ്ടായില്ല'.

ശന്തനുവിന്റെ ഭാഗ്യം കൊണ്ട് എല്ലാം ശരിയായി വന്നു. പടക്കം കൊണ്ടപ്പോൾ പരിഭ്രാന്തനായ കടുവ അദ്ദേഹത്തിന്റെ നേർക്ക് വന്നിരുന്നുവെങ്കിൽ, അല്ലെങ്കിൽ കുന്ന് കയറി ഓടിയപ്പോൾ മുഖാമുഖം കണ്ട നമ്മുടെ ദേശീയമൃഗത്തെ ആ നിമിഷം നിറയൊഴിക്കാനുള്ള ധൈര്യം കിട്ടിയില്ലായിരുന്നുവെങ്കിൽ നമുക്ക് പറയാൻ മറ്റൊരു കഥാന്ത്യം ആയേനെ.

വീണ്ടും കുറച്ച് കിലോമീറ്റർ വടക്കോട്ട് സഞ്ചരിക്കുക, ഐതിഹാസികമായ കടുവകളുടെ സ്വന്തം ഭൂപ്രദേശത്തേക്ക്. ഈ കഥ ദുധ്വയ്ക്ക് പുറത്തുനിന്നാണ്, എട്ട് മനുഷ്യരെ അവിടെ ഒരു Neo-corbettian കടുവ ഇരയാക്കിയിരുന്നു. ഞങ്ങളുടെ മൃഗവൈദ്യനായ തമിഴ് സ്വദേശി ആരോനും കൂടെ ഞങ്ങളുടെ മുതിർന്ന സാമൂഹ്യ ശാസ്ത്രജ്ഞൻ പാണ്ഡ്യയും കൂടാതെ വനംവകുപ്പ് ഉദ്യോഗസ്ഥരും കൂട്ടത്തിൽ ഒരു നാട്ടാനയുടെ പുറത്ത് ഒരു മൃഗത്തെ പിടികൂടാൻ തന്റെ ജോലി മദ്ധ്യേ ആയിരുന്ന ഡോ. ശുക്ലയും ചേർന്നു. മുകളിൽ മനുഷ്യരുമായി നാല് ആനകളുടെ കൂട്ടം കടുവ പതുങ്ങിയിരിക്കുന്ന ഉയർന്ന കരിമ്പിൻ കൂട്ടത്തിന്റെ ഉള്ളിലേക്ക് പ്രവേശിച്ചു. ഈ നാല് ആനകളിൽ രണ്ടെണ്ണം പരിശീലനം ലഭിച്ചതും ബാക്കിയുള്ളവ പരിശീലനം ലഭിക്കാത്തവയുമാണ്. അവ പ്രവേശിച്ചതും ആ ഭീകരൻ കടുവ അവർക്കുനേരെ പാഞ്ഞടുത്തു. ആരോനും പാണ്ഡേയും ആ സംഭവം വിവരിക്കുന്നത് ഇങ്ങനെ: 'പരിശീലനം ലഭിച്ച രണ്ട് ആനകളും കടുവയ്ക്കു നേരെ തിരിച്ച് ആക്രമിച്ചു. തടുത്തുനിന്ന് ഉച്ചത്തിൽ ചിന്നം വിളിച്ചു. ഞങ്ങൾക്ക് ഞങ്ങളുടെ സന്തുലനാവസ്ഥ നഷ്ടപ്പെട്ടു. ഞങ്ങൾക്ക് നേരെ കടുവ ചാടിയടുത്തപ്പോൾ, ഹൃദയം ഒരു നിമിഷം സ്തംഭിച്ചു പോയി. കാരണം അതിന്റെ വായ ഞങ്ങളുടെ തൂങ്ങിക്കിടക്കുന്ന കാലിന്റെ വളരെയടുത്തു വരെ എത്തി. ഞങ്ങൾ തിരിഞ്ഞുനോക്കിയപ്പോൾ പരിശീലനം ലഭിക്കാത്ത ആനകൾ ഓടി മാറുന്നതും അവയുടെ പുറത്തിരുന്നവർ നിലത്ത് നിൽക്കുന്നതും കണ്ടു. ഇപ്പോൾ പരിശീലനം ലഭിച്ച രണ്ട് ആനകൾ മാത്രമേ ബാക്കിയുള്ളൂ. അത് തോളോട് തോൾ മല്ലിട്ടു കൊണ്ടിരുന്നു. കരിമ്പിൻകാട്ടിൽ ഒളിച്ചിരുന്ന കടുവയെ വീണ്ടും ഞങ്ങൾ കണ്ടു. മയക്കുവെടി വയ്ക്കേണ്ട രണ്ടു കൂട്ടർക്കും വളരെ നേരിയ അവസരം മാത്രമേയുള്ളൂ. കൂട്ടത്തിൽ മുതിർന്നതും പരിചയസമ്പന്നനുമായ ഡോ. ശുക്ല അദ്ദേഹത്തിന്റെ അവസരം ഉപയോഗിച്ചു. ഭാഗ്യമെന്നു പറയട്ടെ, അത് ലക്ഷ്യത്തിൽ തന്നെ എത്തി. അഥവാ അദ്ദേഹം തന്റെ പരിശ്രമത്തിൽ പരാജയപ്പെട്ടിരുന്നെങ്കിൽ, ആ കടുവയെ വെടിവച്ചു കൊല്ലേണ്ടിവരുമായിരുന്നു. ഞങ്ങൾക്ക് ഞങ്ങളുടെ ശ്വാസം തിരികെ കിട്ടും മുൻപേതന്നെ ഉറ്റുനോക്കി നിന്ന ജനക്കൂട്ടം, അതും ദൂരെ മാറി നിന്ന് കാഴ്ച

> **ഞങ്ങൾ കടുവകളെ പിടിക്കുന്നുണ്ട്. അതിൽ സംശയം വേണ്ട. അവയെ സുരക്ഷിതരാക്കുന്നുമുണ്ട്. പക്ഷേ, അവയെ അവരുടെ അമ്മ സുരക്ഷിതരായി കഴുത്തിന് കടിച്ചെടുത്ത് തങ്ങളുടെ ഗുഹയിൽനിന്നും അഭയസ്ഥാനങ്ങളിലേക്ക് മാറ്റുന്നത്ര സുരക്ഷിതരായി അവയെ മാറ്റാൻ ഞങ്ങൾക്ക് കഴിയുന്നില്ല.**

കണ്ടിരുന്ന അയ്യായിരത്തിലധികം വരുന്ന ഗ്രാമവാസികൾ ഉൾപ്പെടുന്ന ജനക്കൂട്ടം വടിയും, കുരുക്കുകളും വലയുമായി മയങ്ങി വീണ കടുവയുടെ അടുക്കലേക്ക് ഓടിക്കൂടുകയും ചെയ്തു. ആനപ്പുറത്തു നിന്ന് ചാടിയിറങ്ങിയ ഞങ്ങൾ അതേ ആനകളെ ഓടിക്കൂടിയ ജനക്കൂട്ടത്തെ മയങ്ങിവീണ കടുവയുടെ അടുത്തുനിന്ന് മാറ്റാൻ ഉപയോഗിച്ചു. അവസാനം ഒരു മണിക്കൂർ നേരത്തെ ശ്രമകരമായ പരിശ്രമത്തിനൊടുവിൽ കടുവയെ ഒരു കൂട്ടിനുള്ളിലാക്കാൻ സാധിച്ചു.

ദേഷ്യത്താലും, അസഹിഷ്ണുതയാലും ചിത്രപ്പണി ചെയ്തുവച്ചിരിക്കുന്ന നമ്മുടെ ഇത്തരത്തിലുള്ള ഗ്രാമപ്രദേശങ്ങളിൽ നമ്മുടെ ദേശീയമൃഗത്തെ രക്ഷിക്കാൻ ചില ഭ്രാന്തൻമാർ ശ്രമിക്കുന്നുണ്ട്. ഇവ വെറും മൂന്ന് കഥകളാണ്. ഇനിയും ഇതുപോലെ കഥകളുണ്ട്. മറ്റൊരു മൃഗവൈദ്യനാകട്ടെ അക്രമാസക്തമായി മയങ്ങി വീണ കടുവയെ കൊല്ലാനും അവരുടെ നിയമം നടപ്പാക്കാനുമായി കാത്തു നിൽക്കുന്ന ഒരു വൻ ജനക്കൂട്ടത്തിൽ നിന്നും രക്ഷിക്കാനായി അതിനെ സംഘത്തിൽ ഉണ്ടായിരുന്ന നാട്ടാനയുടെ പുറത്തുകയറ്റി നിരവധി മൈലുകൾ താണ്ടി രക്ഷിച്ച കഥയും ഉണ്ട്. മറ്റൊരു ചെറുപ്പക്കാരനാകട്ടെ ഇരയെ സമീപിക്കാൻ വരുന്ന നരഭോജിയായ കടുവയെയും കാത്ത് ഒരു ഇരുമ്പ് കൂട്ടിനുള്ളിൽ നിലവിളിക്കുന്ന ഒരു പശുക്കിടാവുമായി ഒരു രാത്രി മുഴുവൻ കാത്തിരുന്നു. അയാൾക്ക് ആകെ ഉണ്ടായിരുന്നത് തുരുമ്പിച്ച ആ ഇരുമ്പുകൂടും വിശ്വാസമുള്ള തന്റെ മയക്കുവെടി വയ്ക്കുന്ന തോക്കും. വേറൊരു മൃഗവൈദ്യനാകട്ടെ കിണറ്റിനുള്ളിൽ അകപ്പെട്ട അലറുന്ന കടുവയെ അതിനുള്ളിൽ ഇറങ്ങി മയക്കുവെടി വയ്ക്കുകയും പിന്നീട് അതിനെ രക്ഷിച്ച് പൂർവ്വ സ്ഥിതിയിൽ എത്തിക്കുകയും ചെയ്തു. ഇവരെല്ലാം നമ്മുടെ പുതിയ കാലത്തിന്റെ നായകന്മാരാണ്. അവർ Corbett & Anderson ന്റെ കറുത്ത നിഗൂഢ വനങ്ങളിലേക്ക് നടന്നുകയറിയിട്ടില്ല. നേരെ മറിച്ച് കരിമ്പിൻ കാടുകളിലേക്കും, പൂച്ചെടികൾ ഉള്ള കുറ്റിക്കാടുകളിലേക്കും, കിണറുകളിലേക്കും, ഇരുമ്പുകൂടുകളിലേക്കും, മനുഷ്യവാസമുള്ള ഭൂപ്രദേശങ്ങളിലേക്കും ഇഴഞ്ഞുകയറിയവരാണവർ. മയക്കുവെടി വയ്ക്കുന്ന തോക്കായിരുന്നു അവരുടെ ആയുധം. അതിനുപുറമെ അസാമാന്യമായ കഴിവും സങ്കൽപത്തിനും അതീതമായ സാഹസികതയും കൈമുതലാക്കിയ ഈ ധീരഹൃദയങ്ങൾ ചാടി വീഴുന്ന കടുവകളെയും അക്രമാസക്തരായ ആനകളേയും രക്തദാഹികളായ ജനക്കൂട്ടത്തെയുമൊക്കെ അഭിമുഖീകരിക്കുന്നു. എന്നാൽ അങ്ങനെയുള്ള പ്രവൃത്തികളൊക്കെയും മരിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ ഭൂമിദേവിയുടെ ചെറിയ മുറിവുകൾ തുന്നിക്കെട്ടുന്നതിന് തുല്യമാകുന്നു. പ്രകൃതിയുടെ സുരക്ഷിതമേകുന്ന ഗർഭപാത്രാവരണം പൊട്ടിപ്പോയിരിക്കുന്നു. ഒരിക്കൽ മനുഷ്യനും മൃഗങ്ങൾക്കും ഒരുപോലെ പോഷണം നൽകിയിരുന്ന ഗർഭപാത്രലായനി മലിനമാക്കപ്പെട്ടിരിക്കുന്നു. അതിൽ കിടന്ന് എല്ലാവരും ശ്വാസംമുട്ടുന്നു. ഒഴുക്കിനെ വലിച്ചെടുന്ന നമ്മുടെ ഇടതൂർന്ന കാടുകൾ എന്നേ പോയിക്കഴിഞ്ഞു. കൂടാതെ മനസ്സിന് ഉണർവ്വും കുളിർമയുമേകുന്ന ആ ഇളംതെന്നൽ മലിനമാക്കപ്പെട്ടിരിക്കുന്നു. ഞങ്ങൾ കടുവകളെ പിടിക്കുന്നുണ്ട്. അതിൽ സംശയം വേണ്ട. അവയെ സുരക്ഷിതരാക്കുന്നുമുണ്ട്. പക്ഷേ, അവയെ അവരുടെ അമ്മ സുരക്ഷിതരായി കഴുത്തിന് കടിച്ചെടുത്ത് തങ്ങളുടെ ഗുഹയിൽനിന്നും അഭയസ്ഥാനങ്ങളിലേക്ക് മാറ്റുന്നത്ര സുരക്ഷിതരായി അവയെ മാറ്റാൻ ഞങ്ങൾക്ക് കഴിയുന്നില്ല. കാര്യമില്ലാതെ നമ്മൾ അവയുടെ വാലിൽ പിടിച്ച് അവയെ അകപ്പെടുത്താൻ ശ്രമിക്കുമ്പോൾ അവയുടെ പല്ലിനും നഖത്തിനും ഇടയ്ക്ക് അകപ്പെട്ടു പോകുന്നത് നമ്മൾ തന്നെയാണ്. അവയെ അകപ്പെടുത്തുമ്പോൾ നമ്മൾ തന്നെയാണ് അകപ്പെടുന്നത്. മനുഷ്യനോ വന്യമൃഗമോ? കടുവയോ നമ്മളോ? ആർക്ക് പറയാൻ സാധിക്കും? ●

---

*വൈൽഡ്‌ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യയുടെ എക്സിക്യൂട്ടീവ് ഡയറക്ടറാണ് ലേഖകൻ.*

---

*പരിഭാഷ: അശ്വതി ചന്ദ്രൻ യുബി.*

അഭിമുഖം

**Dr. George Schaller,** Vice President, Science and Exploration Programme, Wildlife Conservation Society
**Jennifer Scarlott,** Director, International Conservation Society



# "മൃഗങ്ങളുടെ സൗന്ദര്യത്തെപ്പറ്റി സംസാരിക്കാം..."

Mike Crowther/www.indianapolisprize.org

**ഡോ. ജോർജ്ജ് ഷാലർ/**
**ജെന്നിഫർ സ്കാർലറ്റ്**

ഡോ. ജോർജ്ജ് ഷാലർ ഏഷ്യയിലും, ആഫ്രിക്കയിലും, തെക്കേ അമേരിക്കയിലുമായി ഏകദേശം 50 വർഷത്തിൽ കൂടുതൽ വനപ്രദേശങ്ങളിൽ ചെലവഴിക്കുകയും, അതിനോടൊപ്പം കടുവ, സിംഹം, ഭീമൻ പാണ്ട, ഗോറില്ല, ഹിമാലയത്തിലെ കാട്ടാടുകൾ എന്നിവയെക്കുറിച്ച് പഠിക്കുകയും അവയെ സംരക്ഷിക്കുന്നതിൽ സഹായിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ 15 പുസ്തകങ്ങളിൽ 'The Deer and the Tiger', 'The Year of the Gorilla', 'The Last Panda and Tibet's Hidden Wilderness' എന്നിവയും ഉൾപ്പെടുന്നു. ആത്മാർത്ഥതയും പ്രകൃതിയോട് തീവ്രമായ അടുപ്പവുമുള്ള ലോകത്തെ ചുരുക്കം പ്രകൃതി സംരക്ഷകരിൽ ഒരാൾ. ഫീൽഡ് ബയോളജിയുടെ പിതാവായി അദ്ദേഹത്തെ കരുതുന്നവർ നിരവധിയാണ്. പ്രശസ്ത പരിസ്ഥിതി മാസികയായ സാങ്ച്വറി ഏഷ്യയിൽ പ്രസിദ്ധീകരിച്ച ശാസ്ത്ര, സംരക്ഷണ ദൗത്യവുമായി ബന്ധപ്പെട്ട അഭിമുഖത്തിൽ നിന്ന്.

**വന്യജീവികൾക്കായി താങ്കൾ താങ്കളുടെ ജീവിതം ഉഴിഞ്ഞുവയ്ക്കാൻ ഉണ്ടായ കാരണമെന്താണ്?**

എനിക്ക് തോന്നുന്നു, പ്രകൃതി സ്നേഹികളായി മാറിയ മിക്ക ആളുകൾക്കും കുട്ടിക്കാലത്തുതന്നെ അതിനോട് താൽപര്യം ഉണ്ടായിരിക്കും. വീടിന് പുറത്ത് നടക്കാനായിരിക്കും അവർക്ക് കൂടുതലും ഇഷ്ടം. നിങ്ങൾ വലുതാകുംതോറും നിങ്ങൾക്ക് ഇഷ്ടപ്പെട്ടതു ചെയ്തുകൊണ്ട് ജീവിക്കാൻ സാധിക്കും എന്ന് നിങ്ങൾ തിരിച്ചറിയും. നിങ്ങൾ കൂടുതൽ ആഴങ്ങളിലേക്ക് കടന്നുചെല്ലും എന്തെന്നാൽ അതിശയത്തിന്റെ ഒരു കണിക നിങ്ങളിൽ അവശേഷിക്കുന്നു. നിങ്ങൾ മൃഗങ്ങൾക്കൊപ്പമാകാൻ ഇഷ്ടപ്പെടുന്നു.

പക്ഷേ, കാലം കടന്നുപോകുന്തോറും മൃഗങ്ങൾക്കും അവരുടെ ആവാസവ്യവസ്ഥയ്ക്കും വേണ്ടി അവർക്കൊപ്പം നിന്ന് നിങ്ങളും പൊരുതണം. അല്ലെങ്കിൽ അവ അപ്രത്യക്ഷമായേക്കാം. അങ്ങനെ നിങ്ങൾ പരിസ്ഥിതി സംരക്ഷണത്തിനായി സമയം ചെലവഴിക്കുന്നവരായി മാറുന്നു. പരിസ്ഥിതി സംരക്ഷണത്തിൽ മൃഗങ്ങളെ ഒട്ടും തന്നെ മാറ്റാനില്ല, മാറ്റാനുള്ളത് സമ്പദ്‌വ്യവസ്ഥയെയാണ്, സമൂഹത്തെയാണ്, രാഷ്ട്രീയത്തെയാണ്. പെട്ടെന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും നിങ്ങൾക്ക് ഇഷ്ടമില്ലാത്ത കാര്യങ്ങൾ ചെയ്ത് നിങ്ങളുടെ സമയം കളയുകയാണ്. എന്തെന്നാൽ നിങ്ങളുടെ തുടക്കം അങ്ങനെ അല്ലായിരുന്നു. എന്നാൽ അവസാനം, സംരക്ഷണം തന്നെയാണ് ഏറ്റവും പ്രധാനം എന്നതിലേക്കെത്തുന്നു.

**താങ്കൾ അൻപതുകളുടെ അവസാനത്തിൽ മധ്യ ആഫ്രിക്കയിലെ ഗോറില്ലകളെപ്പറ്റി പഠിച്ച് അവയെക്കുറിച്ച് എഴുതും വരെ അപകടകാരികളായ 'ദുഷ്ടമൃഗങ്ങളായി' ആണ് അവയെ കണ്ടിരുന്നത്. അത്തരം ഒരു പഠനത്തിലേക്ക് താങ്കളെ നയിച്ചത് എന്തായിരുന്നു?**

അങ്ങനെ തുടങ്ങാൻ വേണ്ടി ഒരു ഉൾവിളിയൊന്നും എനിക്ക് അനുഭവപ്പെട്ടിരുന്നില്ല. വന്യമായ ഗോറില്ലകളെപ്പറ്റി ശരിക്കും ഒന്നും തന്നെ അറിവുണ്ടായിരുന്നില്ല. ഞാൻ എന്റെ ഡിഗ്രി പഠനത്തിനായി അലാസ്ക യൂണിവേഴ്സിറ്റിയിൽ ചേരുകയും ആ സമയത്ത് ഉത്തരധ്രുവപ്രദേശ കാടുകളിലെ കലമാനുകൾക്കും കരടികൾക്കുമൊപ്പം ഒരുപാട് സമയം ചെലവഴിക്കുകയും ചെയ്തിരുന്നു. മൃഗങ്ങൾ സാധാരണയായി നമ്മുടെ വഴിയിൽ നിന്നു മാറി നടക്കാൻ ശ്രമിക്കുന്നവയാണെന്ന് എനിക്കറിയാം. നിങ്ങൾ നിശ്ശബ്ദരായി അവർക്കരികിൽ പോകുകയാണെങ്കിൽ അവർ നിങ്ങളെ സ്വീകരിക്കാൻ തയ്യാറാകുന്നു. അതായിരുന്നു ഞാൻ ഗോറില്ലകളോടും ചെയ്തത്. ഓരോ ദിവസവും ഞാൻ അവർക്കടുത്തേക്കു ചെന്നു, അതുകൊണ്ടുതന്നെ അവരുമായി ഗാഢവും ദൃഢവുമായ ഒരു ബന്ധത്തിലെത്താൻ അതു സഹായിച്ചു. അധികം സമയമെടുക്കാതെ തന്നെ എനിക്ക് അവരെ ഓരോരുത്തരെയായി മനസ്സിലാക്കാൻ സാധിച്ചു. ഓരോരുത്തരുടെ മുഖവും സ്വഭാവവും എനിക്ക് തിരിച്ചറിയാൻ കഴിഞ്ഞു. അങ്ങനെ ഞാൻ അവരെ സ്വസ്ഥമായിരുന്നു നിരീക്ഷിക്കാൻ തുടങ്ങി.

**ഇന്ത്യൻ ഫോറസ്റ്റ് സർവ്വീസിലെ എല്ലാ ഉദ്യോഗസ്ഥരും ഒരു കടുവയെയെങ്കിലും വെടിവെച്ചില്ലെങ്കിൽ നാണക്കേടാണെന്നു വിചാരിച്ചിരുന്ന കാലമായിരുന്നു അത്. ഇന്ദിരാഗാന്ധി അതു മാറ്റിയെടുക്കാൻ സഹായിച്ചു. കടുവകൾ മനോഹരമായ ജീവികളാണെന്നും അവയെ സംരക്ഷിക്കണമെന്നും അവർ പറഞ്ഞു.**

**അറുപതുകളുടെ തുടക്കത്തിൽ താങ്കൾ കടുവകളെപ്പറ്റി പഠിക്കാനായി ഇന്ത്യയിലേക്ക് പോയി...**

അത് കൻഹ നാഷണൽ പാർക്കിൽ ആയിരുന്നു. അതൊരു മനോഹരമായ അനുഭവമായിരുന്നു. കാരണം വളരെക്കുറച്ച് സന്ദർശകർ മാത്രമേ അപ്പോൾ അവിടെ ഉണ്ടായിരുന്നുള്ളൂ. ഞാനും എന്റെ ഭാര്യയും ഞങ്ങളുടെ രണ്ടു കുഞ്ഞ് ആൺമക്കളുംകൂടി കാട്ടിനുള്ളിൽ തന്നെ ചെറിയൊരു ബംഗ്ലാവിലായിരുന്നു താമസം. അവിടെ പുള്ളിമാനുകളും, ബാരസിംഗകളും ചുറ്റിനും ഉണ്ടായിരുന്നു. കൂടാതെ കടുവകൾ ഞങ്ങളുടെ കൂടാരത്തിനരികെയായി അലഞ്ഞു തിരിഞ്ഞുനടന്നിരുന്നു. ഇവിടെയും ഞാൻ വ്യക്തിഗതമായാണ് ഇടപെട്ടത്. എന്തെന്നാൽ എല്ലാ കടുവകളെയും അവയുടെ മുഖത്തെ വരകൾ കണ്ട് മനസ്സിലാക്കാൻ എനിക്ക് കഴിഞ്ഞിരുന്നു. ഇന്ത്യൻ ഫോറസ്റ്റ് സർവ്വീസിലെ എല്ലാ ഉദ്യോഗസ്ഥരും ഒരു കടുവയെയെങ്കിലും വെടിവെച്ചില്ലെങ്കിൽ നാണക്കേടാണെന്നു വിചാരിച്ചിരുന്ന കാലമായിരുന്നു അത്. ഇന്ദിരാഗാന്ധി അതു മാറ്റിയെടുക്കാൻ സഹായിച്ചു. കടുവകൾ മനോഹരമായ ജീവികളാണെന്നും അവയെ സംരക്ഷിക്കണമെന്നും അവർ പറഞ്ഞു. അതിനുള്ള നടപടികളും സ്വീകരിച്ചു. ഒരു നേതാവിന് ഇത്തരത്തിൽ വലിയ മാറ്റങ്ങൾ വരുത്താൻ കഴിയുമെന്ന് നിങ്ങൾക്ക് കാണിച്ചു തന്നു. കടുവകളെ സംരക്ഷിക്കുന്നതിൽ ഇന്ത്യ വളരെയധികം കഠിനമായി പ്രവർത്തിച്ചു. കടുവകളുടെ എണ്ണം ശരിക്കും ഉയരുന്നതായി നമുക്ക് കാണാൻ കഴിയുന്നത് റഷ്യയുടെ കിഴക്കേ അറ്റത്താണ്. എന്നിരുന്നാലും ഇന്ത്യക്കും സാധ്യതകൾ ഉണ്ട്. ഇന്ത്യക്ക് ഒട്ടനവധി റിസർവ്വുകൾ ഉണ്ട്. അതിനെ സംരക്ഷിക്കുകയും പരിപാലിക്കുകയും മാത്രം ചെയ്താൽ മതി.

**മൃഗവേട്ട എന്ന പ്രശ്നത്തെ ഇന്ത്യൻ ഗവൺമെന്റിന് എങ്ങനെ തടയാൻ സാധിക്കും?**

Arun Vijayakumar



കടുവകൾ നിരന്തരമായി ഭീഷണി നേരിടുന്നവയാണ്. ഗ്രാമവാസികൾ അവയെ വിഷം വച്ച് പിടിച്ചതിനു ശേഷം അവയുടെ എല്ലുകൾ ചൈനയും ജപ്പാനും പോലുള്ള ഏഷ്യൻ രാജ്യങ്ങളിലേക്ക് മരുന്നുണ്ടാക്കുന്നതിനായി കടത്തിക്കൊണ്ടുപോകുന്നു. ടിബറ്റുകാർ സമ്പന്നരാണ്, അവർ അവരുടെ അന്തസ്സ് കാണിക്കുന്നതിനായി കടുവയുടേയും, പുലിയുടേയും തോലുകൾ വസ്ത്രങ്ങളാക്കി ഉപയോഗിക്കുന്നു. 2005 ഡിസംബറിൽ ഞാൻ ലാസയിൽ ആയിരുന്നപ്പോൾ അവിടുത്തെ കടകൾ കടുവത്തോലുകൊണ്ടും, പുലിത്തോലുകൊണ്ടും നിറഞ്ഞിരുന്നു. 2003-ൽ ചൈനയിലെ ഉദ്യോഗസ്ഥർ ഇന്ത്യയിൽ നിന്നും കയറ്റിയയച്ച 32 കടുവകളുടേയും, 581 പുലികളുടേയും 778 നീർനായകളുടേയും ശരീരഭാഗങ്ങൾ അടങ്ങുന്ന ഒരു കള്ളക്കടത്ത് കണ്ടെത്തുകയുണ്ടായി. പക്ഷേ, ദലൈലാമ ഇത്തരത്തിൽ മൃഗവസ്തുക്കൾ ഉപയോഗിക്കുന്നതിനെതിരെ ശക്തമായി നിലകൊണ്ടു. അങ്ങനെ ടിബറ്റുകാർ തോലുകൾ കത്തിക്കാൻ തുടങ്ങി. ടിബറ്റുകാർ ശരിയായ രീതിയിലാണ് കാര്യങ്ങൾ ചെയ്തത്. എന്തിനും സമൂഹത്തിൽ നിന്നും സമ്മർദ്ദം വരണം.

**മൃഗവേട്ട കാരണമുള്ള അപകടങ്ങളേയും വന്യജീവികളെ ഉപയോഗിച്ചുള്ള രാജ്യാന്തര കച്ചവടവും ആവാസവ്യവസ്ഥയിൽ ഉണ്ടാകുന്ന നഷ്ടവുമായി നിങ്ങൾ എങ്ങനെ തുലനം ചെയ്യുന്നു?**

നിങ്ങൾ ഏത് ജീവിയെപ്പറ്റിയാണോ സംസാരിക്കുന്നത് അതനുസരിച്ചിരിക്കും കാര്യങ്ങൾ. കടുവകൾ ആവാസവ്യവസ്ഥയിലെ നഷ്ടം വളരെയധികം അഭിമുഖീകരിക്കുന്നുണ്ട്. വനങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾക്കായി നിരവധി ഹെക്ടർ ഭൂമി സ്വന്തമായി നൽകുന്ന കാര്യം ഇന്ത്യൻ പാർലമെന്റ് പരിഗണിച്ചിരുന്നു (ഡ്രാഫ്റ്റ് ട്രൈബൽ ബിൽ 2005). അങ്ങനെ ആ സ്ഥലങ്ങൾ വനഭൂമിയിൽ നിന്ന് സ്വകാര്യ ഭൂമികളാക്കി മാറ്റുന്നു. തന്മൂലം ഒട്ടുമിക്ക കടുവകൾക്കും അവയുടെ ആവാസവ്യവസ്ഥ നഷ്ടമാകുന്നു. കാരണം ഗവൺമെന്റിന് ആ വനത്തിന്മേലുള്ള നിയന്ത്രണം നഷ്ടമാകുന്നു. ആവാസവ്യവസ്ഥയിൽ ഉണ്ടാകുന്ന ഭീഷണി ഇന്ത്യയിൽ വളരെ പ്രധാനമാണ്. ടിബറ്റൻ ആന്റിലോപ്പുകൾക്ക് വലിയ തുറന്ന സ്ഥലങ്ങൾ ഉണ്ടായിരുന്നതിനാൽ അവയുടെ ആവാസവ്യവസ്ഥക്ക് പ്രശ്നങ്ങൾ ഇല്ലായിരുന്നു. എന്നാൽ പതിനായിരക്കണക്കിനാളുകൾ ഇവയെ വെടിവച്ചു കൊല്ലുന്നു. തുടർന്ന് തോലുകൾ കാശ്മീരിലേക്ക് കടത്തപ്പെടുകയും ഷാളുകളായി മാറ്റപ്പെടുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള കച്ചവടം തടയാൻ രാജ്യാന്തര തലത്തിലുള്ള പരിശ്രമങ്ങൾ ആവശ്യമാണ്.

**1980-ൽ താങ്കൾ ആദ്യം ചൈനയിലേക്ക് പോയി, താങ്കളുടെ പരിശ്രമങ്ങൾ കാരണം ചാങ്താങ് നേച്ചർ റിസർവ് രൂപപ്പെട്ടു.**

ഒരു വിദേശി, ഒരു ജീവശാസ്ത്രജ്ഞൻ ഒന്നും തന്നെ രൂപവൽക്കരിക്കുന്നില്ല, ഗവൺമെന്റാണ് അതു ചെയ്യുന്നത്. വസ്തുതകൾ ശേഖരിച്ച് അവർക്കുമുമ്പിൽ സമർപ്പിക്കാനും അഭിപ്രായങ്ങൾ മുന്നോട്ടുവയ്ക്കാനുമാണ് നമുക്ക് ആകെ സാധിക്കുന്നത്. നമ്മുടെ ആശയങ്ങൾ അർത്ഥവത്താണെന്ന് ഗവൺമെന്റിന് തോന്നിയാൽ അവർ അത് നടപ്പാക്കുന്നു. ചൈന അത്തരത്തിലുള്ള ആശയങ്ങൾ വളരെയധികം സ്വീകരിക്കുന്നു. റിസർവ്വിന്റെ ചില സ്ഥലങ്ങളിൽ ജീവികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. പക്ഷേ, മൊത്തത്തിൽ സ്ഥലം വളരെ വലുതായതുകൊണ്ടു തന്നെ ചില സ്ഥലങ്ങൾ മറ്റുള്ളവയേക്കാൾ സംരക്ഷിക്കപ്പെടുന്നു. നിയമപരമായ നിയന്ത്രണവും

**ഞാൻ ഇന്ത്യ പോലുള്ള രാജ്യങ്ങളെ ബഹുമാനിക്കുന്നു. കാരണം ഇത്രയും ജനസാന്ദ്രത കൂടിയ രാജ്യമായിരുന്നിട്ടും വന്യജീവികളെ സംരക്ഷിക്കാൻ വേണ്ടി സ്ഥലം മാറ്റിവയ്ക്കാൻ അവർ തയ്യാറാവുന്നു. അവർക്കിത് തുടർന്നുകൊണ്ടിരിക്കുന്ന പോരാട്ടമാണ്. പക്ഷേ, അമേരിക്കക്കാരേക്കാൾ മൃഗങ്ങളോട് വളരെ ഭേദപ്പെട്ട സമീപനമാണ് ഇന്ത്യക്കാർക്കുള്ളത്.**

മേൽനോട്ടവും അത്യാവശ്യമാണ്. റിസർവ്വിന് അകത്ത് ആളുകൾ താമസിക്കുന്നുണ്ട്. വളർത്തുമൃഗങ്ങളോടൊപ്പം അലഞ്ഞുതിരിയുന്ന മനുഷ്യർ. അവിടെ ഒരിടത്തും, നിങ്ങൾക്ക് മുഖംതിരിഞ്ഞു നിൽക്കാൻ സാധിക്കില്ല. നിങ്ങൾക്ക് ഒരിക്കലും സംരക്ഷണത്തിൽ വിജയിക്കാൻ സാധിക്കില്ല. കാരണം കാര്യങ്ങൾ മാറുമ്പോൾ, സംസ്കാരങ്ങളും മാറുന്നു. 25 വർഷങ്ങൾക്ക് മുമ്പ് നാടോടി മനുഷ്യർ കൂടാരങ്ങളിൽ ജീവിച്ചു, കുതിരപ്പുറത്ത് യാത്ര ചെയ്തു. ഇന്ന്, മിക്ക ആൾക്കാരും കുടിലുകളിൽ താമസിക്കുന്നു. അവർക്ക് വൈദ്യുതിക്ക് സോളാർ പാനലുകൾ ഉണ്ട്. മോട്ടോർ സൈക്കിളുകൾ ഉണ്ട്. ഇത്തരത്തിലുള്ള മാറ്റങ്ങൾ എല്ലാത്തിനേയും ബാധിക്കുന്നു.

**റോഡുകളും, തോക്കുകളും ഇന്ത്യയിലെ കടുവകളെയും മറ്റു മൃഗങ്ങളേയും പൂർണമായും മാറ്റിമറിച്ചതിനെക്കുറിച്ച് എന്തു പറയുന്നു?**

അതെ, അതുതന്നെയാണ് അമേരിക്കയിലും ഉണ്ടായത്. ഇവിടെ നമുക്കൊരിക്കലും പിൻതിരിഞ്ഞു നിൽക്കാൻ സാധിക്കില്ല. ഞങ്ങൾ നിരന്തരമായി പോരാടിയിരുന്നത് ആർട്ടിക്ക് നാഷണൽ വൈൽഡ്ലൈഫ് റെഫ്യൂജിക്കുവേണ്ടിയാണ്. എന്റെ ആദ്യത്തെ യാത്രയിൽ തന്നെ അവിടെ ഒരു ജൈവ സർവ്വേ നടത്തുകയും അതിന്റെ ഫലമായി 1960-ൽ അത് നിലവിൽ വരികയും ചെയ്തു. 50 വർഷങ്ങൾക്ക് മുൻപായിരുന്നു അത്. ഇപ്പോഴും അത് നിലനിർത്തുന്നതിനായി ഞങ്ങൾ പോരാടുന്നു. ഒരുപാട് സമയവും, പണവും വളരെ വലുതായ പരിശ്രമങ്ങളും അതിനായി വേണ്ടിവരുന്നു. അമേരിക്കയിൽ നിയമപരമായി എന്തെങ്കിലും സ്ഥാപിതമായാൽ പിന്നെ അത് സുരക്ഷിതമാണെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടാകാം. പക്ഷേ, അവിടെ രാഷ്ട്രീയവും അത്യാഗ്രഹവും വളരെ കൂടുതലാണ്. നിങ്ങളുടെ പോരാട്ടം തുടരുകതന്നെ വേണം. എല്ലാ രാജ്യത്തും ഇത് സത്യമാണ്.

**ബുഷിന്റെ നേതൃത്വത്തിൽ The US Endangered Speicies Act-നെ അക്രമിക്കുകയാണല്ലോ...**

എന്നെ അലട്ടുന്നതും അതാണ്. ലോകത്തിലെ അതിസമ്പന്നമായ രാജ്യമാണിത്. നിരന്തരമായ പോരാട്ടങ്ങളിലൂടെയല്ലാതെ ചെറിയ സ്ഥലങ്ങളെ നമുക്ക് സംരക്ഷിക്കാൻ കഴിയുന്നില്ല. ലോകത്തിലെ ഏറ്റവും ദരിദ്ര



രാജ്യങ്ങളിൽ ഒന്നാണ് റുവാണ്ട, ഞങ്ങൾ ഗോറില്ലകളിൽ പഠനം നടത്തിയ സ്ഥലം. അവിടെ ആഭ്യന്തര യുദ്ധങ്ങളും കൂട്ടക്കൊലകളും ഉണ്ടായിട്ടും അവർ ഗോറില്ലകളെ സംരക്ഷിച്ചു. ജനസാന്ദ്രതകൂടിയ രാജ്യങ്ങളിൽ ഒന്നാണ്, എന്നിട്ടും അവർ തങ്ങളുടെ ഗോറില്ലകളെക്കുറിച്ച് അഭിമാനിക്കുന്നു. ഭരിക്കുന്നത് ആരാണെന്നത് അവർക്കു പ്രശ്നമല്ല. അവർ പറയും 'ഞങ്ങൾക്ക് ഞങ്ങളുടെ ഗോറില്ലകളെ സംരക്ഷിക്കണമെന്ന്' അമേരിക്കയിൽ ചില ജീവികൾ നന്നായി സംരക്ഷിക്കപ്പെടുന്നുണ്ട്. ഈ രാജ്യം ഭാഗ്യമുള്ളതാണ്. അത് വിസ്തൃതമായതും താരതമ്യേന ജനസാന്ദ്രത കുറഞ്ഞതുമാണ്. ഞാൻ ഇന്ത്യ പോലുള്ള രാജ്യങ്ങളെ ബഹുമാനിക്കുന്നു. കാരണം ഇത്രയും ജനസാന്ദ്രത കൂടിയ രാജ്യമായിരുന്നിട്ടും വന്യജീവികളെ സംരക്ഷിക്കാൻ വേണ്ടി സ്ഥലം മാറ്റിവയ്ക്കാൻ അവർ തയ്യാറാവുന്നു. അവർക്കിത് തുടർന്നുകൊണ്ടിരിക്കുന്ന പോരാട്ടമാണ്. പക്ഷേ, അമേരിക്കക്കാരേക്കാൾ മൃഗങ്ങളോട് വളരെ ഭേദപ്പെട്ട സമീപനമാണ് ഇന്ത്യക്കാർക്കുള്ളത്.

**അത്തരത്തിലുള്ള സമീപനം എങ്ങനെ ഉണ്ടാകുന്നുവെന്നാണ് താങ്കളുടെ അഭിപ്രായം?**

അതിന് മതപരമായ അടിസ്ഥാനമുണ്ട്. ബുദ്ധമതമായാലും, ഹിന്ദുമതമായാലും മൃഗങ്ങളെ കൊല്ലുന്നത് പ്രോത്സാഹിപ്പിക്കുന്നില്ല, എന്നാൽ അമേരിക്കയിൽ ഇത്തരത്തിലുള്ള വിദ്യാഭ്യാസം അവർ മറക്കുന്നു. കുഞ്ഞു സ്കൂൾ കുട്ടികൾ മൃഗങ്ങളെ ഇഷ്ടപ്പെടുന്നു. പക്ഷേ, മിക്ക കുഞ്ഞുങ്ങളും കൗമാരത്തിൽ എത്തുമ്പോൾ ഇത്തരത്തിലുള്ള ഇഷ്ടങ്ങൾ മറക്കുന്നു. അമേരിക്കയിലെ ആളുകൾ ജോലി ചെയ്യുന്നവരായി മാറിക്കഴിയുമ്പോഴേക്കും പാരിസ്ഥിതിക ചിന്തകളൊക്കെ ഉപരിപ്ലവമായിട്ടുണ്ടാകും. അതുകൊണ്ടുതന്നെ പരിസ്ഥിതി പരിധിക്ക് പുറത്താക്കപ്പെടുന്നു. ആളുകൾക്ക് പ്രകൃതിയോടും മൃഗങ്ങളോടും അവർക്ക് മുമ്പ് തോന്നിയിരുന്ന അനുകമ്പയും താൽപര്യവും എങ്ങനെ നിലനിർത്താൻ സാധിക്കും? യൂണിവേഴ്സിറ്റികൾ അത് ചെയ്യുന്നില്ല. യേൽ യൂണിവേഴ്സിറ്റിയിൽ നിന്നും ബുഷ് എന്ന പേരിലുള്ള രണ്ട് ആളുകൾ ഞങ്ങൾക്കൊപ്പം ഉണ്ടായിരുന്നു. രണ്ടുപേരും പാരിസ്ഥിതികമായി നിരക്ഷരരാണ്. കുട്ടികളുടെ ഭാവി മേഖല ഏതുതന്നെയായാലും പരിസ്ഥിതിയെപ്പറ്റി വിദ്യാഭ്യാസം നൽകാതിരിക്കുന്നതിനെ യൂണിവേഴ്സിറ്റികൾക്ക് ന്യായീകരിക്കാൻ കഴിയില്ല. നമ്മുടെ ജീവിതത്തിന്റെ നിലവാരം അതനുസരിച്ചിരിക്കുന്നു. നശിപ്പിക്കപ്പെട്ട പരിസ്ഥിതിയുള്ള ഒരു രാജ്യത്തേയും ദാരിദ്ര്യത്തിൽ നിന്നും കരകയറ്റാൻ സാധിക്കില്ല. ലോകത്തിലെ ഒട്ടനവധി വിഭവങ്ങളെ ഉപയോഗിക്കുന്ന രാജ്യമാണ് അമേരിക്ക. ഇന്ത്യയും ചൈനയും സാമ്പത്തികമായി വളർന്നുകൊണ്ടിരിക്കുന്നു. പ്രകൃതി വിഭവങ്ങളുടെ കാര്യത്തിൽ വളരെയധികം ക്ഷാമം നേരിടേണ്ടിവരും.

**'കടുവകൾക്കും പാണ്ടകൾക്കും ആവശ്യത്തിൽ കൂടുതൽ ശ്രദ്ധ കിട്ടുന്ന കാരണം മറ്റു മൃഗങ്ങളുടെ ആവശ്യങ്ങൾ നിരാകരിക്കപ്പെടുന്നു' എന്ന വാദം ഇടയ്ക്കിടെ ഉയർന്നുവരാറുണ്ട്. ഇതിനോട് താങ്കൾ എങ്ങനെ പ്രതികരിക്കുന്നു?**

ജനങ്ങൾ മൃഗങ്ങളോട് വൈകാരികമായാണ് പ്രതികരിക്കുന്നത്. കടുവകളേയും പാണ്ടകളേയും സംരക്ഷിക്കുന്നതിലേക്കായി സംഭാവന നൽകാൻ അവർ തയ്യാറാണ്. കാരണം അവർക്ക് തോന്നുന്നു അവ മനോഹരമാണെന്ന്. തീർച്ചയായിട്ടും എല്ലാത്തിനും അതിന്റേതായ സൗന്ദര്യമുണ്ട്. പക്ഷേ, ജനങ്ങൾ



അട്ടകളേയും ചെറുപ്രാണികളേയും സംരക്ഷിക്കാൻ സംഭാവന ചെയ്യില്ല. കടുവകൾക്കും പാണ്ടകൾക്കും ജീവിക്കാനാവശ്യമായ സ്ഥലം കൂടുതലായതുകൊണ്ടുതന്നെ അവയുടെ ആവാസവ്യവസ്ഥയിലുള്ള ദശലക്ഷക്കണക്കിനുള്ള മറ്റ് ജീവികളേയും അവ സംരക്ഷിക്കുന്നു. അങ്ങനെ അവയെ സംരക്ഷിക്കാൻ ലഭിക്കുന്ന പണം എല്ലാ മൃഗങ്ങളിലേക്കും എത്തുന്നു.

**ഹിമപ്പുലിയിൽ ആഗോളതാപനം കാരണം ഉണ്ടാകുന്ന സമ്മർദ്ദത്തെക്കുറിച്ച് താങ്കൾക്ക് എന്താണ് പറയാനുള്ളത്? ഹിമപ്പുലികളുടെ ആവാസവ്യവസ്ഥയായ ഉയർന്ന സ്ഥലങ്ങളിലേക്ക് സാധാരണ പുലികൾ എത്തിപ്പെടുന്നതുമൂലമുള്ള സംഘർഷങ്ങൾ അധികരിക്കുന്നുണ്ടോ?**

ഹിമപ്പുലികൾക്ക് ഉയർന്ന പ്രദേശങ്ങളിൽ ഇര കിട്ടുന്നുണ്ട്. അവർക്ക് അതിനാൽ നിലനിൽക്കാൻ സാധിക്കും. ഹിമാലയത്തിൽ ചില സ്ഥലങ്ങളിൽ ഇതിനകംതന്നെ ചെറിയ രീതിയിൽ സംഘർഷങ്ങൾ ഉണ്ടാകുന്നുണ്ട്. ശരിക്കുള്ള സംഘർഷം വരുമ്പോൾ നഷ്ടമുണ്ടാകുന്നത് ഹിമപ്പുലിക്കായിരിക്കും. നമ്മൾ സാധാരണ വിചാരിച്ചിരുന്നത് ഹിമപ്പുലികൾ ഉയർന്ന മലനിരകളിൽ മാത്രമാണ് കാണുന്നത് എന്നാണ്. പക്ഷേ, മംഗോളിയയിൽ അവ താഴ്ന്ന മരുഭൂമി പ്രദേശങ്ങളിൽ കാണപ്പെടുന്നു. അങ്ങനെയുള്ള സ്ഥലങ്ങളിൽ ആഗോളതാപനം ഒരു തരത്തിലും സ്വാധീനിക്കുന്നില്ല. കാരണം അവ വളരെ വരണ്ടതായിരുന്നു. എങ്കിലും ഹിമപ്പുലികൾ സാധാരണ പുലികളിൽ നിന്നും രക്ഷനേടാൻ ഒളിത്താവളങ്ങൾ കണ്ടെത്തുമായിരിക്കും. എല്ലാം ആഗോളതാപനത്താൽ ബാധിക്കപ്പെടാൻ പോകുകയാണ്.

**സമാധാന ഉദ്യാനങ്ങൾ ആക്കാൻ താങ്കൾക്ക് താൽപര്യമുള്ള സ്ഥലങ്ങൾ ഏതൊക്കെയാണ്?**

ലോകത്താകമാനം ഏകദേശം 150 സമാധാന ഉദ്യാനങ്ങളുണ്ട്, അല്ലെങ്കിൽ രാജ്യാന്തര അതിർത്തികളിലെ ഉദ്യാനങ്ങൾ എങ്കിലുമുണ്ട്. പാക്കിസ്ഥാനും താജികിസ്ഥാനും, അഫ്ഗാനിസ്ഥാനും ചൈനയും ചേർന്ന് ഈ നാല് രാജ്യങ്ങളും കൂടി ചേരുന്നിടത്തെ അത്യപൂർവ്വവും മനോഹരവുമായ മലനിരകളായ പാമിർസിൽ ഒരു സമാധാന ഉദ്യാനത്തിന്റെ രൂപവൽക്കരണത്തിന് ഞാൻ ശ്രമിക്കുന്നുണ്ട്. അതിർത്തി മധ്യത്തിൽ സ്ഥിതിചെയ്യുന്ന ഈ ഉദ്യാനം ഇപ്പോൾ വിഭാവനം ചെയ്യുന്നതിലും കൂടുതലായി എളുപ്പത്തിൽ വിപുലീകരിക്കുവാനും സാധിക്കും. പാക്കിസ്ഥാന്റെ ഭാഗം, ഇന്ത്യയോടു ചേർന്നുള്ള സിയാച്ചിനിലേക്ക് വിപുലീകരിക്കാവുന്നതാണ്. അവിടെ ഇപ്പോൾ തന്നെ ഒരു റിസർവ്വുണ്ട്. സമാധാന ഉദ്യാനങ്ങൾ വളരെ നല്ലതാണ്. കാരണം മനുഷ്യർക്ക് തമ്മിൽ പ്രശ്നങ്ങൾ ഉണ്ടെങ്കിലും സംരക്ഷണം അവർക്കു സംസാരിക്കാൻ വഴിയൊരുക്കുന്നു. ഞാൻ മുന്നോട്ട് കൊണ്ടുവരാൻ ശ്രമിക്കുന്ന സമാധാന ഉദ്യാനം മാർക്കോപോളോ ആടുകൾക്ക് വേണ്ടിയാണ്. ആടുകളിൽ വച്ച് ഏറ്റവും വലിയ കൊമ്പുകൾ ഉള്ളവ, 1.5-1.8 മീറ്റർ വരെ നീളമുള്ളവ. അവ അത്യധികം സൗന്ദര്യമുള്ള മൃഗങ്ങളാണ്.

**നേരിട്ടുള്ള ജീവശാസ്ത്ര പഠനത്തിന്റെ (field biology) പ്രസക്തിയെപ്പറ്റി താങ്കളുടെ അഭിപ്രായമെന്താണ്?**

നിങ്ങൾക്ക് പരിസ്ഥിതിയെ സംരക്ഷിക്കണമെന്നുണ്ടെങ്കിൽ, അതുപോലെ എല്ലാവർക്കും പരിസ്ഥിതി നിലനിൽക്കണം എന്ന് ആഗ്രഹമുണ്ടെങ്കിൽ നിങ്ങൾക്ക് അതുമായി ബന്ധപ്പെട്ട വിവരങ്ങൾ വേണം. ഒരു വസ്തുവിനെപ്പറ്റി അടിസ്ഥാന അറിവ് ഇല്ലെങ്കിൽ നിങ്ങൾക്ക് അതിനെ സംരക്ഷിക്കാനോ പരിപാലിക്കാനോ കഴിയില്ല. നേരിട്ട് ഈ വിഷയത്തിൽ പഠിക്കുന്ന ജീവശാസ്ത്രജ്ഞർക്ക് ഇത്തരത്തിലുള്ള വിവരങ്ങൾ ലഭ്യമാകുന്നു. ഒരു കടുവയ്ക്ക് എത്ര സ്ഥലം ആവശ്യമാണ്? ഒരു കടുവയ്ക്ക് എത്രമാത്രം ഇര ആവശ്യമാണ്? ഇത്തരത്തിലുള്ള ചോദ്യങ്ങളുടെ ഉത്തരങ്ങൾ ഒരു ജീവിയേയും അതിന്റെ ആവാസവ്യവസ്ഥയെയും പറ്റി ഒരു രൂപരേഖ തയ്യാറാക്കാൻ സഹായിക്കുന്നു. ഈ സമയത്ത് സംരക്ഷണം അനിവാര്യമായതുകൊണ്ടു തന്നെ ജീവിശാസ്ത്രജ്ഞരുടെ ചോദ്യങ്ങളും മാറിയിരിക്കുന്നു. കൂടാതെ പ്രാദേശികമായിട്ടുള്ള ആളുകളുടെ ആഗ്രഹങ്ങളേയും താൽപര്യങ്ങളേ

യും സംരക്ഷിക്കേണ്ടിയിരിക്കുന്നു.

**ഇരുപത്തൊന്നാം നൂറ്റാണ്ടിൽ നേരിട്ടുള്ള ജീവശാസ്ത്രപഠനത്തിന്റെ (field biology) പ്രസക്തി എന്താണ്?**

നിർഭാഗ്യവശാൽ സർവ്വകലാശാലകൾ വളരെക്കുറച്ചു മാത്രമേ പ്രകൃതി ചരിത്രം പഠിപ്പിക്കുന്നുള്ളൂ. നേരിട്ടുള്ള ജീവശാസ്ത്രപഠനം പ്രകൃതി ചരിത്രത്തിന് തുല്യമാണ്. നമുക്കെല്ലാം അറിയാമെന്നു പറഞ്ഞ് സർവ്വകലാശാലകൾ അതൊക്കെ ഉപേക്ഷിക്കുകയാണ്. നമുക്ക് ഇപ്പോഴും പലതും അറിയില്ല. നിലവിൽ ചിലപ്പോൾ ഒന്നര ദശലക്ഷത്തിലധികം ജീവികളെ തരം തിരിച്ചിട്ടുണ്ടാവാം. അവയ്ക്ക് ശാസ്ത്രീയനാമവും കൊടുത്തിട്ടുണ്ടാകാം. പക്ഷേ, 50 ദശലക്ഷത്തിലധികം ജീവികളെ ഇനിയും കണ്ടെത്താനുള്ള സാധ്യതകളുണ്ട്. അവയെങ്ങനെയാണ് പരസ്പരം വർത്തിക്കുന്നത്? ഒരു മഴക്കാടിലെ എല്ലാ ജീവികളും എങ്ങനെ പരസ്പരം വർത്തിക്കുന്നു എന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് ഞാൻ വിചാരിക്കുന്നില്ല. ചില ജീവികളുടെ വംശനാശം ഒരു കൂട്ടം മറ്റ് ജീവികളുടെ വംശനാശത്തിന് കാരണമാകുമോ? അത്തരത്തിലുള്ള കാര്യങ്ങൾ നമ്മൾ അറിയാൻ പോലും തുടങ്ങിയിട്ടില്ല. ഭീമൻ പാണ്ടകളെപ്പറ്റി ജീവശാസ്ത്രജ്ഞർക്ക് കുറച്ച് അറിവുകൾ കിട്ടിയിട്ടുണ്ട്. ഒരു നിശ്ചിതസ്ഥലത്ത് എത്ര പാണ്ടകൾ ഉണ്ട്, അവയ്ക്ക് എത്ര സ്ഥലം ആവശ്യമാണ് എന്നൊക്കെ. അതുകഴിഞ്ഞ് ഇവയുടെ അടിസ്ഥാനത്തിൽ അവയ്ക്ക് വേണ്ട സംരക്ഷണം എങ്ങനെയായാണെന്ന് നിർദ്ദേശിക്കാം. അതൊരു നല്ല തുടക്കമായിരുന്നു. എന്നിരുന്നാലും ആ സ്ഥലത്തെ പരിസ്ഥിതിയെപ്പറ്റി നിങ്ങൾക്ക് വളരെ കുറച്ചുമാത്രമേ അറിയുന്നുള്ളൂ. ഇതിൽ ഏറ്റവും പ്രധാനം അവിടുത്തെ തന്നെ ദേശവാസികളെ ഇതിൽ എങ്ങനെ പങ്കെടുപ്പിക്കാം എന്നതാണ്. അതിന് നിങ്ങൾ അവരുടെ വികാരങ്ങൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു. നിങ്ങൾക്ക് നീതിശാസ്ത്രത്തെപ്പറ്റി സംസാരിക്കാം. മൃഗങ്ങളുടെ സൗന്ദര്യത്തെപ്പറ്റി സംസാരിക്കാം. സമൂഹം വളരെ കുറച്ച് കാര്യങ്ങളേ ഇതിനുവേണ്ടി ചെയ്യുന്നുള്ളൂ. ആരാണ് ഇതിന് വേണ്ടി ശബ്ദമുയർത്തുന്നത്? ദലൈലാമ മാത്രമാണ് ഇതിനുവേണ്ടി ശബ്ദമുയർത്തിയ ഒരേയൊരു മതനേതാവ്. മതപ്രചരണം നടത്താൻ എല്ലായ്പ്പോഴും ആളുകൾ ഉണ്ട്. പക്ഷേ, ഇവർ യഥാർത്ഥത്തിൽ പരിസ്ഥിതിയെപ്പറ്റി സംസാരിക്കേണ്ടിയിരിക്കുന്നു. കാരണം പരിസ്ഥിതിയുടെ ആരോഗ്യം എല്ലാവരേയും ബാധിക്കുന്നു.

**ജീവശാസ്ത്രജ്ഞരുടേയും പരിസ്ഥിതി സംരക്ഷകരുടേയും പ്രധാന ലക്ഷ്യം എന്താണ്?**

എല്ലാവരും ഇതിൽ പങ്കുചേരണം. ഒന്നുകിൽ നേരിട്ട് പരിസ്ഥിതി സംരക്ഷകരായിട്ട്, അല്ലെങ്കിൽ പണം നൽകി സംരക്ഷണത്തിൽ പങ്കുചേർന്ന്, അല്ലെങ്കിൽ പരിസ്ഥിതിയുടെ അഭിഭാഷകരായി മാറിയിട്ട്, അല്ലെങ്കിൽ നമ്മൾ ജോലിചെയ്യുന്ന സ്ഥാപനങ്ങൾ പരിസ്ഥിതിയെ നശിപ്പിക്കാതിരിക്കാനായി പ്രവർത്തിച്ചിട്ട്. നമ്മൾ എല്ലാവരും അതിന് ബാധ്യസ്ഥരാണ്. നമ്മളിൽ ഓരോരുത്തരും ചെയ്യുന്നതിന് പ്രകൃതിയിൽ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നു. സംസ്ഥാന സർക്കാരുകൾ, കേന്ദ്രസർക്കാരുകൾ, കോർപ്പറേഷനുകൾ, സാധാരണ പ്രകൃതികൂട്ടായ്മകൾ തുടങ്ങി സമൂഹത്തിലെ എല്ലാ തലത്തിലുള്ളവരും ഈ ഉത്തരവാദിത്വം ഏറ്റെടുക്കണം.

**പ്രകൃതിവാദികളെ കാലത്തിന് പിന്നോക്കം പോകുന്നവരെന്നും, ജനങ്ങളെ അപരിഷ്കൃത ജീവിതം നയിക്കാൻ നിർബന്ധിക്കുന്നവരെന്നും, ആഢംബര ജീവിതത്തെ എതിർക്കുന്നവരെന്നും വിളിക്കുന്ന ആളുകളോട് താങ്കൾ എങ്ങനെ പ്രതികരിക്കുന്നു?**

ലോകത്തിലെ മറ്റ് ആളുകളെക്കാളും അവസരങ്ങളും ഉപഭോഗ ഉത്പന്നങ്ങളും ഉള്ള ഒരു ശരാശരി അമേരിക്കക്കാരൻ 75 വർഷം മുൻപ് ഇവയൊക്കെ ഇല്ലാതെ ജിവിച്ച ആളുകളേക്കാൾ സന്തോഷവാനാണോ? ആന്റിബയോട്ടിക്ക് പോലെ വലിയ തോതിൽ മാറ്റംവരുത്തിയ ചില വസ്തുക്കൾ ഉണ്ട്. എന്നിരുന്നാലും സത്യത്തിൽ ഇത്രയധികം ഉത്പന്നങ്ങളുടെ ആവശ്യം നമുക്കില്ല. ഇത് കാരണം ഉണ്ടാകുന്ന മാലിന്യങ്ങൾ ഭീകരമാണ്. ഇത്തരത്തിലുള്ള വസ്തുക്കളുടെ ഉപഭോഗം കുറച്ചുകൊണ്ട് നല്ലൊരു ജീവിതനിലവാരം പുലർത്തുക എന്നത് സാധ്യമാണ്.

> **ശാസ്ത്രജ്ഞർ അവർ ചെയ്യുന്ന ജോലിയുമായി വൈകാരികമായി അടുക്കാൻ പാടില്ല എന്നു പറയുന്ന അസംബന്ധം പലതും നിങ്ങൾ വായിച്ചിട്ടുണ്ടാകും. അത്തരത്തിൽ വൈകാരികമായി അടുപ്പം തോന്നാതെ ജോലി ചെയ്യുന്നതിനെപ്പറ്റി എനിക്ക് ചിന്തിക്കാൻ പോലും കഴിയില്ല.**

**പരിസ്ഥിതിയിൽ ലോകബാങ്കിന്റെ പങ്കിനെക്കുറിച്ച് താങ്കൾ എന്തു കരുതുന്നു?**

ലോകബാങ്കിന്റെ പങ്ക് രണ്ടു രീതിയിലും പറയാം. കുറച്ച് നല്ലതെന്നും കുറച്ച് അത്ര നല്ലതല്ലെന്നും. അവർ രാജ്യങ്ങൾക്കുവേണ്ടി ലോണുകൾ ഉണ്ടാക്കുന്നു. രാജ്യങ്ങളെക്കൊണ്ട് ലോൺ എടുപ്പിക്കാൻ പ്രോത്സാഹിപ്പിക്കുന്നു. അവ തിരിച്ച് നൽകുന്നതിലേക്കായി രാജ്യങ്ങൾ സാധാരണ ജനങ്ങൾക്കുവേണ്ടി ഉപയോഗിക്കേണ്ട അവരുടെ നിലങ്ങളിൽ മുഴുവൻ കയറ്റുമതി ചെയ്യേണ്ട വിളകൾ വിളയിക്കുന്നു. അതുമല്ലെങ്കിൽ കൊടുത്തപണം തിരിച്ചു കിട്ടുന്നതിലേക്കായി മരങ്ങൾ മുറിച്ച് കയറ്റുമതി ചെയ്യുന്നു. അതുപോലെ ലോകബാങ്കിന്റെ നിർബ്ബന്ധത്താൽ പരിസ്ഥിതിക്കു വളരെയധികം നാശമുണ്ടാക്കുന്ന ഡാമുകളും മറ്റ് പദ്ധതികളും നിലവിൽ വന്നിട്ടുണ്ട്.

**സ്ത്രീകളുടെ ഇടപെടൽ ജൈവപഠനങ്ങൾക്ക് ഗുണം ചെയ്യുന്നുണ്ടോ?**

പുരുഷന്മാരെപ്പോലെ തന്നെ അത്രയും സ്ത്രീകളും ജൈവപഠനത്തിന് പങ്കെടുക്കുന്ന രാജ്യങ്ങളുണ്ട്. ഞാൻ ഒരു ജൈവശാസ്ത്രജ്ഞനെ തെരഞ്ഞെടുക്കുമ്പോൾ അതൊരു പുരുഷനാണോ സ്ത്രീയാണോ എന്ന് ശ്രദ്ധിക്കാറില്ല. ശരിക്കും പറയുകയാണെങ്കിൽ ചില സമയങ്ങളിൽ ഒരു പുരുഷനേക്കാളും ഫീൽഡിൽ കൂടുതൽ ഉന്മേഷവും ഉത്സാഹവും നൽകാൻ ഒരു സ്ത്രീക്ക് കഴിയും. ഈ കാലത്ത് പുരുഷന്മാരേക്കാൾ സാഹസികർ സ്ത്രീകളാണ്.

**താങ്കളുടെ ജോലികളിൽ എല്ലാം തന്നെ വൈകാരികമായ ഒരു ഘടകം ഉണ്ട്. താങ്കൾ ആദ്യമായി കടുവ, ഗോറില്ല, അല്ലെങ്കിൽ പാണ്ട ഇവയെ കാണുന്ന സാഹചര്യത്തെപ്പറ്റി ഒന്നു വിവരിക്കാമോ?**

ശാസ്ത്രജ്ഞർ അവർ ചെയ്യുന്ന ജോലിയുമായി വൈകാരികമായി അടുക്കാൻ പാടില്ല എന്നു പറയുന്ന അസംബന്ധം പലതും നിങ്ങൾ വായിച്ചിട്ടുണ്ടാകും. അത്തരത്തിൽ വൈകാരികമായി അടുപ്പം തോന്നാതെ ജോലി ചെയ്യുന്നതിനെപ്പറ്റി എനിക്ക് ചിന്തിക്കാൻ പോലും കഴിയില്ല. കാരണം ഫീൽഡിൽ ചിലപ്പോൾ നിങ്ങൾക്ക് പരിതാപകരമായ പല സാഹചര്യങ്ങളിലും നിൽക്കേണ്ടിവരും. ചിലപ്പോൾ അവിടം ചൂടേറിയതായിരിക്കാം, ചിലപ്പോൾ തണുപ്പേറിയതായിരിക്കാം, ചിലപ്പോൾ നനവേറിയതായിരിക്കാം, കൂടാതെ അവിടുത്തെ ജനങ്ങൾക്ക് നിങ്ങൾ എന്തിനുവേണ്ടി വന്നതാണെന്ന് അറിയില്ലായിരിക്കാം. നിങ്ങളുടെ കൂടെയുള്ളവർക്ക് ഇത്തരത്തിലുള്ള പരിതാപകരമായ സാഹചര്യങ്ങൾ സഹിക്കാൻ പറ്റുന്നില്ലായിരിക്കാം. ഇതുകൊണ്ടൊക്കെത്തന്നെ, നിങ്ങൾക്ക് നിങ്ങളുടെ ജോലി പൂർത്തീകരിക്കുന്നതിനുവേണ്ടി ആന്തരികമായി നമ്മളെ നയിക്കുന്ന ഒരു ഇച്ഛാശക്തി കൂടിയേ തീരൂ. വ്യത്യസ്ത മൃഗങ്ങളെക്കാണുമ്പോൾ വ്യത്യസ്തരീതിയിലുള്ള അനുഭവങ്ങളായിരുന്നു എനിക്ക്. ഗോറില്ലകളുമായുള്ള അനുഭവം പറയുകയാണെങ്കിൽ ഒരിടത്ത് ശാന്തമായി ഇരിക്കുന്ന പരിചയക്കാരെപ്പോലെ തോന്നും. കൂടാതെ അവയെ വളരെ മുമ്പേ നമുക്ക് അറിയാമായിരുന്നു എന്ന് നമുക്ക് അനുഭവപ്പെടും. കടുവയുടെ കാര്യമാണെങ്കിൽ വളരെ വ്യത്യസ്തമായിരുന്നു. ഒരു പക്ഷേ, കടുവകളായിരിക്കും ഏറ്റവും മനോഹരമായ ജീവികൾ. പക്ഷേ, നടക്കുന്ന അല്ലെങ്കിൽ നിൽക്കുന്ന ഒരു കടുവയെ നിങ്ങൾ കാണുകയാണെങ്കിൽ, നമ്മൾ കുറച്ചുകൂടി ജാഗരൂകരായിരിക്കണം. നിങ്ങൾ അതിന്റെ മുഖഭാവങ്ങളെ സസൂക്ഷ്മം ശ്രദ്ധിക്കണം. അത് തിരിച്ചും ശ്രദ്ധിക്കുന്നുണ്ടാകും. എന്താണ് ചിന്തിക്കുന്നതെന്ന് കണ്ടുപിടിക്കുകയാണുദ്ദേശം. പല ജീവികൾ പല തരത്തിൽ പ്രതികരിക്കുന്നു.

**കടുവകളുടെ ഒപ്പമുള്ള ഓർമ്മകൾ താങ്കൾ പങ്കുവയ്ക്കാമോ?**

ഒരു പാറയിൽ കിടന്നുറങ്ങുന്ന ഒരു കടുവയുടെ വളരെയടുത്ത് ഞാൻ എത്തിയത് എനിക്ക് ഓർമ്മയുണ്ട്. ആ പാവം ജീവിയും പേടിച്ചുപോയി. ഞാൻ ഒരു മരത്തിന്റെ മുകളിലേക്ക് പാഞ്ഞുകയറി, അതാണെങ്കിൽ മരച്ചുവട്ടിൽ മുകളിലേക്ക് നോക്കിയിരുന്നു. ഇത്തരത്തിൽ


Kalyan Varma

ഒരു തെറ്റ് നിങ്ങൾ ചെയ്യുകയാണെങ്കിൽ, അതിന്റെ ഫലം നിങ്ങൾ അനുഭവിക്കേണ്ടിവരും. ചിലപ്പോൾ അവ നമ്മെ ഒന്നും ചെയ്യില്ല. ചിലപ്പോൾ അവ നമ്മെ ഭക്ഷിക്കും. എനിക്ക് ഒരിക്കലും ഞാൻ അപകടത്തിൽപ്പെട്ടതായ തോന്നൽ ഉണ്ടായിട്ടില്ല. പക്ഷേ, കഴിഞ്ഞതിനെ പ്പറ്റി ആലോചിക്കുമ്പോഴാണല്ലോ എന്തെങ്കിലും സംഭവിക്കാൻ സാധ്യതയുണ്ടായിരുന്നെന്ന് ഒരാൾക്ക് മനസ്സിലാകുന്നത്. എന്തെങ്കിലും തരത്തിലുള്ള അപകട അവസ്ഥകൾ പരിഹരിക്കുന്നതിനായി ആ അവസ്ഥയിൽ കാര്യങ്ങൾ വേഗത്തിൽ വിലയിരുത്താനും ചിന്തിക്കാനും നിങ്ങൾക്ക് കഴിയണം. മറ്റൊരവസരത്തിൽ കൻഹയിൽ നിലാവുള്ള രാത്രിയിൽ ഞാൻ ഒരു ചെറിയ മരത്തിന്റെ മുകളിലായിരുന്നു. അപ്പോൾ താഴെ നാല് കടുവകളുണ്ടായിരുന്നു. ഒരു അമ്മയും, പൂർണ്ണവളർച്ചയെത്താറായ മൂന്ന് കുഞ്ഞുങ്ങളും. ഞാൻ അവയെ നോക്കിയിരിക്കുമ്പോൾ വരിവരിയായി ഒരു കൂട്ടം കടിയുറുമ്പുകൾ മുകളിലേക്ക് കയറി വന്നു. ഞാൻ അതു മനസ്സിലാക്കുന്നതിനു മുമ്പേ തന്നെ അവ എന്നെ പൊതിഞ്ഞു കഴിഞ്ഞിരുന്നു. എന്ത് ചെയ്യാൻ കഴിയും? ഈ നാല് കടുവകളും തൊട്ടു താഴെ ഇരിപ്പുണ്ട്. ഒരൊറ്റ ചാട്ടത്തിന് ഞാൻ ആ മരത്തിൽ നിന്നും താഴേക്കു പറന്ന് പരക്കം പാഞ്ഞോടി. ആ കടുവകൾ എങ്ങനെ പ്രതികരിച്ചു എന്ന് എനിക്കറിയില്ല. അത് നോക്കാനായി ഞാൻ നിന്നതുമില്ല! ചിലപ്പോൾ ആ മരത്തിൽ നിന്ന് ചാടിയിറങ്ങും വരെ ഞാൻ അതിന്റെ മുകളിൽ ഉണ്ടായിരുന്നെന്ന് അവ അറിഞ്ഞിരിക്കില്ല. അവയ്ക്ക് മണം പിടിക്കാനുള്ള കഴിവ് വളരെ കൂടുതലാണ്. എന്നിരുന്നാലും അവ അത് അങ്ങനെയൊരു രീതിയിൽ ഉപയോഗിക്കാറില്ല.

**താങ്കളുടെ ഔദ്യോഗിക ജീവിത കാലയളവിൽ, വന്യജീവികളുടെ അവസ്ഥ എത്രമാത്രം മെച്ചപ്പെട്ടിട്ടുണ്ട്? അല്ലെങ്കിൽ എത്രമാത്രം വഷളായിട്ടുണ്ട്?**

നിങ്ങൾ ഒരിക്കലും നിങ്ങളുടെ പ്രതീക്ഷ കൈവിടാൻ പാടില്ല. നിങ്ങൾ പ്രതീക്ഷയോട് മല്ലിട്ടുകൊണ്ടിരിക്കണം. കുറേയധികം ജീവികൾക്കും കുറേയധികം സ്ഥലങ്ങൾക്കും വേണ്ടി നിങ്ങൾക്കു ചെയ്യാൻ കഴിയുന്നതിൽ നിങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കണം. അങ്ങനെ അതിനുവേണ്ടി പോരാടണം. അറുപതുകളിൽ ഞാൻ സിംഹങ്ങളെപ്പറ്റി പഠിക്കുമ്പോൾ അവ എല്ലായിടത്തും ഉണ്ടായിരുന്നു. അവ പ്രശ്നത്തിലാകുമെന്ന് ആരും വിചാരിച്ചിരുന്നില്ല. അടുത്തിടെ സിംഹങ്ങളുടെ ഭാവിയെക്കുറിച്ച് ചർച്ച ചെയ്യാൻ ഒരു പ്രധാനപ്പെട്ട മീറ്റിങ്ങ് നടന്നു. കാരണം അവയുടെ എണ്ണം ക്രമാതീതമായി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അവയെ വെടിവച്ചും, വിഷം കൊടുത്തും കൊല്ലാൻ തുടങ്ങി. കൂടാതെ ആളുകൾ കാടുകൾ വെട്ടിത്തെളിച്ച് ഉള്ളിലേക്ക് കയറാൻ തുടങ്ങി. ബാക്കിയായ ചെറിയ കാടുകൾക്കും വിരലിലെണ്ണാവുന്ന അത്രയും സിംഹങ്ങൾക്കും വേണ്ടി ഞങ്ങൾ കൂടുതൽ കൂടുതൽ പോരാടിക്കൊണ്ടിരുന്നു. അത് അവർക്കിടയിൽ തന്നെ പ്രശ്നങ്ങൾ ഉണ്ടാക്കി.

> **നിങ്ങൾ ഒരിക്കലും നിങ്ങളുടെ പ്രതീക്ഷ കൈവിടാൻ പാടില്ല. നിങ്ങൾ പ്രതീക്ഷയോട് മല്ലിട്ടുകൊണ്ടിരിക്കണം. കുറേയധികം ജീവികൾക്കും കുറേയധികം സ്ഥലങ്ങൾക്കും വേണ്ടി നിങ്ങൾക്കു ചെയ്യാൻ കഴിയുന്നതിൽ നിങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കണം. അങ്ങനെ അതിനുവേണ്ടി പോരാടണം.**

**ഈ ജോലി കാരണം ഉണ്ടാകുന്ന വിഷമങ്ങളുമായി താങ്കൾ എങ്ങനെ പൊരുത്തപ്പെടുന്നു?**

ഇപ്പോഴും നിങ്ങൾക്ക് ചെയ്യാൻ കഴിയുന്ന നിരവധി കാര്യങ്ങൾ ഉണ്ട്. Wildlife Coservation Society ക്ക് വേണ്ടി ജോലിചെയ്യാൻ കഴിഞ്ഞത് എന്റെ ഭാഗ്യമാണ്. എത്ര കാലത്തോളം എനിക്ക് പണം കണ്ടെത്താൻ കഴിയുന്നോ, അത്ര കാലം ഇഷ്ടമുള്ളിടത്ത് ജോലി ചെയ്യാൻ എനിക്ക് കഴിയും. അതുകൊണ്ടുതന്നെ എന്നെ അമ്പരപ്പിക്കുന്ന, ജൈവശാസ്ത്രജ്ഞരാൽ അധികം തിരക്കനുഭവപ്പെടാത്ത, ഉപയോഗമുള്ള, എന്തെങ്കിലും ചെയ്യാൻ കഴിയും എന്ന് ബോധ്യമുള്ള സ്ഥലങ്ങളാണ് ഞാൻ തിരഞ്ഞെടുക്കാറുള്ളത്. ഒരൊറ്റ ജൈവശാസ്ത്രജ്ഞർ പോലുമില്ലാത്ത ഒട്ടനവധി രാജ്യങ്ങളുണ്ട്. കെനിയയിൽ അവരുടെ ഒരു കൂട്ടം തന്നെയുണ്ട്. അതുകൊണ്ടുതന്നെ അവിടുത്തെ സർക്കാർ അവരെ ശ്രദ്ധിക്കാറുമില്ല. ഞാൻ ഇപ്പോൾ താജിക്സ്ഥാൻ പോലൊരു രാജ്യത്ത് പോകുകയാണെങ്കിൽ അവിടുത്തെ സർക്കാർ എന്നെ ശ്രദ്ധിക്കും. എന്റെ അഭിപ്രായങ്ങൾ അവർ കേട്ടെന്നുവരില്ല. എന്നിരുന്നാലും എനിക്കവരുമായി സംവദിക്കാൻ സാധിക്കും. മിക്കവാറും ആളുകളും ഫീൽഡിൽ നിൽക്കുന്നത് ആസ്വദിക്കാറില്ല. എല്ലാവരും പ്രതീക്ഷിക്കും പോലെ മിക്കപ്പോഴും അത്ര സുഖകരവും ആയിരിക്കില്ല. അതുകൊണ്ടുതന്നെ ഓഫീസിൽ ഇരിക്കാൻ അവർ താൽപര്യപ്പെടുന്നു. അമേരിക്കയിൽ തന്നെ മിക്കവാറും ജൈവശാസ്ത്രജ്ഞരും രണ്ട് മണിക്കൂറിനുള്ളിൽ Mc Donald's-ൽ എത്താനുള്ള ദൂരത്തേക്കേ പഠനത്തിനായി പോകുകയുള്ളൂ. എങ്ങുമല്ലാതെ മാസങ്ങളോളം നിൽക്കുന്നതിലും എത്രയോ വ്യത്യസ്തമാണത്.

**ഒരു മാന്ത്രികവടി കിട്ടുകയാണെങ്കിൽ, എന്തായിരിക്കും താങ്കളുടെ ആഗ്രഹം?**

എനിക്ക് തോന്നുന്നു ഞാൻ മനുഷ്യന്റെ ജീനുകളെ മാറ്റാൻ ആവശ്യപ്പെടും. അതാകുമ്പോൾ, പ്രകൃതിയേയും ചുറ്റുപാടിനേയും സ്നേഹിക്കുന്ന ഒരു മനസ്സോടെ എല്ലാവരും രാവിലെ ഉണരും. മറ്റു ജീവികളെ പരിഗണിക്കുന്ന, താൽപര്യം കാണിക്കുന്ന, അവർ ജീവിക്കുന്ന അവരുടെ ഭൂമിയോട് സ്നേഹമുള്ളവരായി മാറും. സാങ്ച്വറി ഏഷ്യ ഒട്ടനവധി ആളുകളുടെ അടുത്തെത്തുന്നുണ്ട്. അതുകൊണ്ട് തന്നെ വളരെ ആശാവഹമായ മാറ്റങ്ങൾ വരുത്തുന്നു. കൂടാതെ ആളുകളിൽ അവർ താമസിക്കുന്ന ഭൂമിയോട് സ്നേഹവും അനുകമ്പയും ഉളവാക്കാനും ഇത് സഹായിക്കുന്നു. 1963-ൽ എന്റെ ആദ്യ സന്ദർശനത്തേക്കാളും അതിശയിപ്പിക്കുന്ന രീതിയിലുള്ള മാറ്റങ്ങൾ ഇന്ത്യയിൽ സംഭവിച്ചിട്ടുണ്ട്. ആ കാലത്ത് ഇത്തരത്തിൽ കാര്യമായ ജൈവശാസ്ത്രപഠനം നടത്തുന്ന ആരുംതന്നെ ഉണ്ടായിരുന്നില്ല. റോഡൻഷ്യ വർഗത്തെപ്പറ്റി പഠനം നടത്തുന്ന ഒരു ശാസ്ത്രജ്ഞനെ എനിക്ക് ഓർമ്മയുണ്ട്. പക്ഷേ, വർഷങ്ങൾക്കിപ്പുറം ലോകത്തിലെ തന്നെ മികച്ച ഒരു കൂട്ടം ജൈവശാസ്ത്രജ്ഞർ ഇന്ത്യയിലുണ്ട്. ഇത്തരത്തിൽ ഒരു രാജ്യത്തെ കാണുന്നത് നല്ല ഒരു അനുഭവമാണ്. അവർക്ക് സ്വന്തമായ അവരുടെ സാഹചര്യങ്ങളെ കൈകാര്യം ചെയ്യാൻ അറിയാം. കാര്യങ്ങൾ മനസ്സിലാക്കാനും തീരുമാനം എടുക്കാനും വിദേശികളുടെ സഹായം അവർക്ക് ആവശ്യമില്ല. സത്യത്തിൽ ഇന്ത്യയിൽ പോകാനും അവിടുത്തെ ജൈവശാസ്ത്രജ്ഞരുമായി ഒരുമിച്ച് പ്രവർത്തിക്കുവാനും കഴിയുന്നത് ഒരാളുടെ ഭാഗ്യമാണ്. ●

*സാങ്ച്വറി ഏഷ്യയുടെ അനുമതിയോടെ പുനഃപ്രസിദ്ധീകരിക്കുന്ന ഈ അഭിമുഖം പരിഭാഷപ്പെടുത്തിയത് അശ്വതി ചന്ദ്രൻ യു.ബി. ആണ്.*

# 'കുടിയിറക്കപ്പെടും കൂട്ടരേ പറയുവിൻ പറയുവിൻ ഏതു രാഷ്ട്രക്കാർ നിങ്ങൾ?'



പ്രൊഫ. കുസുമം ജോസഫ്

വീടു നഷ്ടപ്പെടുന്നവരോടൊപ്പം നിന്ന് ഇടശ്ശേരി ചോദിച്ചത് ദശാബ്ദങ്ങൾക്കു മുൻപാണ്. സ്വന്തം രാജ്യത്തിന്റെ ദയാരാഹിത്യത്തിൽ അനാഥമാക്കപ്പെടുന്നവരെക്കൂടി ഉൾക്കൊള്ളാത്ത രാഷ്ട്ര സങ്കല്പത്തെ അദ്ദേഹം നിഷേധിച്ചു.

നർമ്മദാനദിയിലെ അണക്കെട്ടിലെ ജലത്തിൽ മുങ്ങിപ്പോകാൻ വിധിക്കപ്പെട്ട 40,000 വീടുകളിലെ മനുഷ്യർ ചോദിക്കുന്നത് ഇതേ ചോദ്യമാണ്. ഞങ്ങളുടെ രാഷ്ട്രമേത്? സർദാർ സരോവർ ഡാമിന്റെ ഉയരം ഏറ്റവുമൊടുവിൽ 17 മീറ്റർ കൂടി ഉയർത്തിയപ്പോൾ മധ്യപ്രദേശിൽ മാത്രം 192 ഗ്രാമങ്ങളും ഒരു ടൗൺഷിപ്പും വെള്ളത്തിനടിയിലാകും. നാല്പതിനായിരം വീടുകൾ, അവിടെ താമസിക്കുന്ന ലക്ഷക്കണക്കായ മനുഷ്യർ, അവരുടെ ലക്ഷക്കണക്കായ വളർത്തുമൃഗങ്ങൾ ഇവയെല്ലാം പുറന്തള്ളപ്പെടുന്നു. ഒരു സംസ്ഥാനത്തിന് ജലം ലഭിക്കാൻ മറ്റൊരു ഭാഗത്ത് അതേ ജലത്തിനടിയിലേക്ക് ഒട്ടേറെ ജീവിതങ്ങളെ അവരുടെ ജീവനോപാധിയെ തള്ളി വിടുകയാണ്.

വിന്ധ്യനും സത്പുരയും സമ്മേളിക്കുന്ന അമർഖണ്ഡ് എന്ന തീർത്ഥസ്ഥാനത്തുനിന്നാണ് രേവമയ്യ എന്ന നർമ്മദ പിറവിയെടുക്കുന്നത്. സന്തോഷിപ്പിക്കുന്നവൾ എന്നാണത്രേ നർമ്മദയുടെ അർത്ഥം. അധികാരികളുടെ ദുരയിൽ അവൾ ഇന്ന് ലക്ഷക്കണക്കിനാളുകൾക്ക് ദുഃഖകാരിണിയായി മാറി.

സ്വാതന്ത്ര്യ ലബ്ധിക്കു മുന്നോടിയായി 1945-46 കാലത്തു തന്നെ വികസനത്തിന്റെ പേരിൽ നർമ്മദയിൽ അണക്കെട്ടുകൾ നിർമ്മിക്കുന്നതിനെക്കുറിച്ചുള്ള ആലോചനകൾ തുടങ്ങിയിരുന്നു. നെഹ്രു തുടങ്ങിവെച്ചത് എന്നു പറയപ്പെടുന്ന അന്നത്തെ പദ്ധതി പക്ഷേ, ഇപ്പോൾ നിർമ്മിച്ചതിന്റെ നാലിലൊന്ന് ഉയരത്തിൽ പോലുമല്ല വിഭാവനം ചെയ്തത്. 162 അടി ഉയരമാണ്  പദ്ധതി പൂർണ്ണരൂപത്തിലെത്തുമ്പോൾ അന്ന് തീരുമാനിച്ചിരുന്നത്. വെറും 49 മീറ്റർ മാത്രം ഉയരം. ഇപ്പോൾ ഉള്ളതിന്റെ നാലിലൊന്നു ജനങ്ങളെ പോലും കുടിയിറക്കാതെ, കൃഷിയിടങ്ങൾ വെള്ളത്തിനടിയിലാക്കാതെ അത് ചെയ്യാമായിരുന്നു. രാഷ്ട്രീയ-ഉദ്യോഗസ്ഥ ഗൂഢാലോചനയിൽ 1979-ൽ നർമ്മദ വാട്ടർ ഡിസ്പ്യൂട്ട് അതോറിറ്റി നോട്ടിഫൈ ചെയ്യുമ്പോഴേക്ക് ഉയരം കൂടിക്കൂടി






138.68 മീറ്ററായി. ഇത് ജലനിരപ്പിന്റെ ഉയരമാണ്. ഡാമിന്റെ ഉയരം തറ നിരപ്പിൽ നിന്ന് 163 മീറ്ററാണ്. 1.2 കിലോമീറ്റർ നീളവും.

പുനരധിവാസ പ്രവർത്തനങ്ങൾ പൂർത്തിയാകാതെ അണക്കെട്ടിൽ വെള്ളം നിറക്കുകയാണ് ഗുജറാത്ത് സർക്കാർ. നഷ്ടപരിഹാരം ലഭിക്കാത്തവരുടെ വലിയ നിരയുണ്ട് ഓരോ ഗ്രാമത്തിലും. വർഷങ്ങളായി അവർ അധികാരത്തിന്റെ വാതിലുകളിൽ മുട്ടിക്കൊണ്ടേയിരിക്കുന്നു. പുനരധിവാസ കേന്ദ്രങ്ങൾ അങ്ങേയറ്റം പരിതാപകരമാണ്. വളരെ ചെറിയ രണ്ടു മുറികളാണ് ഓരോ കുടുംബത്തിനും ലഭിക്കുന്നത്. ഈ മുറികൾ കല്ലുവെച്ചു പടുത്തവയല്ല. തകരഷീറ്റുകൊണ്ട് മറച്ച് തകരം മേഞ്ഞ താല്ക്കാലിക ഷെഡ്ഡുകൾ. ഒരു കുടുംബത്തിൽ ഏറ്റവും കുറഞ്ഞത് ആറു മുതൽ പത്തുവരെ അംഗങ്ങളുണ്ടാകും. പുറമേ അത്രയോ അതിലധികമോ ആടുമാടുകളും. പശു പ്രേമികളായ അധികാരികൾ പക്ഷേ, കുടിയൊഴിപ്പിക്കുന്നവരുടെ പശുക്കളെ എന്തു ചെയ്യണം എന്ന് പറയുന്നില്ല. വിസ്തൃതമായി പരന്നു കിടക്കുന്ന ഏക്കറുകണക്കിന് കൃഷിയിടങ്ങൾ വെള്ളത്തിനടിയിൽ അമർന്നു തുടങ്ങി. ഒരു ഇഞ്ച് പോലും പാഴാക്കാതെ ഭക്ഷ്യവസ്തുക്കൾ കൃഷി ചെയ്തിരിക്കുന്ന ആയിരക്കണക്കിന് ഏക്കർ കൃഷിയിടം ആ കൃഷിയോടൊപ്പം ജലസമാധിയിലാണ്ടു പോകുന്നു .

മധ്യപ്രദേശിലെ ബഡ്വാനി, ദാർ, അലിരാജ്പൂർ എന്നീ ജില്ലകളിലാണ് അണക്കെട്ട് ബാധിത പ്രദേശങ്ങൾ ഏറെയും. ജീവനോപാധി നഷ്ടപ്പെടുന്നവരിൽ കർഷകരും ആദിവാസികളും മത്സ്യത്തൊഴിലാളികളും മൺപാത്ര നിർമ്മാതാക്കളും ചെറുകിട കച്ചവടക്കാരുമുണ്ട്. ഭൂമിക്ക് രേഖയില്ലാത്ത ആദിവാസികൾ ഇപ്പോഴും രേഖ വാങ്ങാനോ നഷ്ടപരിഹാരം വാങ്ങാനോ തയ്യാറാവാത്തവരാണ്. അവർക്ക് ഭൂമി എന്നത്, കാട് എന്നത് സ്വന്തമാക്കാനോ വാങ്ങാനോ വിൽക്കാനോ പറ്റുന്നതല്ല. ജീവിക്കാനുള്ള ഇടമാണ്, ജീവിതം തന്നെയാണ്. ഒരു തുണ്ട് ഭൂമി പോലുമില്ലാത്ത ആയിരങ്ങൾ നഷ്ടപരിഹാരത്തിന് അർഹതയില്ലാത്തവരായുണ്ട്. അവരുടേയും സംശയം തങ്ങൾ ഏത് രാജ്യക്കാരാണ് എന്നു തന്നെ.

സർദാർ സരോവർ അണക്കെട്ട് നിർമ്മിക്കുന്നത് ഗുജറാത്തിലാണ്. വെള്ളം കയറി ദുരിതമനുഭവിക്കേണ്ടി വരുന്നത് മഹാരാഷ്ട്രയിലും മധ്യപ്രദേശിലുമുള്ള ജനങ്ങളാണ്.

**പശു പ്രേമികളായ അധികാരികൾ പക്ഷേ, കുടിയൊഴിപ്പിക്കുന്നവരുടെ പശുക്കളെ എന്തു ചെയ്യണം എന്ന് പറയുന്നില്ല. വിസ്തൃതമായി പരന്നു കിടക്കുന്ന ഏക്കറുകണക്കിന് കൃഷിയിടങ്ങൾ വെള്ളത്തിനടിയിൽ അമർന്നു തുടങ്ങി. ഒരു ഇഞ്ച് പോലും പാഴാക്കാതെ ഭക്ഷ്യവസ്തുക്കൾ കൃഷി ചെയ്തിരിക്കുന്ന ആയിരക്കണക്കിന് ഏക്കർ കൃഷിയിടം ആ കൃഷിയോടൊപ്പം ജലസമാധിയിലാണ്ടു പോകുന്നു .**

ഈ മൂന്നു സംസ്ഥാനങ്ങളിലേയും മലമേഖലയിലെ ആദിവാസികളിൽ മാറ്റിപ്പാർപ്പിക്കപ്പെട്ടവരുണ്ട്, ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇപ്പോഴും കഴിയുന്നവരുമുണ്ട്.

പദ്ധതിയുടെ ആരംഭകാലത്ത് മധ്യപ്രദേശ്, മഹാരാഷ്ട്ര സർക്കാരുകൾ വലിയ പ്രതിഷേധം ഉയർത്തിയിരുന്നു. തങ്ങളുടെ ലക്ഷക്കണക്കിന് ഏക്കർ കൃഷിഭൂമി നഷ്ടപ്പെടുത്തി ജനജീവിതം ദുസ്സഹമാക്കുന്ന പദ്ധതി അനുവദിക്കാനാവില്ല എന്നു വാദിച്ചവർ സാവകാശം ഗുജറാത്തിന്റെ ആവശ്യത്തിന് വഴിപ്പെട്ടു. അധികാരികളുടെ രാഷ്ട്രീയ താല്പര്യം എന്തായിരുന്നാലും വികസനത്തിന്റെ പേരിൽ വിനാശം വിതക്കുന്ന പദ്ധതികൾ ജനങ്ങൾക്കു മേലെ, പ്രകൃതിക്കു മേലെ വന്നു വീണുകൊണ്ടേയിരിക്കുന്നു.

എൺപതുകളിൽ നർമ്മദാ ബച്ചാവോ ആന്ദോളൻ രൂപീകരിച്ച് ആരംഭിച്ച സമരം മൂന്നു പതിറ്റാണ്ടു പിന്നിട്ട് മുന്നേറുമ്പോൾ സമരം പരാജയമായിരുന്നില്ലേ എന്ന് പുറമേ ചിലർക്ക് സംശയം. അണക്കെട്ട് ബാധിതർ അങ്ങനെ കരുതുന്നില്ല. ഈ സമരം ഇല്ലായിരുന്നെങ്കിൽ കോടാനുകോടിയുടെ അഴിമതി പുറം ലോകം അറിയുമായിരുന്നില്ല. കുടിയിറക്കപ്പെടുന്നവന് ഓരോ ദിവസവും പ്രധാനമാണല്ലോ. സമരം തീർത്ത പ്രതിരോധത്തിലാണ് മൂന്നര പതിറ്റാണ്ടു കൂടി അവർക്ക് ജനിച്ച മണ്ണിൽ ജീവിക്കാനായത്. ഒരേ ഭൂമിയുടെ ആധാരം ഇരുപത് പേർക്ക് വരെ ചാർത്തി നൽകിയ ഉദ്യോഗസ്ഥ അഴിമതിയിൽ ഭൂരഹിതരായി മാറിയവർക്ക് ആന്ദോളന്റെ സഹായം ചെറുതായിരുന്നില്ല. ഇരുപത് ദിവസത്തിലധികം നീണ്ട നിരാഹാര സമരം മേധാ പട്കർ പലകുറി നടത്തിയത് നർമ്മദാ തടത്തിലെ ജനങ്ങൾക്കും പ്രകൃതിക്കും വേണ്ടിയായിരുന്നു. വിനാശകരമായ വികസനത്തെ ചെറുക്കാനായിരുന്നു. കൊടിയ അഴിമതി തടയാനായിരുന്നു.അതിൽ  അവർക്കൊപ്പം നർമ്മദാ തടത്തിലെ ലക്ഷക്കണക്കായ സ്ത്രീ പുരുഷന്മാരും, കുട്ടികളും പങ്കുചേർന്നു.

നർമ്മദ അവർക്കൊരു നദിയല്ല, ജീവനും ജീവിതവുമാണ്. ഒഴുകിപ്പരക്കുന്ന നർമ്മദയെ അവർ നർമ്മദാമയ്യാ രേവാ മയ്യാ എന്ന് പാടി സ്തുതിച്ചു. തങ്ങളെ പരിപാലിക്കുന്ന അമ്മ. പക്ഷേ, ഗുജറാത്തിലെ ബഹുരാഷ്ട്ര കുത്തകകൾക്ക് ലക്ഷോപലക്ഷം ലിറ്റർ വെള്ളം ഓരോ ദിവസവും ആവശ്യമുണ്ട്. അവർക്ക് വൈദ്യുതി ആവശ്യമുണ്ട്. സർക്കാർ അത്



കൊടുക്കുന്നുമുണ്ട്. വരൾച്ചബാധിത പ്രദേശങ്ങളിലേക്ക് വെള്ളമെത്തിക്കേണ്ട കനാലുകളുടെ നിർമ്മാണം പകുതി പോലും ആയിട്ടില്ലത്രേ. കൃഷിയാണ് ലക്ഷ്യമെങ്കിൽ നർമ്മദാ തീരത്തെ അത്യന്തം ഫലഭൂയിഷ്ഠമായ കൃഷിയിടം മുക്കിക്കളഞ്ഞ് എന്തു കൃഷിയാണ് ഗുജറാത്തിൽ ചെയ്യേണ്ടത്?

ഗുജറാത്തിലും രാജസ്ഥാനിലും ജലസേചനത്തിനാണ് പ്രധാനമായും പദ്ധതി വിഭാവനം ചെയ്തിരുന്നത്. സ്വരാഷ്ട്ര, കച്ച് മേഖലയിലെ വരൾച്ചബാധിത പ്രദേശങ്ങൾ കൃഷിയോഗ്യമാക്കുക. പക്ഷേ, പ്രധാനമന്ത്രി നർമ്മദാ മഹോത്സവം നടത്തി 'രാഷ്ട്രത്തിന് സമർപ്പിച്ച' അണക്കെട്ടിലെ ജലം സൗരാഷ്ട്രയിലേക്ക് എത്തുന്നില്ല എന്ന് അവിടുത്തെ ജനങ്ങൾ പരാതിപ്പെടുന്നു. വെള്ളം കെവാഡിയയിലെ ഡാമിൽ നിന്ന് സൗരാഷ്ട്രയിലെത്തണമെങ്കിൽ കനാലുകളുടെ പണി പൂർത്തിയാക്കണം. അത് പാതി വഴിയിലാണ്. ഗുജറാത്തിൽ തന്നെ അണക്കെട്ട് ബാധിതർ - വെള്ളത്തിൽ മുങ്ങിയ പ്രദേശത്തുള്ളവരും അണക്കെട്ടിന് താഴെയുള്ളവരും - സമരത്തിലാണ്.

കോർപ്പറേറ്റുകളെ പ്രീതിപ്പെടുത്തുക. മുഴുവൻ വെള്ളവും ഗുജറാത്തിലെത്തിച്ചു എന്നു പ്രചരിപ്പിച്ച് രാഷ്ട്രീയ നേട്ടമുണ്ടാക്കുക. ഇതിനിടക്ക് വെള്ളത്തിൽ മുങ്ങിപ്പോകുന്ന ലക്ഷക്കണക്കിനു ജീവിതങ്ങൾക്ക് എന്തു വില! നർമ്മദാ തടത്തിലെ അമ്മമാരുടെ ആധി ശാന്താ ബഹൻ പങ്കുവെക്കുന്നത് മുഴുവൻ മനുഷ്യർക്കും വേണ്ടിയാണ്. എന്തിനാണ് നിങ്ങൾ ഇപ്പോൾ 17 മീറ്റർ കൂടി ഡാമിന് ഉയരം കൂട്ടിയത്? ഇത് ആർക്കു വേണ്ടി? പണമുള്ളവർക്കു സുഖമൊരുക്കാനല്ലേ ഞങ്ങളെ പുറത്താക്കുന്നത്? ഞങ്ങൾക്ക് തകര ഷെഡ്ഡുകൾ മതിയോ? അവിടേക്ക് ഞങ്ങൾ മാറിയാൽ ഞങ്ങളുടെ ദൈവങ്ങളെ എന്തുചെയ്യും? ഞങ്ങളുടെ കുട്ടികളുടെ സ്കൂളുകൾ എന്തുചെയ്യും? ഞങ്ങളുടെ ഗോക്കളെ ഞങ്ങൾ എന്തുചെയ്യും?

ഒന്നിനും മറുപടിയില്ല. ചോദ്യം ചെയ്യാതെ മറുവാക്ക് പറയാതെ വഴങ്ങിക്കൊടുക്കുവാൻ

**എന്തിനാണ് നിങ്ങൾ ഇപ്പോൾ 17 മീറ്റർ കൂടി ഡാമിന് ഉയരം കൂട്ടിയത്? ഇത് ആർക്കു വേണ്ടി? പണമുള്ളവർക്കു സുഖമൊരുക്കാനല്ലേ ഞങ്ങളെ പുറത്താക്കുന്നത്? ഞങ്ങൾക്ക് തകര ഷെഡ്ഡുകൾ മതിയോ? അവിടേക്ക് ഞങ്ങൾ മാറിയാൽ ഞങ്ങളുടെ ദൈവങ്ങളെ എന്തുചെയ്യും?**

ദരിദ്രർ, ആദിവാസികൾ, കർഷകർ, ഭൂരഹിതർ ഇവരെല്ലാം ബാധ്യസ്ഥരാണ്. ലോകം കോർപ്പറേറ്റുകളുടേതും അധികാരികളുടേതുമാണ്. പണ്ടൊരാൾ നഗരം കത്തിയമർന്നപ്പോൾ വീണ വായിച്ചതു പോലെ ലക്ഷക്കണക്കായ മനുഷ്യരെ കണ്ണീർക്കയത്തിൽ മുക്കിക്കൊണ്ട് ഇവിടെയും ഒരു പിറന്നാളാഘോഷം. അവകാശമണ്ണിൽ നിന്ന് ആദിവാസിയെ പറിച്ചെറിയുന്നതിന്റെ ആഘോഷം.

ആധുനിക ലോകം കണ്ട ഏറ്റവും ഹീനമായ മനുഷ്യാവകാശ ലംഘനമാണ് നർമ്മദാവാലിയിൽ നടക്കുന്നത്. ജനാധിപത്യ രാജ്യങ്ങളിൽ ഇത്തരം ഭീകരമായ കുടിയിറക്കലുകൾ നടന്നിട്ടുണ്ടാവാനിടയില്ല .ലക്ഷക്കണക്കായ ജനങ്ങളെ വികസനത്തിന്റെ പേരിൽ പുനരധിവാസ പ്രവർത്തനങ്ങൾ നടത്താതെ കുടിയിറക്കുന്ന ഭരണകൂട ഭീകരതയാണ് നടക്കുന്നത്. കോടതികളെ പുനരധിവാസ പ്രവർത്തനങ്ങൾ പൂർത്തിയായി എന്ന് തെറ്റിദ്ധരിപ്പിച്ചാണ് വിധി നേടിയെടുക്കുന്നത്. ഒഴിപ്പിക്കുന്നവരെ എല്ലാ സൗകര്യങ്ങളും നൽകി മാന്യമായി പുനരധിവസിപ്പിക്കണം എന്നാണ് സുപ്രീം കോടതിയുടെ നിർദ്ദേശം.

ലോകം മുഴുവൻ വൻകിട ഡാമുകൾക്കെതിരെ ചിന്തിച്ചു തുടങ്ങിയിട്ട് നാളുകളേറെയായി. അവർ പഴക്കം ചെന്ന ഡാമുകൾ ഡി കമ്മീഷൻ ചെയ്യുന്ന, ജലനിരപ്പ് കുറച്ച് ചെറുതാക്കുന്ന തിരക്കിലാണ്. പക്ഷേ, നമ്മൾ ഇനിയും പ്രകൃതി കേന്ദ്രിതമായ ഒരു വികസന കാഴ്ചപ്പാടിലേക്ക് എത്തിയിട്ടില്ല. എന്നു മാത്രമല്ല ലോകത്തിലെ രണ്ടാമത്തെ വലിയ അണക്കെട്ട് നിർമ്മിച്ചു എന്ന് ഊറ്റം കൊള്ളുകയുമാണ്. അണക്കെട്ട് വലിപ്പം കൂടുമ്പോൾ അത്ര വലിപ്പത്തിൽ അപകട സാധ്യതയും വളരും. അതിദയനീയമായ ജീവിത സാഹചര്യങ്ങളിലേക്ക് തള്ളിമാറ്റപ്പെട്ടവരുടെ എണ്ണം കൂടും. അതിലാണ് നാം അഭിമാനിക്കുന്നത്.

നർമ്മദാ നദിയെ പിറകോട്ടു വലിക്കുകയാണ്. നിറയുന്ന വെള്ളത്തിൽ അടുക്കളപ്പാത്രങ്ങൾ ഒഴുകി നടക്കുകയാണ്. അടിയിലെ വെള്ളത്തിലേക്കു നോക്കി ചുറ്റും പരക്കുന്ന നർമ്മദയെ നോക്കി കട്ടിലിൽ ഇളകാതെ ഇരിക്കുകയാണ് ചിലർ.

വീട് നഷ്ടപ്പെടുന്നവരുടെ ഇന്ത്യയിലാണ് നാം ജീവിക്കുന്നത്. ●



ചിറകടികൾ



# കറുപ്പൻ തേൻകിളിയും കൊക്കൻ തേൻകിളിയും

കറുപ്പൻ തേൻകിളി (Purple Sunbird) Dileep Anthikad

പ്രവീൺ ജെ.

'ചിറകടികൾ' എന്ന പംക്തിയിലൂടെ തേൻകിളികളെക്കുറിച്ച് (Sunbirds) വായിക്കാൻ ആഗ്രഹമുണ്ടെന്ന് ഒരു പ്രിയ വായനക്കാരൻ അറിയിക്കുകയുണ്ടായി. ഏഷ്യയിലെയും ആഫ്രിക്കയിലേയും ഉഷ്ണരാജ്യങ്ങളിലെ മരത്തോപ്പുകളിൽ കാണപ്പെടുന്ന തേൻകിളികളെ അമേരിക്കൻ ഭൂഖണ്ഡങ്ങളിൽ കാണാനാകില്ല. ഈ കിളികളുടെയെല്ലാം നീണ്ട കൊക്ക് സുവിദിതമാണ്. പൂക്കളിലെ തേൻ നുകരാൻ ഉതകുന്നതാണ് ഈ നീളൻ കൊക്ക്. പരാഗണത്തിൽ ഇക്കൂട്ടർക്കുള്ള സ്ഥാനം പ്രത്യേകം പറയേണ്ടതില്ലല്ലോ! നിങ്ങളുടെ ചില ബന്ധുക്കളും സുഹൃത്തുക്കളും അവരുടെ വീടുകളിൽ വിരുന്നെത്തുന്ന മൂളക്കുരുവി (Humming Bird) യെക്കുറിച്ച് പറയുന്നത് ചിലപ്പോൾ നിങ്ങളും കേട്ടിരിക്കും. വാസ്തവത്തിൽ അവർ പരാമർശിക്കുന്ന ഇത്തിരിക്കുഞ്ഞൻമാർ മൂളക്കുരുവികളല്ല. തേൻകിളികളാണ് അവരുടെ

**സോങ്ങ്ബേർഡ്സ് എന്ന ഒരു കൂട്ടം പക്ഷികളുടെ കുടുംബത്തിലാണ് തേൻകിളികളുടെ സ്ഥാനം. അതേ സമയം രാച്ചുക്കുകളും കൂളൻമാരുമാണ് മൂളക്കുരുവികളുടെ അടുത്ത ബന്ധുക്കൾ.**

അതിഥികൾ. അമേരിക്കയിൽ മാത്രം കാണപ്പെടുന്ന പക്ഷികളാണ് മൂളക്കുരുവികൾ. പൂന്തേൻ കുടിയന്മാരായ ഈ രണ്ട് പക്ഷികൾക്കും നീണ്ട കൊക്കുണ്ടെങ്കിലും തമ്മിൽ ഒരു ബന്ധവുമില്ല. സോങ്ങ്ബേർഡ്സ് (Songbirds) എന്ന ഒരു കൂട്ടം പക്ഷികളുടെ കുടുംബത്തിലാണ് തേൻകിളികളുടെ സ്ഥാനം. അതേ സമയം രാച്ചുക്കുകളും (Nightjars) കൂളൻമാരുമാണ് (Swifts) മൂളക്കുരുവികളുടെ അടുത്ത ബന്ധുക്കൾ.

നമ്മുടെ നാട്ടിൻപുറങ്ങളിൽ കണ്ടുവരുന്നതും തമ്മിൽ പ്രകടമായ രൂപസാദൃശ്യം ഉള്ളതുമായ രണ്ട് തേൻകിളികളെ നമുക്ക് പരിചയപ്പെടാം. ഗൾഫ് നാടുകൾ മുതൽ ദക്ഷിണ പൂർവ്വ രാജ്യങ്ങൾ വരെ വ്യാപകമായി കാണപ്പെടുന്ന കറുപ്പൻ തേൻകിളി (Purple Sunbird) യും ശ്രീലങ്കയിലെയും ഇന്ത്യൻ ഉപദ്വീപിലെയും 'ദേശ്യ' വർഗ്ഗമായ കൊക്കൻ തേൻകിളി (Loten's Sunbird) യും.

രണ്ടിന്റെയും ആൺപക്ഷികൾ കാഴ്ചയിൽ ഏതാണ്ട് ഒരുപോലെയിരിക്കും. രണ്ടിനും നീണ്ട കൊക്കുണ്ട്. പക്ഷേ, കറുപ്പൻ തേൻകിളിയുടെ കൊക്ക് താരതമ്യേന ചെറുതാണ്. രണ്ടിന്റെയും നിറം ഏതാണ്ട് കറുപ്പാണ്. ഇവക്കു രണ്ടിനും വേണ്ട ജീവിത സാഹചര്യങ്ങൾ വ്യത്യസ്തമാണെന്ന് പറയാതെ വയ്യ. ഒരിടത്തും ഈ രണ്ട് പക്ഷികളും തുല്യ നിലയിൽ സുലഭമായി കാണപ്പെടുന്നില്ല. എവിടെയെങ്കിലും രണ്ടിനം പക്ഷികളും



കറുപ്പൻ തേൻകിളി (Purple Sunbird) Nirav Bhatt

കാണപ്പെടുന്നുവെങ്കിൽ ഒന്നിന് എണ്ണത്തിൽ ആധിപത്യം ഉണ്ടായിരിക്കും. 'കേരളത്തിലെ പക്ഷികൾ' എന്ന പുസ്തകം വായിച്ചതിനു ശേഷമാണ് ഞാൻ ഈ പ്രത്യേകത ശ്രദ്ധിച്ചു തുടങ്ങിയത്. കൊക്കൻ തേൻകിളി മഴ കൂടുതൽ കിട്ടുന്ന പ്രദേശങ്ങൾ ഇഷ്ടപ്പെടുന്നു. കറുപ്പനാകട്ടെ വരണ്ട പ്രദേശങ്ങളോടാണ് പ്രതിപത്തിയെന്ന് ഇന്ദുചൂഡൻ നിരീക്ഷിച്ചിട്ടുണ്ട്. ഇക്കാര്യം എപ്പോഴും ശരിയാകണമെന്നില്ല. എങ്കിലും സാമാന്യ പ്രസ്താവന ഒട്ടൊക്കെ ശരിയാകാറുണ്ട്. മഴ കൂടുതൽ കിട്ടുന്ന നമ്മുടെ സംസ്ഥാനത്ത് കൊക്കൻ തേൻകിളിക്കാണ് പ്രാമുഖ്യം . എന്നാൽ കൂടുതൽ വരണ്ട തമിഴ്നാട്ടിലും പൂർവ്വകർണ്ണാടകത്തിലും സ്ഥിതി വിപരീതമാണ്. എന്നാൽ പശ്ചിമഘട്ടത്തിൽ ഉൾപ്പെടുന്ന മഴ കുറവുള്ള ചില ഒറ്റപ്പെട്ട താഴ്വാരങ്ങളിൽ കറുപ്പൻ തേൻകിളികൾ കാണപ്പെടുന്നതായി മനസ്സിലാക്കിയിട്ടുണ്ട്.

ആൺപക്ഷിയുടെ കറുപ്പ് ഉജ്ജ്വലമാണ്. കറുപ്പൻ തേൻകിളിയുടെ ശരീരത്തിന്റെ മേൽഭാഗം നീലലോഹിതവും ഊതയും കലർന്നതാണ്. കഴുത്തിന്റെ വശങ്ങളിൽ മഞ്ഞത്തൂവലുകളുടെ ഒരു കൂട്ടം കാണപ്പെടുന്നു. കൊക്കന്റെ ശരീരത്തിന്റെ ഉപരിതലം ഇരുണ്ട നീലയും പച്ചയും ഊതയും കലർന്നതാണ്. പെൺപക്ഷികൾക്ക് ഇത്ര നിറപ്പകിട്ടില്ല. ശരീരത്തിന്റെ മുകൾഭാഗം ഒലിവ് പച്ചയും ഊതയും കലർന്നതാണ്. കറുപ്പന്റെ പിടയുടെ ശരീരത്തിന്റെ അടിഭാഗം മഞ്ഞയും കൊക്കന്റേത് മുഷിഞ്ഞ വെള്ളയുമാണ്. സന്താനോത്പാദനം നടത്താത്ത വേളകളിൽ കറുപ്പൻ തേൻകിളിയുടെ ആണിന് പെണ്ണിന്റേതുമായി സാമ്യമുള്ള തൂവൽക്കുപ്പായം കാണപ്പെടാറുണ്ട്. അപ്പോൾ ആണിന് തൊണ്ട മുതൽ വയർ വരെ നീളുന്ന ഇരുണ്ട പട്ട ഉണ്ടായിരിക്കും (Eclipse Plumage). കൊക്കൻ തേൻകിളിയുടെ ആണ് എന്നും ഒരേ വേഷക്കാരാണ്.

തേൻകിളികൾ ധൈര്യശാലികളും വാചാലരുമാണ്. കറുപ്പൻ തേൻകിളിയുടെ ശബ്ദം വരണ്ട 'ചീവിറ്റ്-ചീവിറ്റ്' ആണ്. ഈ ശബ്ദം രണ്ടു മുതൽ ആറ് വരെ തവണ ആവർത്തിക്കപ്പെടുന്നു. കൊക്കന്റെ ശബ്ദം ഏതാണ്ട് ഇതുപോലെയൊക്കെയാണെങ്കിലും കുറച്ചുകൂടി സമ്പുഷ്ടമാണ്. കുറച്ച് പരിചയിച്ചാൽ ഇവ രണ്ടിനേയും ശബ്ദവ്യത്യാസത്തിലൂടെത്തന്നെ തിരിച്ചറിയാനാകും.

തേൻകിളികൾ എല്ലാക്കാലത്തും സന്താനോൽപാദനം നടത്താറുണ്ട്. പക്ഷിനിരീക്ഷണത്തിന്റെ ആദ്യ നാളുകളിൽ ഒരുവൻ കാണാനിടയുള്ള കൂടുകളിലൊന്ന് തേൻകിളിയുടേതായിരിക്കും. വീടുകൾക്കുള്ളിൽ കൂടൊരുക്കുന്ന സ്വഭാവക്കാരാണിവർ. സ്വാഭാവിക സാഹചര്യത്തിൽ ഇവയുടെ കൂട് മരങ്ങളിലായിരിക്കും. ഞാന്നു കിടക്കുന്ന, കാണാൻ ചേലില്ലാത്ത കൂട് ഉണ്ടാക്കാൻ ചിലന്തിവല, ംനാരുകൾ, ഉണക്കിലകൾ, പുല്ല് മുതലായവ ഉപയോഗിക്കുന്നു. ഇണകളിലൊന്നിന് കടന്നിരുന്ന് അടയിരിക്കാൻ പാകത്തിലുള്ള ഒരു കവാടത്തോടുകൂടിയ കൂടാണ് സാധാരണം. കൂടൊരുക്കൽ രണ്ടോ മൂന്നോ ദിവസം കൊണ്ട് പൂർത്തിയാകാറുണ്ട്. ചിലപ്പോൾ കൂട് പണിയാൻ 15 ദിവസം വരെ എടുക്കാറുമുണ്ട്. ഒന്നു മുതൽ മൂന്ന് വരെ മുട്ടകൾ ഉണ്ടാകും. 14-15 ദിവസമാണ് അടയിരിക്കൽ. 13 മുതൽ 17 ദിവസത്തിനുള്ളിൽ കുഞ്ഞുങ്ങൾ വിരിഞ്ഞിറങ്ങുന്നു. പലപ്പോഴും ഇണകൾ പാതിവഴിയിൽ കൂടുനിർമ്മാണം ഉപേക്ഷിച്ച് പുതിയതൊന്ന് ഉണ്ടാക്കാൻ ഒരുങ്ങുന്നു. ധൈര്യശാലികളായ ഈ പക്ഷികളെ പഠനവിധേയമാക്കാൻ എളുപ്പമാണ്. പലപ്പോഴും ചെറിയ കുട്ടികൾ കൂടൊരുക്കിയ പക്ഷികളെ കൗതുകത്തോടെ നിരീക്ഷിക്കാറുണ്ട്.

ലോകത്താകെ ഏറ്റവും കുറച്ച് വംശനാശഭീഷണി നേരിടുന്ന പക്ഷികളിലൊന്നാണ് തേൻകിളികൾ. 147 ജാതികളുടെ ഈ വലിയ കുടുംബത്തിൽ കാര്യമായ വംശനാശ ഭീഷണി (Endangered) നേരിടുന്നവ മൂന്നെണ്ണം മാത്രം. നാലിനങ്ങളുടെ നില അത്ര ഭദ്രമല്ല (Vulnerable). ഇവയൊന്നും നമ്മുടെ രാജ്യത്ത് കാണുന്നവയല്ല. അവയുടെ ഭക്ഷണരീതികളും ആവാസവ്യവസ്ഥകളും അവയെ അനുകൂലമായി സ്വാധീനിച്ചിട്ടുണ്ടാകും. മറ്റ് പല പക്ഷികളുടെയും കാര്യം അങ്ങനെയല്ലല്ലോ. ●



ആറ്റുവഞ്ചി (*Ochreinauclea missionis*) VC Balakrishnan

സസ്യജാലകം

# ആറ്റുവഞ്ചി

**വി.സി. ബാലകൃഷ്ണൻ**

**ആറ്റുവഞ്ചിയുടെ തൊലി ഔഷധയോഗ്യമാണ്. കുഷ്ഠം, വാതം, മലബന്ധം എന്നീ അസുഖങ്ങളുടെ ചികിത്സയിൽ ഉപയോഗിച്ചുവരുന്നു. വെള്ളിലത്തോഴി എന്ന ചിത്രശലഭത്തിന്റെ ലാർവാഭക്ഷണസസ്യം കൂടിയാണ് ആറ്റുവഞ്ചി.**

’ആറ്റുവഞ്ചി കടവിൽ വെച്ച് അന്നു
നിന്നെ ഞാൻ കണ്ടപ്പോൾ
പാട്ടു വന്ന് പവിഴച്ചുണ്ടിൽ പാതി നിർത്തി
യതെന്താണ്

എന്ന പഴയ സിനിമാഗാനം കേട്ടവർ ആറ്റുവഞ്ചിയെക്കുറിച്ച് ആലോചിച്ചിട്ടുണ്ടാകാം.

കേരളത്തിലെ പുഴയോരവനങ്ങളിൽ വളരുന്ന ഒരു ചെറുവൃക്ഷമാണ് ആറ്റുവഞ്ചി. തീരപ്രദേശങ്ങളൊഴിച്ച് മിക്കവാറും എല്ലാ പുഴയോരങ്ങളിലും ആറ്റുവഞ്ചി വളർന്നു നിൽക്കുന്നതു കാണാം. മറ്റു പുഴയോര സസ്യങ്ങളോടൊപ്പം പുഴയോരങ്ങൾ സംരക്ഷിക്കുന്നതിൽ ഈ വൃക്ഷങ്ങൾ വലിയൊരു പങ്കു വഹിക്കുന്നുണ്ട്. തെക്കൻ പശ്ചിമഘട്ട(കേരള)ത്തിലെ ഒരു സ്ഥാനിക സസ്യമാണിത്.

12 മീറ്റർ വരെ ഉയരത്തിൽ വളരുന്ന ഈ വൃക്ഷത്തിന്റെ തടിയ്ക്ക് തവിട്ടുകലർന്ന ചാരനിറമാണ്. മിനുസമുള്ള ഇലകൾക്ക് 8-14 സെ.മീ. നീളവും 3.5-6 സെ.മീ. വീതിയും കാണും. ഇലകളുടെ വിന്യാസം സമ്മുഖമാണ്. വലിയ പത്രവൃന്താന്തര അനുപർണങ്ങളുണ്ട്. അനുപർണങ്ങൾക്ക് 4-10 മി.മീ. നീളവും 2-5 മി.മീ. വീതിയുമുണ്ട്. 10-13 ജോഡി ഞരമ്പുകൾ ഇലകളിൽ തെളിഞ്ഞു കാണാം.

ജൂൺ-നവംബർ മാസങ്ങളിലാണ് പൂക്കുന്നത്. പത്രകക്ഷങ്ങളിലാണു പൂക്കൾ ഉണ്ടാകുന്നത്. കടമ്പിൻപൂവു പോലെ ഒരു ടെന്നീസ് പന്തിനോട് സാദൃശ്യമുള്ളതാണു പൂങ്കുലകൾ. സമ്മിത ദ്വിലിംഗ പുഷ്പങ്ങളാണ്. മഞ്ഞയും വെള്ളയും കലർന്നതാണു പൂക്കൾ. കേസരങ്ങൾ ദളപുടങ്ങളിൽനിന്ന് പുറത്തേക്ക് തള്ളിനിൽക്കുന്നവയാണ്. കായ്കൾ വളരെ ചെറുതാണ്.

നീർവഞ്ചി, പുഴവീമ്പ് എന്നീ പേരുകളിലും അറിയപ്പെടുന്ന ഈ സസ്യത്തിന്റെ ശാസ്ത്രനാമം *Ochreinauclea missionis* എന്നാണ്. ഈ ജനുസ്സിൽപ്പെട്ട ഈയൊരു സസ്യം മാത്രമേ പശ്ചിമഘട്ടപ്രദേശത്തുള്ളൂ. റൂബിയേസിയെ കുടുംബത്തിൽപ്പെടുന്നു. അംബുവേതസഃ, അഭ്രപുഷ്പം, പരിവ്യാധഃ, വേതസം എന്നിവയാണു സംസ്കൃതനാമങ്ങൾ. ആറ്റുവഞ്ചിയുടെ തൊലി ഔഷധയോഗ്യമാണ്. കുഷ്ഠം, വാതം, മലബന്ധം എന്നീ അസുഖങ്ങളുടെ ചികിത്സയിൽ ഉപയോഗിച്ചുവരുന്നു.

വെള്ളിലത്തോഴി (Commander) എന്ന ചിത്രശലഭത്തിന്റെ ലാർവാഭക്ഷണസസ്യം കൂടിയാണ് ആറ്റുവഞ്ചി.

അരുവികളുടേയും പുഴകളുടേയും നാശം, പുഴയോരക്കാടുകളുടെ നാശം എന്നിവ ഈ വൃക്ഷത്തിന്റെ നിലനിൽപ്പിനു ഭീഷണിയായിത്തീർന്നിരിക്കുന്നു. അതുകൊണ്ടുതന്നെ വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളുടെ പട്ടികയിൽ Vulnerable എന്ന കാറ്റഗറിയിലാണു ഇതിനെ ഉൾപ്പെടുത്തിയിരിക്കുന്നത്. പുഴയോരസംരക്ഷണത്തിനായി വെച്ചുപിടിപ്പിക്കാവുന്ന വൃക്ഷമാണിത്. ●

ശലഭചിത്രങ്ങൾ

# സ്വർണ പതംഗം



സ്വർണ പതംഗം (Yellow Base) Baiju Paluvally

**ബൈജു പാലുവള്ളി**

തുള്ളൻ ശലഭകുടുംബത്തിൽപ്പെട്ട (Hesperiidae) ഒരു ചിത്രശലഭമാണ് സ്വർണ പതംഗം Yellow Base/Golden Tree Flitter (*Quedara basiflava*). ശരവേഗത്തിൽ പറക്കുന്നതുകൊണ്ട് ഇവയെ ശരശലഭങ്ങളെന്നും വിളിക്കും. കൂടുതൽ സമയവും മരങ്ങളുടെ ഇലത്തലപ്പിൽ കഴിയുന്നതിനാൽ വളരെ വിരളമായിട്ടേ ഇവയെ നമുക്ക് കാണാൻ കഴിയുകയുള്ളൂ. നല്ല ഈർപ്പമുള്ള ഇലപൊഴിയും കാടുകളിലും നിത്യഹരിത വനങ്ങളിലുമാണ് ഇവയെ സാധാരണയായി കണ്ടുവരുന്നത്. തെക്കേ ഇന്ത്യയിലെ ഒരു സ്ഥാനീയ ശലഭമാണിത്. മഴ കഴിഞ്ഞുള്ള മാസങ്ങളിലാണ് ഇവയെ താരതമ്യേന കൂടുതലായി കാണപ്പെടുന്നത്. നല്ല വേനൽക്കാലത്ത് വളരെ വിരളമായിട്ടേ ഇവയെ കാണാറുള്ളൂ. ഇവയുടെ ചിറകളവ് 38-48 മില്ലിമീറ്ററാണ്.

സ്വർണ പതംഗം വളരെ വേഗത്തിലാണ് പറക്കുന്നത്. അതിനാൽ പറക്കുന്ന സമയത്ത് ഇവയെ തിരിച്ചറിയുക അസാദ്ധ്യമാണ്. കാനന പാതകൾക്കരികിൽ നല്ല പ്രകാശം പതിക്കുന്ന സ്ഥലങ്ങളിൽ കുറ്റിച്ചെടികളുടെ ഇലയിൽ ചിറകു വിരിച്ചിരുന്ന് വെയിൽ കായാറുണ്ട്. അപ്പോൾ അവയെ വളരെ അടുത്തു പോയി നിരീക്ഷിക്കാം. പിൻചിറകുകൾ ആരംഭിക്കുന്നിടത്തുനിന്ന് ചിറകിന്റെ ഏകദേശം മൂന്നിലൊരുഭാഗം സ്വർണ മഞ്ഞ (Golden Yellow) നിറമാണ്. ഈ നിറം ചിറകിന്റെ ഈ ഭാഗത്തു കാണുന്ന മറ്റൊരു തുള്ളൻ ശലഭവും കേരളത്തിലില്ലാത്തതിനാൽ ഇത് സ്വർണപതംഗമാണെന്ന് തിരിച്ചറിയാൻ പ്രയാസമില്ല. മറ്റു ചിറകുകളെല്ലാം ഇരുണ്ട തവിട്ടുനിറമാണ്. മുൻചിറകുകളിൽ രണ്ട് വെളുത്ത അടയാളങ്ങൾ വ്യക്തമായി കാണാം. ഇവ ചിറകിന്റെ ഉപരിഭാഗത്തും അടിഭാഗത്തും ഒരു പോലെ വ്യക്തമായി കാണാം. ചിറകുകൾ അടച്ചിരിക്കുമ്പോൾ ഈ അടയാളങ്ങൾ പുറത്തുകാണാൻ കഴിയില്ല. ആൺ-പെൺ ശലഭങ്ങൾ തമ്മിൽ നിറവ്യത്യാസമില്ല. ഇലയിലും പാറപ്പുറത്തുമൊക്കെ വീണുകിടക്കുന്ന പക്ഷികാഷ്ഠത്തിൽ ഇവ വന്നിരിക്കാറുണ്ട്. പൂക്കളിൽ തേൻ നുകരാൻ എത്താറുണ്ട്.

പൂർണ്ണ വളർച്ചയെത്തിയ സ്വർണ പതംഗത്തിന്റെ ലാർവക്ക് വെള്ളനിറമാണ്. തലയോട് ചേർന്നുള്ള കുറച്ചുഭാഗം തവിട്ടുനിറം കലർന്ന വെള്ള നിറമാണ്. തലക്ക് ഇരുണ്ട തവിട്ടുനിറമാണ്. തലയുടെ മുൻഭാഗത്ത് മഞ്ഞ നിറത്തിൽ ത്രികോണാകൃതിയിലുള്ള അടയാളങ്ങൾ കാണാം. ഇല മടക്കി അതിനുള്ളിലാണ് ലാർവ കഴിയുന്നത്. ഇല കഴിക്കുന്നതിന് പുറത്തേക്ക് വരുന്നു. വരുന്ന വഴിയിൽ സിൽക്ക് നൂലുകൊണ്ട് ഒരടയാളം സൃഷ്ടിക്കുന്നതിനാൽ ലാർവക്ക് വഴിതെറ്റാതെ തിരിച്ചുവരുന്നതിന് സാധിക്കുന്നു. ലാർവ ഇലചുരുട്ടി അതിനുള്ളിലാണ് സമാധിയാകുന്നത്. പ്യൂപ്പക്ക് ഇളം പച്ച നിറമാണ്. രണ്ടറ്റവും കൂർത്തിരിക്കും. നടുവിലായി നെടുകെ ഇളം തവിട്ടുനിറത്തിലുള്ള ഒരു വരയുണ്ടായിരിക്കും. ചൂരൽ വിഭാഗത്തിലുള്ള ചെടികളാണ് ലാർവയുടെ പ്രധാന ഭക്ഷണ സസ്യം. ●

കേരളത്തിലെ തുമ്പികൾ

# ദേശാടനത്തുമ്പികൾ യാത്രയായി...

**ഡേവിഡ് വി. രാജു/സി.ജി. കിരൺ**

തുലാമാസത്തിലെ മഴമേഘങ്ങൾ ചിലപ്പോൾ ഏറെ ഇരുണ്ടതായിരിക്കും. ആയിരക്കണക്കിന് വരുന്ന, ഓണത്തുമ്പികളെന്നും തുലാത്തുമ്പികളെന്നും വിളിപ്പേരുള്ള ഇവ ഒക്ടോബറിലെ തുലാമഴക്കൊപ്പം ഇന്ത്യയിൽ നിന്നും ആഫ്രിക്കയിലേക്ക് മടങ്ങുമ്പോഴാണ് ഈ പ്രതിഭാസം കാണുവാൻ സാധിക്കുന്നത്. കപ്പൽ നാവികർക്ക് സുപരിചിതമാണത്രേ ഈ കൂട്ട പാലായനം. ലോകം കണ്ടതിൽ പ്രാണിവർഗങ്ങളിൽ


ഓണത്തുമ്പി (Wandering Glider) David Raju

വെച്ച് ഏറ്റവും ദീർഘമേറിയ ദേശാടകരാണ് ഇവ. ലോകത്തിന്റെ ഒട്ടുമിക്ക കോണുകളിലും സമുദ്രനിരപ്പുമുതൽ മലമുകളിൽ വരെ സർവ്വസാധാരണമായി കാണപ്പെടുന്നു. മിക്കപ്പോഴും നൂറുകണക്കിന് കൂട്ടമായി തുറസ്സായ സ്ഥലങ്ങളിൽ ചുറ്റിപ്പറക്കാനാണിഷ്ടം.

കല്ലൻതുമ്പികളിൽ നീർമുത്തൻമാർ (Skimmers) എന്ന ഒരു വലിയ കുടുംബത്തിൽപ്പെടുന്ന സാമാന്യം വലുപ്പമുള്ളവയാണ് ഓണത്തുമ്പി (Global Wanderer/ *Pantala flavescens*). ഏകദേശം 40 സെന്റിമീറ്ററോളം വരും ഇവയുടെ ചിറകിന്റെ വിരിയളവ്. മഞ്ഞയിൽ തവിട്ടു നിറമാണ് ഇവയുടെ ഉരസിനും ഉദരത്തിനും. ഉദരത്തിനു മുകളിലായി വരിവരിയായുള്ള കറുത്ത കലകൾ കാണാം. സുതാര്യമായ ചിറകുകൾക്ക് ചുവന്ന നിറത്തിലുള്ള ചിറകിലെ പൊട്ടും അഗ്രഭാഗത്തായി ഒരു നേർത്ത തവിട്ടു ലാഞ്ചനയുമുണ്ട്. പവിഴവാലൻ തുമ്പിയോട് സാദൃശ്യമുണ്ടെങ്കിലും ചിറകിലെ വലിയ വെളുത്ത പാണ്ട് ഇവയെ തിരിച്ചറിയുവാൻ സാധിക്കുന്നു. തദ്ദേശവാസികളായ, കറുപ്പിൽ മഞ്ഞ കലകളുള്ള ശലഭത്തുമ്പിയെയും കേരളത്തിൽ ചിലയിടങ്ങളിൽ ഓണത്തുമ്പികൾ എന്നു വിളിക്കാറുണ്ടെങ്കിലും കൃഷിക്കാർക്കിപ്പോഴും പാടത്തിറങ്ങുമ്പോൾ ചുറ്റിനും കൂടെ തുള്ളിപ്പറക്കുന്ന, വർഷത്തിൽ സമൃദ്ധിയുടെ കാലമോർമിപ്പിക്കുന്ന വേളയിൽ ഇവിടെ വിരുന്നുകാരായി വന്നവരുടെ, പാടശേഖരങ്ങളിൽ ലക്ഷക്കണക്കിന് കാണപ്പെടുന്ന ഗ്ലോബൽ വാൻഡററുകളുടെ പുതുതലമുറയെയാണ്. ഓണത്തിന് സമാനമായ രീതിയിൽ മെക്സിക്കോയിലും ഒരു ആഘോഷമുണ്ടെന്നതും വിചിത്രമാണ്.

**നിശ്ചല ജലാശയങ്ങളും മഴയത്തുണ്ടായ താത്കാലിക വെള്ളക്കെട്ടുകളുമാണ് ഇവ മുട്ടയിടുവാൻ സാധാരണയായി തെരഞ്ഞെടുക്കാറുള്ളത്. ജലാശയമെന്ന തോന്നൽകൊണ്ട് നിർത്തിയിട്ടിരിക്കുന്ന വാഹനങ്ങളിൽ മുട്ടയിടുന്നത് പതിവ് കാഴ്ചകളാണ്.**

നിശ്ചല ജലാശയങ്ങളും മഴയത്തുണ്ടായ താത്കാലിക വെള്ളക്കെട്ടുകളുമാണ് ഇവ മുട്ടയിടുവാൻ സാധാരണയായി തെരഞ്ഞെടുക്കാറുള്ളത്. ജലാശയമെന്ന തോന്നൽ കൊണ്ട് നിർത്തിയിട്ടിരിക്കുന്ന വാഹനങ്ങളിൽ മുട്ടയിടുന്നത് പതിവ് കാഴ്ചകളാണ്. ചിലപ്പോൾ അടുത്ത മഴയത്ത് മുട്ടകൾ ജലാശയത്തിൽ എത്തിച്ചേരുവാനുള്ള സാധ്യതയും ഏറെയാണ്. മറ്റു തുമ്പികളിൽ നിന്നും വ്യത്യസ്തമായി ഇവയുടെ പ്രജനന പ്രക്രിയ വളരെ വേഗത്തിലാണ്. 45 ദിവസം കൊണ്ട് മുട്ട വിരിയുകയും പിന്നീട് ലാർവയിൽ നിന്നും പറന്നുയരുകയും ചെയ്യുന്നു. ജൂൺ-ജൂലൈ മാസങ്ങളിൽ എത്തിച്ചേരുന്ന ഇവ കൃഷിക്കാരോടൊപ്പം നെൽപ്പാടങ്ങളിൽ സജീവമാണ്. നിലമൊരുക്കുമ്പോഴും കതിരറുക്കുമ്പോഴും മെതിക്കുമ്പോഴുമെല്ലാം നെല്ലിൽ നിന്നും രക്ഷപ്പെടുന്ന ചെറുപ്രാണികളെ ഓണത്തുമ്പികൾ കൂട്ടത്തോടെ വേട്ടയാടുന്നു. കീടങ്ങളെ നിയന്ത്രിക്കുന്നതിനാൽ ഓണത്തുമ്പികളെ കൃഷിക്കാർക്കും വളരെ പ്രിയങ്കരമാണ്. ഇവ ആയിരക്കണക്കിനുള്ള കൂട്ടത്തോടെ വളരെ ഉയരത്തിൽ ചുറ്റി പറക്കുന്നത് വെയിലുള്ള ദിവസമെന്നും വളരെ താഴ്ന്നു പറക്കുന്നത് മഴയുടെ ലക്ഷണമാണെന്നുമാണ് പഴമക്കാരുടെ വിശ്വാസം.

മഴയെ പിന്തുടർന്നുള്ള ജീവിതമാണ് ഇവയെ ദേശാടകരാക്കുന്നത്. കാറ്റിനൊപ്പം ചിറകടിക്കാതെയാണ് അനായാസം ഇവ യാത്രചെയ്യുന്നത്. പ്രാദേശികവും മറ്റു പല ട്രേഡ് വിൻഡ്സുകളുടെ സഹായത്തോടെ കിഴക്കൻ ആഫ്രിക്കയിൽനിന്നും ഇന്ത്യയിൽ എത്തി തിരികെ ആഫ്രിക്കയിലെത്തുമ്പോൾ അവ നാലു തലമുറകളിലായി ഏകദേശം പതിനെണ്ണായിരം കിലോമീറ്റർ താണ്ടിയിരിക്കും. തെക്കു-പടിഞ്ഞാറൻ മൺസൂണിന്റെ സഹായത്തോടെ ഓണത്തുമ്പികൾ മാലി ദ്വീപുകൾ വഴി തെക്കേ ഇന്ത്യയിലൂടെ കടന്നു രാജ്യത്തൊമ്പാടും വ്യാപിക്കുന്നു. ബേർഡ് ഫ്ളൂ പോലെയുള്ള പകർച്ചവ്യാധികൾ പരത്തുക തുടങ്ങിയ സുരക്ഷാപ്രശ്നങ്ങളുണ്ടെങ്കിലും ഇതുവരെ റിപ്പോർട്ട് ഒന്നും തന്നെയില്ല. കേരളത്തിൽ തങ്ങുന്നവർ ഇവിടെ പ്രജനനം നടത്തി തുലാമഴക്കൊപ്പം തിരികെ യാത്രയാകുന്നു. ലക്ഷക്കണക്കിന് ഓണത്തുമ്പികൾ ഇന്ത്യയുടെ വടക്കു-കിഴക്കൻ മേഖലകളിൽനിന്നും പശ്ചിമഘട്ടം കടന്നു വേണം കടലോരമെത്താൻ. പാലക്കാട് ഗ്യാപ് പോലെ മലനിരകൾക്കിടയിലെ കാറ്റിന്റെ പാതയിൽ ഇവയുടെ സാന്ദ്രത കൂടുന്നു. ചിലപ്പോൾ കടൽ കടക്കാൻ ശക്തമായ കാറ്റിനുവേണ്ടി തീരപ്രദേശങ്ങളിൽ ഇവ കൂട്ടത്തോടെ തമ്പടിക്കാറുമുണ്ട്. ദേശാടനപക്ഷികൾ വിരുന്നിനായി ഇവിടെ വരുമ്പോൾ ഓണത്തുമ്പികൾ തിരികെ പോകുന്നതും, തുമ്പികൾ കളമൊഴിയുന്നതോടെ മാരകരോഗങ്ങൾ പരത്തുന്ന കൊതുകുകൾ പെരുകുന്നതും ഇനിയും പഠനവിധേയമാക്കേണ്ടതുണ്ട്. ●




CORPORATE OFFICE
PLANTATION
PALM OIL MILL
SEED GARDEN
OIL PALM DEVP PROG
RICE MILL
KUTTANADU RICE
Govt. of Kerala Product
Oil Palm India Ltd, Kottayam
KUTTANADU RICE
കുട്ടനാട് റൈസ്
OUR PRODUCTS
Crude Palm Oil
Kernel Oil
Kernel Cake
Oil Palm Fibre
Oil Palm Seedlings
Oil Palm Bunches
OIL PALM INDIA LTD, KOTTAYAM
(A joint venture of Govt. of Kerala & Govt. of India)
Reg. Office: XIV/130, Kodimatha, Kottayam South P.O., Pin - 686 013
Ph: 0481 2567103/04, 2566882, Fax: 0481 2561442
Email: mdopil@yahoo.co.in, Web: www.oilpalmindia.com



കേരള ചിലപ്പൻ (Fejervarya keralensis) Sandeep Das

ഉഭയജീവികൾ

# കേരള ചിലപ്പൻ

സന്ദീപ് ദാസ്

ക്ലാസ് ആംഫിബിയ എന്ന ഉഭയജീവി ഗോത്രത്തിൽ ഇന്ന് ലോകത്ത് 7,728 ഇനം ഉഭയജീവികളെ തിരിച്ചറിഞ്ഞിട്ടുണ്ട്. തവളകളും ചൊറിത്തവളകളും അടങ്ങുന്ന Order (നിര) അന്യൂറ (Anura), ഉഭയീവികളിൽ തന്നെ ആദ്യം പരിണമിച്ചുണ്ടായ പല്ലി പോലെ കൈകാലുകളും വാലും ഉള്ള ഉഭയജീവികൾ ഉള്ള order കോഡേറ്റ (Caudata), പാമ്പുകളെയും വലിയ മണ്ണിരകളേയും പോലിരിക്കുന്ന കൈകാലുകൾ ഇല്ലാത്ത ഉഭയജീവികൾ ഉള്ള ജിമ്നോഫിയോണയിൽ (Order Gymnophiona) ഉള്ള കുരുടികളും ഇതിൽ പെടുന്നു.

അന്യൂറയിൽ പെടുന്ന തവളകളും ചൊറിത്തവളകളും, അങ്ങനെ രണ്ടായി പറയുന്നുണ്ടെങ്കിലും പേരു പോലെതന്നെ ചൊറി തവളകൾക്ക് ശരീരം മുഴുവൻ ചൊറി പോലുള്ള കുരുക്കൾ കാണാൻ സാധിക്കും. പക്ഷേ, ഈ ചൊറി/കുരുക്കൾ മാത്രമല്ല Toads എന്ന ചൊറിത്തവളകളെ സാധാരണ തവളകളിൽ നിന്ന് വ്യതസ്തരാക്കുന്നത്. മുഖ്യമായും ചൊറിത്തവളകൾക്ക് ഒരു പരിധി വരെ വരണ്ട ആവാവസവ്യവസ്ഥകളിൽ ജീവിക്കാൻ സാധിക്കും. മറിച്ച് തവളകൾക്ക് ഈർപ്പമുള്ള ശരീരവും ആവാസവ്യവസ്ഥയും വേണം. എന്നാൽ ചില തവളകളിലും ചൊറിത്തവളകളുടേതെന്ന പോലുള്ള കുരുക്കൾ/ചൊറി നിറഞ്ഞ ശരീരം കാണുവാൻ സാധിക്കും. മുൻപൊരിക്കൽ നമ്മൾ ചൊറിയൻ പാറത്തവള എന്ന *Sallywalkerana phrynoderma* (ചൊറിത്തവളയെപ്പോലെ തൊലിയിൽ ചൊറി/കുരുക്കൾ ഉള്ള എന്നർത്ഥം വരുന്ന Phryno ചൊറിത്തവള, Derma ത്വക്ക് എന്നിവയിൽനിന്നാണ് ശാസ്ത്രനാമം നിർവ്വചിച്ചത്)യെ പരിചയപ്പെട്ടു. ഈ ലക്കം അത്തരത്തിലുള്ള, ചിലപ്പന്മാർ എന്ന് മലയാളത്തിൽ വിളിക്കുന്ന ഫെജർവേരിയ (Fejervarya) ജനുസിലെ കേരള ചിലപ്പൻ എന്ന തവളയെ പരിചയപ്പെടാം.

**സ്വതവേ നാട്ടിൻപുറങ്ങളിലും കൃഷിയിടങ്ങളിലും കാണുന്ന ഈ ജനുസ്സിലെ തവളകളിൽ ഒരു വിഭാഗം തവളകൾ കാട്ടിലും കാണപ്പെടുന്നു. വജ്രാകൃതിയിലുള്ള കൃഷ്ണമണി ഇവയുടെ ഒരു പ്രത്യേകതയാണ്.**

സ്വതവേ നാട്ടിൻപുറങ്ങളിലും കൃഷിയിടങ്ങളിലും കാണുന്ന ഈ ജനുസ്സിലെ തവളകളിൽ ഒരു വിഭാഗം തവളകൾ കാട്ടിലും കാണപ്പെടുന്നു. വജ്രാകൃതിയിലുള്ള കൃഷ്ണമണി ഇവയുടെ ഒരു പ്രത്യേകതയാണ്. ചതുപ്പ് നിലങ്ങളിലും വനപ്രദേശങ്ങളിലെ നിലങ്ങളിലും ഒക്കെ കാണുന്ന ഇവയുടെ കൈകാലുകളിൽ താരതമ്യേന അംഗുല ചർമം (webbing) കുറവായിരിക്കും. ശരീരം മുഴുവൻ കുരുക്കൾ/ചൊറി ഉള്ളത് കൊണ്ടുതന്നെ വാർട്ടി (ചൊറി) ഫ്രോഗ്സ് (Watry Frog) എന്നാണ് ഇ വിഭാഗത്തിലെ തവളകളെ സാധാരണയായി വിളിക്കുന്നത്. ഇതേ ജനുസ്സിൽ പശ്ചിമഘട്ട മലനിരകളിലെ കാടുകളിൽ അപൂർവ്വമല്ലാതെ കാണുന്നവയാണ് കേരള ചിലപ്പൻ (*Fejervarya keralensis*) എന്ന തവള.

ഇളം തവിട്ടു നിറം തുടങ്ങി, മാംസ നിറത്തിലും, ചാര നിറത്തിലും ഒക്കെ കാണുന്ന പുറം ശരീരത്തിൽ ധാരാളം കുരുക്കൾ/ചൊറി ഉണ്ട്. പലപ്പോഴും മൂക്കിനു മുകളിൽ നിന്നു തുടങ്ങി ശരീരത്തിനറ്റം വരെ നീളത്തിൽ വെളുത്ത/പിങ്ക് നിറത്തിൽ ഉള്ള പട്ട കാണാം. ശരീരത്തിനടിവശം വെളുത്ത നിറത്തിലോ ക്രീം നിറത്തിലോ ആയിരിക്കും. കണ്ണിനു പുറകിൽ നിന്നു തുടങ്ങി കണ്ണിന്റെ പകുതിയോളം വലിപ്പമുള്ള ചെവിയുടെ മുകളിലൂടെ ഇറങ്ങി ചെവി തീരുന്നിടം വരെ വരുന്ന തടിച്ചിരിക്കുന്ന തൊലിയും (Dermal Fold) ഉണ്ട്. മുതിർന്ന ആൺ തവളകളുടെ തമ്മിൽ ബന്ധമില്ലാതെ സ്ഥിതി ചെയ്യുന്ന ഇരട്ട സ്വനസഞ്ചികളുടെ കറുത്ത അടയാളങ്ങൾ കഴുത്തിനും തൊണ്ടയുടെയും ഭാഗത്തായി കാണുവാൻ സാധിക്കും. കേരള ചിലപ്പന്റെ മറ്റൊരു പ്രത്യേകത തുടയുടെയും കണങ്കാലിന്റെയും മുന്നിലും പിന്നിലും കറുപ്പിൽ മഞ്ഞ നിറത്തിലുള്ള അടയാളങ്ങളാണ്. കാലുകളിൽ കറുത്ത/കടും തവിട്ടു നിറത്തിലുള്ള അടയാളങ്ങളും ചിലപ്പോൾ കാണുവാൻ സാധിക്കും. മുൻകാലുകളിൽ തീരെ അംഗുലചർമം ഇല്ലാത്തപ്പോഴും പിൻകാലുകളിൽ ചെറിയ രീതിയിൽ അംഗുലചർമം ഉണ്ട്. ഇതവയെ ചെറിയ അരുവികളിലും കെട്ടിക്കിടക്കുന്ന വെള്ളത്തിലുമുള്ള ജീവിതത്തിനും പ്രജനനത്തിനും സഹായിക്കുന്നു. ●

Self help...
Participation...
Prosperity...

**Vegetable and Fruit Promotion Council Keralam**
Mythri Bhavan, Kakkand, Kochi - 682037
Phone : 0484 2427455, 2427560




**വിത്തുമുതൽ വിപണനം വരെ കർഷകർക്കൊപ്പം**

. ഒരു ലക്ഷത്തിലധികം പഴം - പച്ചക്കറി കർഷകർ
. കർഷകർക്കുള്ള പരിശീലന പരിപാടികൾ
. പാട്ടകർഷകരെയും ഉൾപ്പെടുത്തിയിട്ടുള്ള വായ്പ പദ്ധതിയും ഇൻഷുറൻസ് പരിരക്ഷയും
. 273 സ്വാശ്രയ കർഷക വിപണികളുടെ പിൻബലത്തോടെ സംസ്ഥാനമൊട്ടാകെ വ്യാപിച്ചിട്ടുള്ള വിപണന ശൃംഖല
. കേരളത്തിലെ ഏറ്റവും വലിയ പച്ചക്കറി വിത്തുൽപാദന ഏജൻസി.
. അത്യുൽപാദനശേഷിയും, രോഗപ്രതിരോധ ശേഷിയുമുള്ള 17 ഇനം പച്ചക്കറി വിളകളുടെ വിത്തുകൾ
. ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ISO 90012000 അംഗീകൃത വിത്ത് സംസ്കരണശാല.
. നഗര പ്രദേശങ്ങളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹരിതനഗരി, ഗ്രോബാഗ് പദ്ധതികൾ
. വിവിധയിനം ഫലവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവയുടെ തൈകളുടേയും നടീൽ വസ്തുക്കളുടേയും വൻശേഖരം.







# പരിസ്ഥിതി പ്രശ്നോത്തരി

അഞ്ചു മുതൽ പത്തുവരെയുള്ള സ്കൂൾ വിദ്യാർത്ഥികൾക്കായി പരിസ്ഥിതി വിഷയങ്ങൾ അടിസ്ഥാനമാക്കിയുള്ള ഒരു പ്രശ്നോത്തരിയാണിത്. അഞ്ചു ചോദ്യങ്ങളാണ് ഓരോ ലക്കവും ഉണ്ടായിരിക്കുക. ഉത്തരങ്ങൾ പോസ്റ്റൽ ആയോ 9495504602 എന്ന വാട്സാപ്പ് നമ്പറിലോ **koodumasika@gmail.com** എന്ന മെയിൽ ഐഡിയിലോ അയക്കാവുന്നതാണ്. ഫോൺ നമ്പറും പഠിക്കുന്ന ക്ലാസ്സും സ്കൂൾ അഡ്രസ്സും ക്വിസ് നമ്പറും ഉത്തരങ്ങളൊടോപ്പം അയക്കണം. ഒന്നിൽ കൂടുതൽ പേർ എല്ലാ ചോദ്യങ്ങൾക്കും ശരിയുത്തരങ്ങൾ അയച്ചാൽ വിജയിയെ നറുക്കിട്ടെടുക്കുന്നതാണ്. വിജയിക്ക് മൂന്നു മാസത്തെ കൂട് മാസിക ആയിരിക്കും സമ്മാനമായി ലഭിക്കുക. സമ്മാനങ്ങൾ സ്കൂൾ അഡ്രസ്സിലേക്കു മാത്രമേ അയക്കൂ. വിജയികളാകുന്നവർ സ്കൂൾ ഐഡിയുടെ കോപ്പി അയച്ചു തരേണ്ടതാണ്. ഓരോ ചോദ്യത്തിന്റെയും വിശദമായ ഉത്തരങ്ങൾ അതിനടുത്ത ലക്കത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഓരോ മാസത്തെയും ഉത്തരങ്ങൾ അതാതു മാസം 25-ആം തീയതിക്കു മുൻപേ ലഭിക്കണം. അതിനു ശേഷം ലഭിക്കുന്ന ഉത്തരങ്ങൾ മത്സരത്തിനു പരിഗണിക്കുന്നതല്ല. എഡിറ്ററുടെ തീരുമാനം അന്തിമമായിരിക്കും.

## ക്വിസ് നമ്പർ: 53

1) കേരളത്തിൽ വനഗവേഷണവുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനമേത്? എവിടെ?

2) കേരളത്തിലെ കടുവാ സങ്കേതങ്ങൾ ഏതൊക്കെ?

3) കേരളത്തിൽ ഏറ്റവും കൂടുതൽ കാടുള്ള ജില്ല?

4) കേരളത്തിൽ ഏറ്റവും കൂടുതൽ നട്ടുപിടിപ്പിച്ചിട്ടുള്ള തോട്ടങ്ങൾ (പ്ലാന്റേഷൻ) ഏതിനം?

5) കേരളത്തിലെ ഏക മയിൽസങ്കേതം എവിടെ?

## ക്വിസ് നമ്പർ: 52 ഉത്തരങ്ങൾ

1) ശാസ്താംകോട്ട കായൽ - റാംസാർ തണ്ണീർത്തടങ്ങളുടെ നിർവ്വചനത്തിൽ വരുന്നതാണ് കൊല്ലം ജില്ലയിലെ ഈ ശുദ്ധജല തടാകം.

2) മസനോബു ഫുക്കുവോക്ക - പ്രകൃതി കൃഷിയുടെ ആചാര്യനാണ് ജപ്പാൻകാരനായ ഈ പ്രകൃതിസ്നേഹി. കൊത്തും കിളയുമൊന്നുമില്ലാതെ, പ്രകൃതിയിൽ ഏറ്റവും കുറഞ്ഞ ഇടപെടലുകൾ നടത്തുന്ന കൃഷിരീതിയാണ് ഇദ്ദേഹത്തിന്റേത്. ഇന്ത്യയിൽ ഭാസ്കർ സാവെ ഇദ്ദേഹത്തിന്റെ കൃഷിരീതികൾ ഏറ്റവും ഫലപ്രദമായി നടപ്പിലാക്കിയ ആളാണ്.

3) കല്ലേൻ പൊക്കുടൻ - കണ്ടലുകൾക്കായി സ്വന്തം ജീവിതംതന്നെ ഉഴിഞ്ഞുവെച്ചയാളായിരുന്നു കണ്ണൂർക്കാരനായ കല്ലേൻ പൊക്കുടൻ. അതിന്റെ പേരിൽ അദ്ദേഹത്തിന് നിരവധി പ്രശ്നങ്ങളെ ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടി വന്നു. കണ്ടലച്ഛൻ എന്ന പേര് അദ്ദേഹത്തിന് ഏറ്റവും ഉചിതമാണ്.

4) ഭാരതപ്പുഴ - സാസ്കാരിക കേരളത്തിന്റെ ഒരു പരിച്ഛേദമാണ് നിളാനദി. യാതൊരു തത്വദീക്ഷയുമില്ലാതെ മണലെടുത്ത് മനുഷ്യൻ നശിപ്പിച്ച ഒരു പുഴയാണ് നിള. നിറഞ്ഞൊഴുകുന്ന നിള ഏവരും ഏറെ ആഹ്ലാദത്തോടെയാണ് കാണുന്നത്, വർഷങ്ങൾ കൂടുമ്പോഴേ സംഭവിക്കുന്നുള്ളൂവെങ്കിലും.

5) ഓലേഞ്ഞാലി - വലിപ്പത്തിലും ഏകദേശം ആകൃതിയിലും തത്തയെപ്പോലെ. വാലിന്റെ നീളം ഒരടിയോളം വരും. വാൽ മിക്ക സമയത്തും തുറന്നു പിടിക്കാറില്ല. കാക്കയുടെ അടുത്ത ബന്ധുവായ ഓലേഞ്ഞാലി കാക്കയെപ്പോലെ എന്തും ഭക്ഷിക്കും, പക്ഷേ, നിലത്തിറങ്ങുവാൻ മടിയുള്ളതിനാൽ മനുഷ്യൻ ഉപേക്ഷിച്ച ഭക്ഷണസാധനങ്ങളും മറ്റും അധികം തിന്നാറില്ല.

## ക്വിസ് നമ്പർ: 52 വിജയികൾ

കിട്ടിയ ഉത്തരങ്ങളിൽ ശ്രീനന്ദ പി.എ. നെയ്യാറ്റിൻകര, ജോഷ്വ ഡാർവി തൊടുപുഴ, ജെറെമിയ മാത്യു തൊടുപുഴ, ദേവിക എം.ജി. കാഞ്ഞങ്ങാട്, ഡെവിന വാസുദേവൻ പഴുവിൽ എന്നിവരുടേത് ശരിയുത്തരങ്ങളായിരുന്നു. അതിൽ നിന്നും നറുക്കിട്ടെടുത്ത തൊടുപുഴ വിമല പബ്ളിക് സ്കൂളിലെ ഒൻപതാം ക്ലാസ് വിദ്യാർത്ഥി ജോഷ്വ ഡാർവി ആണ് ഈ ലക്കത്തിലെ വിജയി.


# ഓർഡർ ഫോം

ഞാൻ കൂട് മാസികയുടെ വരിക്കാരനാകാൻ ആഗ്രഹിക്കുന്നു:

○ 1 വർഷം ₹600 ○ 2 വർഷം ₹1,150 ○ 3 വർഷം ₹1,700

○ മണിഓർഡർ ○ ഡ്രാഫ്റ്റ് ○ ചെക്ക് ○ ബാങ്ക് ട്രാൻസ്ഫർ

നമ്പർ: ..........

തീയതി: ..........

രൂപ: ..........

ബാങ്ക്: ..........

ബ്രാഞ്ച്: ..........

പേര്: ..........

മേൽവിലാസം: ..........

ജില്ല: ..........

സംസ്ഥാനം ..........

പിൻ: ..........

ഫോൺ: ..........

ഇ-മെയിൽ: ..........

**Method of Payment** Cheque/DD in favor of **Kootu Prakrithiyude Spandanam**
**Our Bank Details:** Canara Bank, Koratty, Thrissur
Current A/c No. 3480201000027 | MICR: 680015024 | IFSC: CNRB0003480
For all bank transfers, send the details to subscribekoodu@gmail.com

KOODU NATURE MAGAZINE

Koodu Magazine, Amman Kovil Road, Kottappuram,
Poothole PO, Thrissur District, Kerala 680004
Phone: +91 9495504602
E-Mail: subscribekoodu@gmail.com
www.koodumagazine.com

ഇ-മെയിലിലൂടെ വരിക്കാരാകുവാൻ ആഗ്രഹിക്കുന്നവർ അഡ്രസ്സിനോടൊപ്പം ബാങ്ക് ട്രാൻസ്ഫർ വിവരങ്ങൾ കൂടി ചേർത്ത് മെയിൽ ചെയ്യുക

With best compliments from

# India's only manufacturer of small farm equipment in Govt. sector

KAMCO



KAMCO TeraTRAC 4W Tractor



KAMCO Power Reaper KR 120



KAMCO Power Tiller ER 90/DI 120



KAMCO Garden Tiller B 30



KAMCO Brush Cutter KBC 300

KAMCO

## Kerala Agro Machinery Corporation Limited

(A Government of Kerala Undertaking)

Regd. Office: Athani - 683 585, Ernakulam Dist., Kerala State.

Tel: 0484-2474301 (5 lines). Fax: 0484-2474589. Toll Free: 1800 425 2474

E-mail: mail@kamcoindia.com, marketing@kamcoindia.com.website:www.kamcoindia.com

Registered. KL/IJK/45/2017-2019
RNI No. KERMAL/2013/52526

Published on 01/10/2017
October 2017 / ₹50/-




Printed and Published by Muraleedharan V., Veluthamessery, Cheruvaloor P.O., Thrissur 680308, on behalf of Muraleedharan V., and Printed at Nirmala HiPrint, Ayyanthole, Thrissur and published at Amman Kovil Road, Kottappuram, Poothole PO, Thrissur District, Kerala 680004. Editor: Muraleedharan V.